:2D40:1
32J2
MUL
161642

**Madras University Library.**

DOCTRINA VIM PROMOVET INSITAM

Call Number 015:2D40:1 32

Accession Number 161642

Available for loan from

This book should be returned on or before the date last marked below.

| | | | |
|---|---|---|---|
| 2 OCT 1966 | | | |
| 29 MAR 1977 | | | |

O. 61

# ഭാഷാശാകുന്തളം

UNIVERSITY LIBRARY
27 MAR 1954
MADRAS

പരിഭാഷകൻ:

ചെറുളിയിൽ കുഞ്ഞുണ്ണിനമ്പീശൻ

തിരുവേഗപ്പുറ.

C. KUNHUNNI NAMBISSAN

പ്രസാധകൻ:

പി. എം. പരമേശ്വരൻ നമ്പൂതിരി.

ഷൊറണൂർ പ്രിൻ്റിങ്ങ് വർക്സ്, ഷൊറണൂർ.

1952—1127

രണ്ടാം പതിപ്പ് കോപ്പി 1000.

പകർപ്പവകാശം പരിഭാഷകനു്.

പരിഭാഷകൻെറ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാണ്.

161642
O15:2 D40:1
3252

വില 1-14-0

27 MAR 1954
MADRAS

# അവതാരിക

ശ്രീ. ചെറുളിയിൽ കുഞ്ഞുണ്ണിനമ്പീശൻെറ ഈ ഭാഷാശാകുന്തളം നിർമ്മത്സരന്മാരായ കേരളീയസഹൃദയന്മാരുടെ മുമ്പാകെ അവതരിപ്പിക്കുന്നതിൽ എനിക്കു അതിയായ ആഹ്ലാദമുണ്ട്. കാളിദാസകൃതികളിൽ, പ്രത്യേകിച്ചും ശാകുന്തളത്തിൽ, കേരളീയകവികൾ കൈവെക്കാൻ തുടങ്ങീട്ടു കാലം കുറച്ചായി; ഇതിൻെറ ഫലമായി അരഡസനിലധികം ശാകുന്തളങ്ങൾ കൈരളിക്കു കിട്ടിക്കഴിഞ്ഞിട്ടുണ്ട്. ഇനിയും അരങ്ങത്തു വരാൻ അവസരം പാർത്തിരിക്കുന്നവ എത്രയാണെന്നു നമുക്കറിഞ്ഞുകൂടാ.

ഒരു ഗ്രന്ഥം വിവർത്തനംചെയ്യുന്നതിൻെറ മുഖ്യോദ്ദേശ്യം, മൂലകവിയെ അദ്ദേഹത്തിൻെറ വ്യക്തിത്വത്തിന്നു വിലോപം വരുത്താതെ തദ്ഭാഷാനഭിജ്ഞരായ സ്വഭാഷക്കാർക്കു പരിചയപ്പെടുത്തിക്കൊടുക്കുകയാണ്. കേരളകാളിദാസൻെറ മണിപ്രവാളശാകുന്തളവും, എ. ആർ. തമ്പുരാൻെറ മലയാളശാകുന്തളവും പുറത്തുവന്നതോടുകൂടി കേരളത്തെ സംബന്ധിച്ചിടത്തോളം, ഈ ഉദ്ദേശ്യം തികച്ചും സാധിച്ചുകഴിഞ്ഞിരിക്കുന്നു. എന്നാൽ, ശാകുന്തളവിവർത്തനങ്ങൾ ഭാഷയിൽ വീണ്ടും ഉണ്ടാകാതിരുന്നില്ല; എന്താണിതിന്നു കാരണം?

ശാകുന്തളം, വെറും രണ്ടു ചട്ടകൾക്കുള്ളിലൊതുക്കിയ ഒരു സാധാരണഗ്രന്ഥമല്ല; നിത്യനൂതനമായ ഒരു സൌന്ദര്യപ്രപഞ്ചമാണ്. മനുഷ്യനിൽ സൌന്ദര്യാസ്വാദനശീലം അവശേഷിക്കുന്നേടത്തോളം കാലം, മാനസികോപാധികളിലൂടെ ആ മനോഹരപ്രപഞ്ചത്തെ നുകരാനുള്ള തൃഷ്ണ അനിയന്ത്രിതമായിരിക്കും. ലോകത്തിൽ ഉദയാസ്തമയങ്ങളുണ്ടായിത്തുടങ്ങീട്ടു കാലം വളരെയായി. അവയു

ടെ അന്യാദൃശസൗകുമാര്യത്തിൽ സൗന്ദര്യാരാധകന്മാരുടെ ഹൃദയം ഇന്നും ആകർഷിക്കപ്പെട്ടുതന്നെവരുന്നു. ഇനിയും അതങ്ങിനെത്തന്നെ ആയിരിക്കുകയും ചെയ്യും.

വെറും ആസ്വാദനംകൊണ്ടു മാത്രം സംതൃപ്തിയടയുന്ന ഒന്നല്ല ഒരു കലാകാരന്റെ ഹൃദയം. ആയാൾക്കു താൻ ആസ്വദിച്ചതെന്തോ, അതിനെ ആ രീതിയിൽത്തന്നെ ആവിഷ്കരിക്കുകകൂടി വേണം. അതാണ് കാവ്യമർമ്മജ്ഞന്മാർ ആത്മാവിഷ്കരണമാണ് കല എന്നു പറവാൻ കാരണം. ഈ കാഴ്ചപ്പാടിൽനിന്നു നോക്കുമ്പോൾ, ശാകുന്തളവിവർത്തനമണ്ഡലത്തിലേക്ക് ഒരു പുതിയ അതിഥികൂടി പ്രവേശിപ്പാനെന്താണ് കാരണമെന്നു നാം അന്വേഷിക്കേണ്ടതായിട്ടില്ല; ആദ്യം വന്നു സ്ഥലം പിടിച്ചവരുമായി ഒരു തരതമതാചർച്ച നടത്തേണ്ട ആവശ്യവുമില്ല. അതിനാൽ ഈ കൃതിയെ അതിന്റെ സ്വന്തം വ്യക്തിത്വത്തെ മാത്രം മുൻനിർത്തി വിശകലനം ചെയ്യാനേ ഇവിടെ ഉദ്യമിക്കുന്നുള്ളൂ.

സ്വന്തനിലയിൽ ഒരു വിവർത്തകൻ എത്രതന്നെ സ്വതന്ത്രനാണെങ്കിലും, ആയാൾ അർഹിക്കുന്ന ആ സ്വാതന്ത്ര്യത്തെ അതേപടി അനുവദിച്ചുകൊടുപ്പാൻ നാം ഒരുക്കമില്ല. വിവർത്തനത്തെ സംബന്ധിച്ചേടത്തോളം നമുക്കു നമ്മുടേതായ ചില നിലപാടുകളും മാനദണ്ഡങ്ങളുമുണ്ട്. അവയെ മുൻനിർത്തിയുള്ള പരിശോധനകളിൽ വിവർത്തകന്റെ നില എത്രത്തോളം ഭദ്രമാകുന്നു, അത്രത്തോളമാണ് വിവർത്തനത്തിന്റെ വിജയം. അനുവാചകന്മാരുടെ പ്രാതിനിധ്യം വഹിക്കുന്ന വിമർശകന്മാരുടെ അളവുകോലുകൾക്കു വിലയിടിച്ചൽ തട്ടാതിരിക്കുന്നേടത്തോളംകാലം, അവയ്ക്കു അനുസരിച്ചുതന്നെവേണം തർജ്ജമചെയ്യപ്പെട്ട ഒരു കൃതിയുടെ മൂല്യം നിർണ്ണയിക്കാൻ. എന്തെല്ലാമാണ് ഈ അളവുകോലുകൾ?

ഒന്നാമതു വിവർത്തനം മൂലകൃതിയുടെ അഴകും ഉയിരും ഉൾക്കൊള്ളുന്നതാകണം; രണ്ടാമതു് അതു ഭാഷയുടെ സ്വാഭാവിക സം

സ്വാരത്തിന്നിണങ്ങിയതാകണം; മൂന്നാമത്ത് അതു ഒരു സ്വാതന്ത്ര്യകൃതിയെന്നോണം അക്ലിഷ്ടമനോഹരമായേ കഴിയൂ. പ്രകൃതത്തെസ്സംബന്ധിച്ചേടത്തോളം വിവൎത്തകൻ ഈ മൂന്നു കാൎയ്യത്തിലും വിജയിയാകണമെങ്കിൽ, ശാകുന്തളത്തിന്റെ ഭാവഗാംഭീൎയ്യം അങ്ങേത്തലവരെ സാക്ഷാൽക്കരിപ്പാൻ സാധിക്കത്തക്കവിധം സംസ്കൃതഭാഷയുടെ മൎമ്മങ്ങൾ നല്ലപോലെ മനസ്സിലാക്കിയ ഒരു തികഞ്ഞ പണ്ഡിതനാവണം; മലയാളത്തിന്റെ ചൈതന്യമറിഞ്ഞു കുറവും കുററവും കൂടാതെ ആദൎശപ്രപഞ്ചത്തെ—ശാകുന്തളകലാശില്പത്തെ—ആവാഹിച്ചെടുപ്പാൻ മതിയായ പ്രയോഗവൈദഗ്ദ്ധ്യമുള്ള ഒരൊന്നാംതരം വിമൎശകനാകണം; സൎഗ്ഗീയത തികഞ്ഞ ഒരു കലാകാരനുമാവണം. ഇവയിലേതെങ്കിലുമൊരംശം വിവൎത്തകനിൽ വേണ്ടേടത്തോളം വികസിച്ചിട്ടില്ലെങ്കിൽ, ആയാളുടെ കലാസൃഷ്ടിയിൽ കാളിദാസനുണ്ടാവില്ല.

മൂലത്തിന്റെ ചന്തവും ചൈതന്യവും കഴിയുന്നതും തൎജ്ജമയിൽ പകൎത്തിക്കാണിപ്പാൻ മി. നമ്പീശന്നു സാധിച്ചിട്ടുണ്ട്.

മേദസ്സററു മെലിഞ്ഞുപോം വയറു,ടൻ-
    കായം വരും ലാഘവാൽ;
കാണാം ക്രോധഭയങ്ങൾ ജന്തുതതിയിൻ
    ചേക്കുന്ന മാററങ്ങളും;
വില്ലാളിക്കി,ളകുംകുറിക്കു കണ കൊ-
    ള്ളിക്കുന്നതും മാനമാം;
ചൊൽവൂ വേട്ടയെയും വൃഥാ വ്യസനമെ;-
    ന്നെന്തേവമുല്ലാസദം?

വെറുമൊരു വസ്തുസ്ഥിതിയെ വിശദമാക്കുന്നതു മാത്രമാണെങ്കിലും, ഹ്രസ്വപദനിബദ്ധമായ ഇതിന്റെ മൂലം അൎത്ഥലോപം വരാതെ മലയാളത്തിലേക്കു സംക്രമിപ്പിക്കുക അത്ര എളുപ്പമല്ല.

എന്നിട്ടും അതെത്ര ഭംഗിയായിട്ടാണ് സാധിച്ചിരിക്കുന്നത്! ഇനി 'യാസ്യത്യദ്യ ശകുന്തളേതി....' എന്നു തുടങ്ങുന്ന ഭാവഗഹനമായ പദ്യത്തിന്റെ വിവൎത്തനം നോക്കുക:

*ഇപ്പോഴം പോയിടുമേ ശകുന്തളയിതോ-
ൎത്തുൽക്കണ്ഠ കൊൾവൂ മനം;
ബാഷ്പം വന്നു തടഞ്ഞു കണ്ഠമിടറീ;
നോട്ടം ജഡം ചിന്തയാൽ
ഇത്ഥമുണ്ടഴൽ കാട്ടിൽമേവുമിവനും
സ്നേഹാലഹോ! നേരിടാ-
മെത്രയ്ക്കിണ്ടൽ കുടുംബികൾക്കഴലാം
പുത്രീവിയോഗത്തിനാൽ!

ഭാവത്തിന്നിണങ്ങിയ ഇതിലെ പദബന്ധരീതി പരിശോധിക്കപ്പെടേണ്ടതുതന്നെയാണ്. വ്യാഖ്യാതാക്കളിൽ ചിലരുടെ അഭിരുചിക്കനുസരിച്ച രചിക്കപ്പെട്ട ഇതിന്റെ ഉത്തരാൎദ്ധത്തിന്റെ,

സ്നേഹത്താലിടർകൊൾവതിത്രയുമഹോ
ഞാൻ പോലുമാരണ്യകൻ,
ഖേദിപ്പൂ ഗൃഹിയെത്രതാൻ, പുതിയതാം
പുത്രീവിയോഗത്തിനാൽ

എന്ന പാഠാന്തരം കൂടുതൽ ഭാവബന്ധുരമായിട്ടുണ്ടെന്നു പ്രത്യേകം പറവാൻ. കാളിദാസന്റെ അപ്രതിമമായ കലാവൈഭവത്തിന്റെയും മനുഷ്യാത്മാവിന്റെ അപാരതയിലോളം തുരന്നു ചെല്ലാനുള്ള സാമൎത്ഥ്യത്തിന്റെയും ഉത്തമനിദൎശനങ്ങളിലൊന്നാണല്ലോ മൂലത്തിൽ 'കാൎയ്യാ സൈകതലീനഹംസമിഥുനാ' എന്നു തുടങ്ങുന്ന സുന്ദരപദ്യം.

ചെയ്ക്കേണം മാലിനീസിന്ധുവെ മണലിലെഴും
ഹംസയുഗ്മങ്ങളോടും
തൽക്കൂലേ മാനിനം ചേർന്നിയലിന ഹിമവൽ-
പ്പുണ്യപാദങ്ങളേയും
കൊമ്പിൽ ചീരങ്ങൾ തൂക്കീടിന തരുവിനെഴും
ചോട്ടിലായ് കൃഷ്ണമാനിൻ
കൊമ്പിൽത്തൻ വാമമാം കണ്ണുരസിടുമിണയേ-
യും വരയ്ക്കേണമെന്നാം.

‘ഗൌരീഗുരു’ ഹിമവാനായെങ്കിലും പ്രസ്തുത പദ്യത്തിന്റെ ഓജസ്സും നൈസർഗ്ഗികസൌന്ദര്യവും മേൽക്കാണിച്ച തർജ്ജമയിലും തടംതല്ലി നില്ക്കുന്നുണ്ടെന്നു ഭാവുകന്മാർക്കു കാണ്മാൻകഴിയും. മൂലകവിയോടുള്ള ബഹുമാനംതന്നെയാകണം വാമശബ്ദത്തെ അന്യഥാ പരത്താതിരിപ്പാൻ പ്രേരിപ്പിച്ചതു്. ഇതുപോലെ ഇനിയും കാണാം പലേടത്തും.

ഒരു കൃതി വിവർത്തനം ചെയ്യപ്പെടുമ്പോൾ അതു് ക്രമാധികം മേദസ്വിയായി മാറുന്നതു് ഭാഷയുടെ പണ്ടേയ്ക്കുപണ്ടേയുള്ള ഒരു പാരമ്പര്യമാണു്. മലയാണ്മയ്ക്കു പ്രകൃത്യാ ഉള്ള അശക്തിയും ഇതിനു കുറെയൊക്കെ കാരണമാകുന്നുണ്ടെന്നുള്ളതു ശരിതന്നെ. എങ്കിലും മൂലകവികൾ നാഴികൊണ്ടോ ഇടങ്ങഴികൊണ്ടോ അളന്നു കൂനക്കാക്കിയ പദങ്ങളെ പറകൊണ്ടു കൂമ്പിച്ചളക്കുന്ന പതിവാണു് നമുക്കുള്ളതു്. ഇതിന്റെ കലാപരമായ ന്യൂനത മൂലഗ്രന്ഥങ്ങളിലെ വ്യംഗ്യഭംഗികളധികവും ഭാഷയിൽ വാച്യങ്ങളായി മാറുകയും അങ്ങിനെ ശില്പത്തിനു ആകപ്പാടെ ഒരു ലാഘവം സംഭവിക്കുകയുമാകുന്നു. സർവ്വസാധാരണമായ ഈ ഒഴുക്കിൽപ്പെട്ടു അത്രയേറെ ഉഴലാതെ കഴിപ്പാൻ, തർജ്ജമചെയ്തു സാമാന്യം തഴക്കം നേടിയ മി. നമ്പീശന്റെ— ഇപ്പുറം സംസ്കൃതത്തിൽനിന്നു മററു ചില കാ

വ്യനാടകപ്രബന്ധങ്ങളും വിവൎത്തനം ചെയ്തിട്ടുണ്ട് — ത്തുചികതൻെറ ടത്തോടുകൂടി ശ്രമം നടത്തീട്ടുണ്ട്.

നിയമാൽമുഖമൊട്ടിയും, മുഷിഞ്ഞു
ള്ളിരുവസ്ത്രത്തൊടു മേകവേണിപൂണ്ടും
അതിനിർദ്ദയനെൻ നെടുംവിയോഗ-
വ്രതമേല്ക്കുന്നു തുലോം വിശുദ്ധശീല! (൭-൨൧)

എങ്ങനെയെന്നെഴൽ കുറയും,
കുഞ്ഞേ, നീ മുമ്പു ചെയ്തതാം ബലിയിൽ
ഉതിരിയ വരിനെല്ലു മുള-
ച്ചുടജദ്വാരത്തിൽ നില്പതായ്ക്കാൺകേ? (൪-൨൧)

എന്നിങ്ങിനെ ചെറിയ വൃത്തങ്ങളിൽ മാത്രമല്ല, വലിയ വൃത്തങ്ങളിലും ഈ ശ്രമത്തിൻെറ ഫലം വ്യക്തമായി പ്രതിബിംബിച്ചുകാണാം.

രചനാസൌഷ്ഠവവും അക്ലിഷ്ടതയും മി. നമ്പീശൻെറ കവിതകളെ പണ്ടുതന്നെ പരക്കെ സമ്മതിക്കപ്പെട്ട രണ്ടു ഗുണങ്ങളാണ്. ആ ഗുണങ്ങൾ ഈ ശാകുന്തളവിവൎത്തനത്തിലും അനുസ്യൂതമായി പ്രകാശിക്കുന്നുണ്ട്.

പരികളുടെ കുളമ്പുവരമേറ്റം ധൂളിജാലം
പരിണതരവിവൎണ്ണം പാററതൻ പാളിപോലെ
ഉരുതുരെ നിപതിപ്പൂ കൊമ്പിലെമ്പാടു മീറൻ-
മരവുരി നീർചേൻറുള്ളാശ്രമദ്രുക്കളാംതാരം. (൧-൨൯)

മുതലായ പദ്യങ്ങളിലൂടെ ഈ വസ്തുത വായനക്കാൎക്കു ബോധപ്പെടും. ഇവിടെ എടുത്തുകാണിച്ച മെച്ചങ്ങളുടെ പിന്നിൽ മറഞ്ഞുകിടക്കുന്ന സംസ്കാരവിശേഷം—സഗ്ദീയത—തന്നെയാകണം ആറാമങ്കത്തിൽ മുക്കുവനെ പ്രാകൃതഭാഷയിൽത്തന്നെ സംസാരിപ്പി

കുവാൻ കവിയെ പ്രേരിപ്പിച്ചത്. അല്ലെങ്കിൽ പ്രാകൃതവേഷധാരിയായ ഒരു കഥാപാത്രം അരങ്ങത്തു വന്നു അച്ചടിമലയാളം സംസാരിക്കുന്നതു കേൾക്കുമ്പോൾ ആർക്കാണ് അതു അസ്വാഭാവികമായി തോന്നാതിരിക്കുക?

ഗദ്യം: പദ്യംപോലെതന്നെ ആഹ്ലാദകാരിയാണല്ലോ. കാളിദാസൻെറ ഗദ്യവും. വിസ്തരത്തിൽ പദ്യങ്ങൾക്കുള്ള മെച്ചം ഗദ്യത്തിന്നുമുണ്ടെന്നു സാമാന്യമായി ചൂണ്ടിക്കാണിപ്പാനല്ലാതെ, അവയെക്കുറിച്ചു കൂടുതലായെന്തെങ്കിലും പറവാൻ ഇവിടെ സൌകര്യമില്ല.

രണ്ടുവാക്കുകൂടി: ഇതിൻെറ പ്രസാധകനായ ശ്രീ. പരമേശ്വരൻനമ്പൂതിരിയുടെ നിഷ്കളങ്കമായ ഭാഷാസ്നേഹവും സംസ്കാരപ്രേമവും ചെറുപ്പക്കാർക്ക് ഒരു മാതൃകയാകേണ്ടതാണ്. മി. നമ്പീശൻെറ സാഹിത്യവ്യവസായം ഇനിയും സാനുബന്ധമായി കാണ്മാൻ ആശിക്കുന്നു. സഹൃദയരംഗത്തിലേക്ക് പ്രവേശിക്കുന്ന ഈ നവാതിഥിക്ക സർവ്വ മംഗളങ്ങളും കൈവരുമാറാകട്ടെ.

5—12—'48,
പട്ടാമ്പി.

ഗോവിന്ദൻകുട്ടിനായർ.

27 MAR 1954
MADRAS

# ഭാഷാശാകുന്തളം

## സ്ഥാപന

ഏതാദ്യം സൃഷ്ടിചെയ്തു വിധി, സുഹുതഹവി-
സ്സേല്പതേതൊ,ന്നു ഹോതാ-
വേതോ പാരാകെനില്പു, ശ്രുതിവിഷയഗുണം,
കാലകൢപ്തത്തു യുഗ്മം,
ഏതോ നിശ്ശേഷബീജപ്രകൃതി,യുലകിതിൻ
പ്രാണനായുള്ളതാമെ-
ന്നേതാ—പ്രത്യക്ഷമെയ്യെട്ടുടയൊരു പെരുമാൾ
നിങ്ങളെക്കാത്തിടട്ടെ! ൧

നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു.)

സൂത്രധാരൻ:—(അണിയറയിലേക്കു നോക്കിയിട്ട്) ആര്യേ വേഷം കെട്ടിക്കഴിഞ്ഞുവെങ്കിൽ ഇവിടത്തോളം വരൂ.

നടി:—(പ്രവേശിച്ച്) ആര്യ, ഇതാ, ഞാൻ.

സൂത്രധാരൻ.—വിദ്വാന്മാർ വളരെയുള്ള സദസ്സാണിത്; ഇന്ന് നാം കാളിദാസവിരചിതമായ പുതിയ നാടകമാണ് അഭിനയിക്കേണ്ടത് അതിനാൽ ഓരോ വേഷത്തിലും മനസ്സിരുത്തണം.

നടി:—ആര്യന്ന് അഭിനയഗുണം നല്ലവണ്ണമുള്ളതിനാൽ ഒന്നിനും തരക്കേടുവരികയില്ല.

സൂത്രധാരൻ:—ഇരിയ്ക്കട്ടെ; നിന്നോട്ട ഞാൻ പരമാൎത്ഥം പറയാം:—

ബുധർ പരിതോഷിപ്പോളം
ശരിവെയ്ക്കാ ഞാൻ പ്രയോഗവിജ്ഞാനം;
നന്നായ്പ്പയററിയോക്കും
തോന്നാ ചേതസ്സിലാത്മവിശ്വാസം. ൨

നടി:—ശരിയാണ്. ഇനി ചെയ്യേണ്ടത് ആൎയ്യൻ ആജ്ഞാപിച്ചാലും.

സൂത്രധാരൻ:—മറെറന്താണ്? ഈ സദസ്സിന്റെ കണ്ണിന്നാനന്ദം കൊടുപ്പാൻ, ആരംഭിച്ചിട്ട് ഏറെയായിട്ടില്ലാത്ത ഈ അനുഭവയോഗ്യമായ വേനൽക്കാലത്തെക്കുറിച്ചുതന്നെ കുറഞ്ഞൊന്നു പാടുക. ഇപ്പോൾ,

പെരിയസുഖം നീരാടാൻ;
പാടല സൌരഭ്യമാൎന്ന വനവായു;
പരിചൊട്ട തണലിലുറങ്ങാം;
പരിണതി രമ്യങ്ങൾ ദിവസങ്ങൾ! ൩

നടി:—അങ്ങിനെതന്നെ. (പാടുന്നു.)

കമനികൾ കനിവൊട്ട ചെവിമേ-
ലണിവൂ, മൃദുകേസരാഞ്ചലമിണങ്ങി,
ഒട്ടൊട്ടളികൾ മുകൎന്നഴ-
കൊഴുകും നെന്മേനിവാകമലരുകളെ. ൪

സൂത്രധാരൻ:—ആൎയ്യേ, പാട്ടുനന്നായി. അമ്പോ, മനസ്സു രാഗത്തിൽ ലയിയ്ക്കുകയാൽ അരങ്ങാകെ ചിത്രത്തിലെഴുതി

യതുപോലെയായി. ഇനി നാം ഏതൊരു നാടകം ആടിയിട്ടാണ് ഇവരെ രസിപ്പിയ്ക്കേണ്ടത്?

നടി:—ആര്യൻ മുമ്പുതന്നെ ആജ്ഞാപിയ്ക്കുയുണ്ടായല്ലോ, അഭിജ്ഞാനശാകുന്തളമെന്ന പുതിയ നാടകമാണ് അഭിനയിയ്ക്കേണ്ടതെന്ന്.

സൂത്രധാരൻ:—ആര്യേ, ഓർമ്മപ്പെടുത്തിയതു നന്നായി. ഈ ക്ഷണത്തിൽ ഞാനതു മറന്നുപോയി.

ഹാരിയാം നിന്റെ ഗീതത്താൽ
പ്രസഭം ഹൃതനായി ഞാൻ:

(ചെവിയോർത്തിട്ട്)

മണ്ടുന്ന മാനിനാലിങ്ങീ-
മന്നൻ ദുഷ്ഷന്തനെന്നപോൽ. ൫

(രണ്ടുപേരും പോയി)

സ്ഥാപന കഴിഞ്ഞു.

# ഒന്നാമങ്കം

(അനന്തരം തേരിൽ കയറി കയ്യിൽ വില്ലുമായി മാനിനെപ്പിന്തുട രുന്ന രാജാവും സൂതനും പ്രവേശിക്കുന്നു.)

സൂതൻ:—(രാജാവിനേയും മാനിനേയും നോക്കിയിട്ട്) തിരുമേനി,

മാനിലും കുലവില്ലേന്തും
നിങ്കലും കണ്ണയയ്ക്കവേ
കാണുമിതോ നേക്കു ഞാൻ മാനിൻ-
പിമ്പെച്ചെല്ലും പിനാകിയെ! ൩

രാജാ:—സൂതാ, ഈ മാൻ നമ്മെ ദൂരത്തേയ്ക്കു കൊണ്ടുപോന്നുകളഞ്ഞു. ഇത് ഇപ്പോഴും,

പേർത്തും ചേലിൽച്ചെരിയ്ക്കും ഗളമൊടുപിറകെ-
ച്ചെന്നിടും തേരിൽ നോട്ടം
ചേർത്തും, പിന്നെയ്യുമല്പം ശരപതനഭയാൽ
മുന്നുടമ്പിൽച്ചുളിച്ചും,
ആലസ്യാൽ വാ പിളർക്കെപ്പതിഃ പകുതിചവ-
ച്ചുന്ന പുൽ ചിന്നിയും കാ-
ൺകെ,ലും ചാട്ടത്തിനാലേ ദിവി പെരുതിളമേൽ
ച്ചെറവുമായ് പാഞ്ഞിടുന്നു. ൧

സൂതൻ:—നിലം നിരന്നതല്ലെന്നുവെച്ച് അടിയൻ കടിഞ്ഞാൺ മുറുകെപ്പിടിച്ചു പള്ളിത്തേരിന്റെ വേഗം കുറച്ചു;

അതുകൊണ്ടാണ് ഈ മാൻ ദൂരത്തായിപ്പോയത്. ഇപ്പോ ഠം സമഭൂമിയിലെത്തിയതിനാൽ തിരുമേനിക്കു് ദുഷ്പ്രാപമാകയില്ല.

രാജാ:—എന്നാൽ കടിഞ്ഞാണ് അയച്ചുവിടുക.

സൂതൻ:—എറാൻ (രഥവേഗം നടിച്ച്) തിരുമേനി, തൃക്കൺപാൎക്കുക, തൃക്കൺപാൎക്കുക!

വാർതാവും കടിഞ്ഞാണയച്ചളവു മു-
ന്നെയ്യെത്രയും നീണ്ടു,ന-
ഞ്ഞാതായ്കണ്ണുയൎത്തി നിശ്ചലിതമാം
വെൺചാമരത്തുമ്പുമായ്,
മുററും തങ്ങളുയൎത്തിടുന്ന പൊടിപോ-
ലും ചെന്നുചേരാതിതാ,
ചെററും മാൻകുതിയെപ്പൊറാത്ത നിലയിൽ
പ്പായുന്നു തേർവാജികൾ. വൃ

രാജാ:—ശരി; സൂൎയ്യാശ്വങ്ങളെക്കാൾ മേലെയായിരിക്കുന്നു കുതിരകൾ! എന്തെന്നാൽ,

ഏതോ കാണുന്നനേരം ചെറുതതു വലുതാ-
യിട്ടുതീരുന്നു പാരം,-
തേതോ വിച്ഛിന്നമായീ നടുവിലതു തൊട്ടു-
ത്തേച്ചതിൻമട്ടിരിപ്പൂ,
ഏതോ ജാത്യാ വളഞ്ഞിട്ടെഴുവതൃജുവായ്
ത്തോന്നിടുന്നുണ്ടു,നിക്കി-
ങ്ങേതൊന്നും തേൎത്തിപ്പാൽ നിമിഷവുമകല-
ത്തില്ല, ചാരത്തുമില്ലാ.

സൂതൻ:—തിരുമേനി, ഇവിടത്തെയും ശരലക്ഷ്യമായ ഈ കൃഷ്ണമൃഗത്തിന്റെയും ഇടയിൽ തപസ്വികൾ വന്നു നില്ക്കുന്നു.

രാജാ:—(സസംഭ്രമം) എന്നാൽ കുതിരകളെ നിറുത്തുക.

സൂതൻ:—ഏറാൻ (തേർ നിറുത്തുന്നു)

(അനന്തരം രണ്ടു ശിഷ്യരോടുകൂടി
ഒരു വൈഖാനസൻ പ്രവേശിക്കുന്നു.)

വൈഖാനസൻ:—(കയ്യുയർത്തിക്കൊണ്ട്) രാജാവേ, ആശ്രമമൃഗമാണിത്. കൊല്ലരുത്, കൊല്ലരുത്!

അതിനാൽ പിൻവലിച്ചാലും
തൊടുത്തീടിന സായകം.
അസ്ത്രം നിങ്ങൾക്കാർത്തരക്ഷ-
യ്ക്കു, യ്യുവാനല്ലദോഷരിൽ. ൧൦

രാജാ:—ഇതാ, പിൻവലിച്ചു. (അങ്ങിനെ ചെയ്യുന്നു.)

വൈഖാനസൻ:—പൂരുവംശജനാമങ്ങ-
യ്ക്കിതു ചേർന്നതുതാൻ തുലോം;
ലഭിയ്ക്കുകേവം ഗുണനായ്
സമ്രാട്ടാം പുത്രനെബ്ഭവാൻ! ൧൧

ശിഷ്യർ.—(കയ്യുയർത്തിക്കൊണ്ട്) സമ്രാട്ടായ പുത്രനെ ലഭിയ്ക്കട്ടെ!

രാജാ:—(വന്ദനത്തോടെ) ആശീർവ്വാദം സ്വീകരിച്ചു.

വൈഖാനസൻ:—രാജാവേ, ചമത കൊണ്ടുവരാൻ പുറപ്പെട്ടുവരാണ് ഞങ്ങൾ. ഇതാ, മാലിനിയുടെ വക്കത്ത്, കുലപതി കണ്വമഹർഷിയുടെ ആശ്രമം കാണുന്നു. മററു കാര്യങ്ങൾക്ക് തകരാറൊന്നും വരാനില്ലെങ്കിൽ അവിടെച്ചെന്ന് അതിഥിസൽക്കാരം സ്വീകരിക്കണം; അത്രമാത്രമല്ല,

മുനിമാരുടെ നിർവ്വിഘ്നം
രമണീയം കർമ്മനികരമിക്കണ്ടിട്ടേ
അറിയാം ദൃഢം, ഞാൺവടുവു-
ള്ളൊരു തൻകയ്യെത്ര കാപ്പതുണ്ടെന്നായ്. ൧൨

രാജാ:—കുലപതി ഇവിടെയുണ്ടോ?

വൈഖാനസൻ:—ഇപ്പോൾത്തന്നെ, മകൾ ശകുന്തളയെ അതിഥിസൽക്കാരത്തിനേല്പിച്ച് അവളുടെ ഗ്രഹപ്പിഴശ്ശ ശാന്തിചെയ്വാൻ സോമതീർത്ഥത്തിലേയ്ക്കു പോയി.

രാജാ:—ആകട്ടെ, അവളെക്കാണാം; അവൾ എന്റെ ഭക്തിയെ മഹർഷിയോടറിയിക്കുമല്ലോ.

വൈഖാനസൻ:—എന്നാൽ ഞങ്ങൾ പോകട്ടെ.

(ശിഷ്യരോടുകൂടി പോയി)

രാജാ:—സൂതാ, കുതിരകളെ തെളിക്കൂ; പുണ്യാശ്രമം ദർശിച്ച് ആത്മശുദ്ധി വരുത്തട്ടെ.

സൂതൻ:—എറാൻ (പിന്നെയും രഥവേഗം നടിക്കുന്നു.)

രാജാ:—(ചുററും നോക്കിയിട്ട്) സൂതാ, പറഞ്ഞില്ലെങ്കിൽ തന്നെ അറിയാം, ഇതു തപോവനപ്രദേശമാണെന്ന്.

സൂതൻ:—അതെങ്ങിനെ തിരുമേനി?

രാജാ:—താൻ കാണുന്നില്ലേ? ഇവിടെ,

തത്തപ്പൊത്തുകളൂടതിന്ന വരിനെ-
ല്ലേററം മരച്ചോട്ടിലു;-
ണ്ടോടൽക്കായ ചതച്ച പാറചിലത-
ത്യന്തം, മെഴുക്കേറെറതാം;
വിശ്വാസാൽഗ്ഗതിഭിന്നിയാതൊലി പൊറു-
ത്തീടുന്നു മാനിൻഗണം;
വല്ക്കാന്തക്ഷരിതാംബുരേഖയുമിതാ,
തോയാശയാദ്ധ്വാക്കളിൽ! ൧൩

സൂതൻ:—എല്ലാം ശരിതന്നെ.

രാജാ:—(കുറച്ചു ദൂരം ചെന്നിട്ട്) സൂതാ, തപോവനവാസികൾക്ക് ഉപദ്രവമുണ്ടാകരുത്. അതിനാൽ തേര് ഇവിടെത്തന്നെ നിർത്തുക. ഞാൻ ഇറങ്ങാം.

സൂതൻ:—കടിഞ്ഞാൺ പിടിച്ചിരിക്കുന്നു; തിരുമേനിയ്ക്കിറങ്ങാം.

രാജാ:—(ഇറങ്ങിയിട്ട്) വേഷാഡംബരം കൂടാതെയാണല്ലോ, തപോവനങ്ങളിൽ ചെല്ലേണ്ടത്. ഇതു വാങ്ങിക്കൊൾക. (സൂതന്റെ കയ്യിൽ വില്ലും ആഭരണങ്ങളും കൊടുത്ത്) ഞാൻ ആശ്രമവാസികളെക്കണ്ടു മടങ്ങിവരുമ്പോഴേയ്ക്കും കുതിരകളെ നനച്ചുകൊള്ളുക.

(പോയി.)

സൂതൻ:—ഏറാൻ.

രാജാ.—(ചുററിനടന്നിട്ട്) ഇതാ, ആശ്രമത്തിന്റെ പടി; കടക്കുകതന്നെ. (കടന്നു നിമിത്തം സൂചിപ്പിച്ച്)

ഇശ്ശാശ്രമമതിശാന്തം
കയ്യോ വിറയ്ക്കയല്ലിതിങ്ങു ഫലമെന്താം?
അല്ലെങ്കിൽദ്ദൈവേച്ഛ-
ക്കെല്ലാടത്തും തുറന്നവഴിതന്നേ! ൧൪

(അണിയറയിൽ)

തോഴിമാരേ, ഇതിലേ, ഇങ്ങോട്ട്.

രാജാ.—(ചെവിയോർത്തിട്ട്) ഏയ്, മരത്തോപ്പിന്റെ തെക്കുപുറത്തുനിന്ന് സംസാരം കേൾക്കുന്നതായിത്തോന്നുന്നു. അങ്ങോട്ടുപോവാം. (ചുററിനടന്നു നോക്കിയിട്ട്) ഇതാ, തപസ്വികന്യകമാർ അവരവരുടെ പ്രായത്തിന്നൊത്ത തണ്ണീർക്കുടങ്ങളെടുത്തു തൈമരങ്ങളെ നനക്കുവാൻ ഇങ്ങോട്ടുതന്നെ വരുന്നു. (ഉററുനോക്കിയിട്ട്) അയ്യ, മധുരംതന്നെ ഇവരുടെ ദർശനം!

അന്തഃപുരദുർല്ലഭമീ
വടിവാശ്രമവാസികൾക്കു വരുമെങ്കിൽ,
ഉപവനലതകളെ നിജഗുണ-
മഹിമാവാൽ പേർത്തകററി വനലതകൾ. ൧൫

ഈ തണലത്തുനിന്നു നോക്കാം. (നോക്കിക്കൊണ്ടു നില്ക്കുന്നു.

(പറഞ്ഞതിൻവണ്ണം ശകുന്തള
രണ്ടു സഖിമാരോടുകൂടി പ്രവേശിക്കുന്നു.)

ശകുന്തള:—തോഴിമാരേ, ഇതിലെ ഇങ്ങോട്ട്.

ഒരുവൾ:—ശകുന്തളേ, താതകാശ്യപന്ന് നിന്നേക്കാൾ ആശ്രമവൃക്ഷങ്ങളെയാണ് ഏറെ സ്നേഹമെന്നു തോന്നുന്നു. പിച്ചകപ്പൂപ്പോലെ കോമളയായ നിന്നേയുംകൂടി ഇവയുടെ തടം നിറപ്പാൻ ഉപയോഗിച്ചുവല്ലോ!

ശകുന്തള:—പ്രിയംവദേ, അപ്പന്റെ നിയോഗംകൊണ്ടുതന്നെയല്ല, എനിക്കും ഇവയോടു സഹോദരസ്നേഹമുണ്ട്.

(വൃക്ഷങ്ങളെ നനയ്ക്കുന്നു.)

രാജാ:—(നോക്കിയിട്ട്) ഇവളാണോ ആ കണ്വപുത്രി? ഔചിത്യം നോക്കുന്നില്ലതന്നെ കാശ്യപൻ തിരുവടി; അദ്ദേഹം ഇവളെ ആശ്രമധർമ്മത്തിന്നു നിയോഗിച്ചുകളഞ്ഞുവല്ലോ!

കൃതകേതരകാന്തിയിശ്ശരീരം
വ്രതചര്യയ്ക്കു വിധിച്ചൊരാത്തപസ്വി,
അസിതോല്പലപത്രധാരയാലേ
ചമതക്കോലു മുറിക്കുവാനൊരുങ്ങും! ഹന്ത

ആകട്ടെ, മരങ്ങൾക്കിടയിൽ മറഞ്ഞുനിന്നുതന്നെ ഇവളെ സ്വൈരമായി നോക്കിക്കാണാം. (അങ്ങിനെ ചെയ്യുന്നു)

ശകുന്തള:—അനസൂയേ, പ്രിയംവദ ഈ മാർമരവുരി വല്ലാതെ വലിച്ചുമുറുക്കിക്കെട്ടിയിട്ട് എന്നെ അനങ്ങാൻ വയ്യാതാക്കിയിരിയ്ക്കുന്നു. ഇതൊന്നയച്ചുതരു.

(അനസൂയ അയച്ചുകെട്ടുന്നു.)

പ്രിയംവദ.—ഇതിൽ നിന്റെ മുലകളെ ക്ഷണംതോറും വലുതാക്കുന്ന സ്വന്തം യൌവനത്തെയാണ് ശകാരിയ്ക്കേണ്ടത്.

രാജാ:—ഇവളുടെ പ്രായത്തിന്നു ചേർന്നതല്ല മരവുരി; എങ്കിലും അലങ്കാരഭംഗി വളർത്താതേയില്ല; എങ്ങിനെയെന്നാൽ,

* സരസിജമഭിരാമം പായലാൽച്ചുററിയാലും;
ഹിമകരനു കറുത്തുള്ളങ്കവും ശ്രീ വളർപ്പൂ;
പരമരുചിരയാണിത്തന്വി വല്കം ധരിച്ചും;
മധുരിമതിരളും മെയ്ക്കെന്തലങ്കാരമല്ലാ? ൧൮

ശകുന്തള:—(മുന്നോട്ടുനോക്കിയിട്ട്) ഇതാ, ഈ ഇലഞ്ഞിമരം കാററത്തിളകുന്ന തളിർവിരലുകൾകൊണ്ട് എന്നെ തെരുതെരെ മാടിവിളിയ്ക്കുന്നതായിത്തോന്നുന്നു. ഞാൻ അങ്ങോട്ടു ചെല്ലട്ടെ.

(ചുററിനടക്കുന്നു.)

---

* പാഠാന്തരം:—ചെന്താമരയ്ക്കുഴകെഴുന്നിതു പായൽചേർന്നും;
തിങ്കൾക്കിരുണ്ടൊരു കളങ്കവുമാഭചേർപ്പൂ;
ചന്തം തുലോമതുലവു വല്കവുമീവരാംഗി,—
യ്ക്കെന്തൊന്നു നല്ല വടിവിന്നണിയാകയില്ലാ. ൧൮

പ്രിയംവദ:—ശകുന്തളേ, ഇത്തിരിനേരം അവിടെത്തന്നെ നില്ക്കു; നീ അടുത്തുനില്ക്കുമ്പോൾ ഈ ഇലഞ്ഞിമരം ഒരു വള്ളി പടൎന്നതുപോലെ ശോഭിക്കുന്നു.

ശകുന്തള:—ഇതുകൊണ്ടുതന്നെയാണല്ലോ നീ പ്രിയംവദയായതു്.

രാജാ:—പ്രിയമാണെങ്കിലും നേരാണു് പ്രിയംവദ പറഞ്ഞതു്. ഇവളുടെ,

അധരം ചെന്തളിർപോലെ;
മൃദുവാം ചില്ലയ്ക്കു തുല്യമാം കൈകൾ;
മലർപോലങ്ഗംതോറും
മനോജ്ഞമാം യൌവനം തഴയ്ക്കുന്നു! ഫവ്യ

അനസൂയ:—ഇതാ, തേന്മാവിന്റെ സ്വയംവരവധുവും നീ വനജ്യോത്സ്ന എന്നു പേരിട്ടിരിക്കുന്നതുമായ പിച്ചകവള്ളി. ഇതിനെ നീ മറന്നുവോ?

ശകുന്തള:—എന്നാൽ ഞാൻ എന്നെയും മറന്നേക്കും. (ലതയുടെ അടുത്തുചെന്നു നോക്കിയിട്ടു്) രമണീയമായ മുഹൂൎത്തത്തിലാണു് ഈ പാദപദമ്പതികളുടെ വേഴ്ച; വനജ്യോത്സ്ന നവപുഷ്പോൽഗമത്താൽ യൌവനവതിയും തേന്മാവു ഫലസമൃദ്ധിയാൽ അനുഭവയോഗ്യവുമായിരിക്കുന്നു.

(നോക്കിക്കൊണ്ടു നില്ക്കുന്നു.)

പ്രിയംവദ:—(പുഞ്ചിരിക്കൊണ്ടിട്ടു്) അനസൂയേ, നിനക്കു മനസ്സിലായോ, ശകുന്തള വനജ്യോത്സ്നയെ ഇത്ര നോക്കുന്നതെന്താണെന്നു്?

അനസൂയ:—മനസ്സിലായില്ലല്ലോ; പറയൂ,

പ്രിയംവദ.—'വനജ്യോത്സ്ന തനിക്കൊത്ത വൃക്ഷത്തോടു ചേർന്നതുപോലെ എനിക്കും അനുരൂപനായ വരനെക്കിട്ടുമോ' എന്നാണ്.

ശകുന്തള:—ഇതു നിന്റെ ഉള്ളിലുള്ള മോഹമാണ്.

(നനയ്ക്കുന്നു.)

രാജാ:—ഇവൾ കുലപതിയുടെ വിജാതീയസ്ത്രീയിൽ പിറന്നവളാവുമെങ്കിൽ! അഥവാ,

കില്ലില്ല, രാജന്യ പരിഗ്രഹാർഹയീ-
നല്ലാർ, മമാര്യംമിനമത്ര ചെൽകയാൽ:
നല്ലാളുകൾക്കുള്ളിലെഴുന്ന തോന്നലാ-
ണല്ലോ പ്രമാണം നിജ സംശയങ്ങളിൽ. ൧൯

എന്നാലും ഇവളുടെ പരമാർത്ഥം അറിയണം.

ശകുന്തള:—(സസംഭ്രമം) ഇതാ, വെള്ളമൊഴിച്ചപ്പോൾ പരിഭ്രമിച്ച ഒരു വണ്ട് പിച്ചകവള്ളിയെ വിട്ട് എന്റെ മുഖത്തേയ്ക്കു പറന്നുവരുന്നു.

(വണ്ടിനെക്കൊണ്ടുള്ള ഉപദ്രവം നടിക്കുന്നു.)

രാജാ:—(സാഭിലാഷം)

ചലൽക്കൺകോണേല്പം; പലവുരു തൊട്ടു,-
ന്നു വിറയ്ക്കുന്ന ഗാത്രം;
രഹസ്യം ചൊല്ലുമ്പോൽച്ചെവിയിൽ മൃദുഘോഷം
മൂളി മന്ത്രിച്ചിടുന്നു;
കരത്താൽ തട്ടുമ്പോൾ രതിനിധിയിളം-
ചുണ്ടണഞ്ഞാസ്വദിപ്പൂ;—
ചതിപ്പെട്ടു നേർ തേടിട്ടുമളവിൽ നാം
ഭൃംഗ, നീ താൻ കൃതാർത്ഥൻ! ൨൦

ശകുന്തള:—രക്ഷിയ്ക്കണേ, തോഴിമാരേ! ഈ പോക്കിരി എന്നെ ഉപദ്രവിയ്ക്കുന്നു.

സഖിമാർ:—(പുഞ്ചിരിയിട്ട്) ഞങ്ങളാരാണ് രക്ഷിയ്ക്കാൻ? ദുഷ്ഷന്തനെ വിളിച്ചു നിലവിളിയ്ക്കു: രാജാവാണല്ലോ തപോവനങ്ങളെ രക്ഷിയ്ക്കേണ്ടത്.

രാജാ:—ഇതാണവസരം നേരിട്ടു ചെല്ലുവാൻ. ആരാണവിടെ?—(എന്നു പകുതി പറഞ്ഞ്) രാജത്വം വെളിപ്പെട്ടുമല്ലോ. ആകട്ടെ, ഇങ്ങിനെ പറയാം.

ശകുന്തള.—ഈ ദുഷ്ടൻ വിട്ടുപോകുന്നില്ല; ഞാൻതന്നെ മറെറാരേടത്തേയ്ക്കു പോയ്ക്കളയാം. (മാറിനിന്നു കണ്ണെറിഞ്ഞിട്ട്) ഏ്യ! ഇങ്ങോട്ടും എന്നെ പിന്തുടരുന്നു!

രാജാ:—(സസംഭ്രമം അടുത്തുചെന്ന്)

ആരിവ,നരുപോക്കിരികളെ
നേരായ്ശ്ശിക്ഷിച്ചു പൌരവൻ വാഴ്കെ,
മുററും വെറിമ തുടർന്നൂ
മുഗ്ദ്ധകളാം മുനികുമാരികളിൽ. ൨൧

(എല്ലാവരും രാജാവിനെക്കണ്ടു കുറഞ്ഞൊന്നു അമ്പരക്കുന്നു.)

അനസൂയ.—ആര്യ, അത്യാപത്തൊന്നുമില്ല; ഞങ്ങളുടെ ഈ ഉററ തോഴി ഒരു വണ്ടിന്റെ ഉപദ്രവം കൊണ്ടു തെല്ലൊന്നു പേടിച്ചുപോയി. (ശകുന്തളയെ ചൂണ്ടിക്കാണിയ്ക്കുന്നു)

രാജാ:—(ശകുന്തളയുടെ നേരെ നോക്കിയിട്ട്) തപസ്സ് അഭിവൃദ്ധിപ്പെട്ടുവരുന്നുവോ?

(ശകുന്തള സാധ്വസത്താൽ മിണ്ടാതെ നില്ക്കുന്നു.)

അനസൂയ:—ഇന്നു നല്ല അതിഥിയെ കിട്ടിയതുകൊണ്ടു്; ശകുന്തളേ, പർണ്ണശാലയിൽ ചെന്നു് ഫലങ്ങളും അർഘ്യവും കൊണ്ടുവരൂ. പാദ്യത്തിനു് ഈ വെള്ളമാവാം.

രാജാ:—ഇരിക്കട്ടെ, നിങ്ങളുടെ നല്ല വാക്കുകൾതന്നെ ആതിഥ്യം ചെയ്യപ്പെട്ടുകഴിഞ്ഞു.

പ്രിയംവദ:—എന്നാൽ, ആര്യൻ നല്ല തണലും കുളിർമയുമുള്ള ഈ ഏഴിലാംപാലത്തറയിന്മേലിരുന്നു വിശ്രമിച്ചാലും.

രാജാ:—നിങ്ങളും ഈ പ്രവൃത്തികൊണ്ടു ക്ഷീണിച്ചിരിക്കുന്നുവല്ലോ.

അനസൂയ:—ശകുന്തളേ, നാം അതിഥികളെ പരിചരിക്കേണ്ടതാണല്ലോ. അതിനാൽ നമുക്കും ഇവിടെ ഇരിക്കാം.

(എല്ലാവരും ഇരിക്കുന്നു.)

ശകുന്തള:—(ആത്മഗതം) എന്താണ് ഇദ്ദേഹത്തെ കണ്ടിട്ടു തപോവനത്തിന്നു ചേരാത്ത ഒരു വികാരം എന്നിൽ കടന്നുകൂടുന്നതു്?

രാജാ:—(എല്ലാവരെയും നോക്കിയിട്ട്) എയ്, പ്രായത്തിന്റെയും രൂപത്തിന്റെയും പൊരുത്തംകൊണ്ടു് രമണീയമായിരിക്കുന്ന നിങ്ങളുടെ സൌഹാർദ്ദം!

പ്രിയംവദ:—(സ്വകാര്യം) അനസൂയേ, ഇദ്ദേഹം ആരാണാവോ? അഴകും അന്തസ്സുമുള്ള ആകൃതി; മധുരവും പ്രിയവുമായ സംസാരം; പ്രഭുവെങ്കിലും ദാക്ഷിണ്യവും കാട്ടുന്നുണ്ട്!

അനസൂയ:—എനിയ്ക്കും അറിയാനാഗ്രഹമുണ്ട്. ഞാനിദ്ദേഹത്തോടു ചോദിക്കാം. (പ്രകാശം) ആര്യന്റെ മധുരമായ സംഭാഷണത്താലുണ്ടായ വിശ്വാസം എന്നെക്കൊണ്ടു ചോദിപ്പിയ്ക്കുകയാണ്: ഏതൊരു രാജർഷിവംശത്തെയാണ് ആര്യൻ അലങ്കരിക്കുന്നത്? ഏതൊരു നാട്ടുകാരെയാണ് ആര്യന്റെ വേർപാട് ഉൽക്കണ്ഠപ്പെടുത്തുന്നത്? എന്തിനാണ് ഈ സുകുമാരമായ ശരീരത്തെ തപോവനസഞ്ചാരത്താൽ ക്ലേശിപ്പിയ്ക്കുന്നത്?

ശകുന്തള:—(ആത്മഗതം) മനസ്സേ, പരിഭ്രമിക്കേണ്ട; നീ വിചാരിച്ചതുതന്നെ ഇതാ അനസൂയ ചോദിയ്ക്കുന്നു.

രാജാ:—(ആത്മഗതം) എങ്ങിനെയാണിപ്പോൾ ഞാൻ എന്നെ അറിയിയ്ക്കുക? എങ്ങിനെയാണ് അറിയിയ്ക്കാതിരിയ്ക്കുക? ആകട്ടെ, ഇങ്ങിനെ പറയാം. (പ്രകാശം) ഭദ്രേ, പൌരവനായ രാജാവിനാൽ ധർമ്മാധികാരത്തിൽ നിയോഗിയ്ക്കപ്പെട്ടവനാണ് ഞാൻ. ആശ്രമവാസികളുടെ ക്രിയകൾ മുടക്കംകൂടാതെ നടക്കുന്നുണ്ടോ എന്നറിയാൻ വേണ്ടിയാണ് ഈ തപോവനത്തിൽ വന്നിരിയ്ക്കുന്നത്.

അനസൂയ:—ഇപ്പോൾ സനാഥരായി ധർമ്മചാരികൾ!

(ശകുന്തള ശൃംഗാരലജ്ജ നടിയ്ക്കുന്നു.)

സഖിമാർ:—(രണ്ടുപേരുടേയും ഭാവം കണ്ടിട്ട് സ്വകാര്യം) ശകുന്തളേ, അച്ഛൻ ഇപ്പോഴും ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ!

ശകുന്തള:—(കോപത്തോടെ) എന്നാലെന്താണ്?

സഖിമാർ:—ജീവിതസർവ്വസ്വംകൊണ്ടും ഈ അതിഥിയെ കൃതാർത്ഥനാക്കുമായിരുന്നു!

ശകുന്തള:—കടന്നുപോവിൻ. നിങ്ങൾ എന്തോ ഒന്ന് ഉള്ളിൽവെച്ചു സംസാരിക്കുകയാണ്. എനിയ്ക്കു കേൾക്കണ്ട നിങ്ങളുടെ വാക്ക്.

രാജാ:—ഞാനും നിങ്ങളുടെ സഖിയെപ്പററി ഒന്നു ചോദിച്ചുകൊള്ളട്ടെ?

സഖിമാർ:—ആര്യ്യ, ഈ അഭ്യർത്ഥന ഒരനുഗ്രഹമാണ്.

രാജാ:—ഭഗവാൻ കാശ്യപൻ നിത്യബ്രഹ്മചാരിയാണെന്നു പ്രസിദ്ധമാണല്ലോ; നിങ്ങളുടെ ഈ തോഴി അദ്ദേഹത്തിൻെറ മകളുമാണ്. ഇതെങ്ങിനെ?

അനസൂയ:—ആര്യ്യൻ കേട്ടാലും: കൌശികൻ എന്നു ഗോത്രപ്പേരുള്ള മഹാനുഭാവനായ ഒരു രാജർഷിയുണ്ട്.

രാജാ:—ഉണ്ട്, കേട്ടിട്ടുണ്ട്.

അനസൂയ:—അദ്ദേഹത്തിന്നു ജനിച്ചവളാണ് ഞങ്ങളുടെ ഉററ തോഴി. അദ്ദേഹം കൈവെടിഞ്ഞതിന്നുശേഷം എടുത്തു വളർത്തുക മുതലായതിനാലാണ് താതകാശ്യപൻ ഇവളുടെ അച്ഛനായത്.

രാജാ:—കൈവെടിഞ്ഞു എന്നു കേട്ടതിൽ എനിക്കു് കൌതുകം തോന്നുന്നു; ആദ്യം മുതല്ക്കുതന്നെ കേട്ടാൽ കൊള്ളാം.

അനസൂയ:---ആര്യൻ കേട്ടുകൊള്ളുക: പണ്ടു് ആ രാജർഷി കഠിനമായി തപസ്സു ചെയ്തുകൊണ്ടിരിക്കേ, ദേവകൾ ശങ്കിച്ചു തപസ്സു മുടക്കാൻ മേനക എന്ന അപ്സരസ്ത്രീയെ പറഞ്ഞയച്ചു.

രാജാ:---ശരി, മററുള്ളവരുടെ തപസ്സിൽ ശങ്കിക്കുക ദേവകളുടെ സ്വഭാവമാണല്ലോ.

അനസൂയ: --അനന്തരം നല്ല വസന്താരംഭത്തിൽ മനം മദിപ്പിക്കുന്ന അവളുടെ രൂപം കണ്ടിട്ടു്—

(അർദ്ധോക്തിയിൽ ലജ്ജകൊണ്ടു നിർത്തുന്നു.)

രാജാ:—ശേഷം മനസ്സിലായി. ആകപ്പാടെ അപ്സരസ്ത്രീക്കു ജനിച്ചവളാണിവൾ.

അനസൂയ:—അതേ.

രാജാ:—ശരിയാണു്.

മാനുഷസ്ത്രീയിലീവണ്ണം
മാൺപുണ്ടാകുവതെങ്ങിനെ?
മിന്നിത്തിളങ്ങും ജ്യോതിസ്സീ-
മന്നിൽനിന്നുളവായിടാ! ൨൨

(ശകുന്തള ലജ്ജിച്ചു മുഖം താഴ്ത്തുന്നു.)

രാജാ:---(ആത്മഗതം) എൻെറ ആഗ്രഹത്തിന്നു് ഇടം

കിട്ടി. എന്നാൽ വരപ്രാർത്ഥനയെപ്പററിയുള്ള സഖിയുടെ പരിഹാസം കേട്ടിട്ട് എൻെറ മനസ്സ് ഇരുവശത്തേയ്ക്കും ആടുന്നു.

പ്രിയംവദ:—(പുഞ്ചിരിയിട്ട് ശകുന്തളയെ നോക്കി, രാജാവിൻെറ നേരെ തിരിഞ്ഞ്) ആര്യൻ ഇനിയും എന്തോ പറയാൻ ഭാവിക്കുന്നതായി തോന്നുന്നു?

(ശകുന്തള സഖിയുടെ നേക്ക ചൂണ്ടുവിരലോങ്ങുന്നു.)

രാജാ:---ശരിയാണ് ഭവതിക്കു തോന്നിയത്. നമുക്ക സച്ചരിത്രം കേൾക്കാനുള്ള. ആഗ്രഹംകൊണ്ടു മററൊന്നുകൂടി ചോദിയ്ക്കാനുണ്ട്.

പ്രിയംവദ:—സംശയിക്കേണ്ട; തപസ്വിജനങ്ങളോട് എന്തും സ്വൈരമായി ചോദിയ്ക്കാമല്ലോ.

രാജാ:—നിങ്ങളുടെ സഖിയെപ്പററി ഇത്രയുംകൂടി അറിഞ്ഞാൽക്കൊള്ളാം.

വേൾപ്പോളമോ മദനവൃത്തികളെത്തടുക്കം
വൈഖാനസവ്രതമെടുത്തിവൾ വാഴ്കവേണ്ടു?
എന്നൊന്നുമിങ്ങു മിഴിരേക്ഷണമൈത്രിയാന്ന
പെൺമാനിനങ്ങളൊടുമൊത്തമരേണമെന്നോ? വസ

പ്രിയംവദ.—ആര്യാ, ധർമ്മാചരണത്തിൽപ്പോലും അസ്വതന്ത്രമാരാണ് ഇയ്യുള്ളവർ. എന്നാൽ അച്ഛൻെറ ആഗ്രഹം ഇവളെ അനുരൂപനായ വരനു കൊടുക്കണമെന്നാണ്.

രാജാ:—(ആത്മഗതം) ഈ ആഗ്രഹം ദുസ്സാധമല്ല.

ആശിയ്ക്കാം മനമേ, നി-
ന്നാശങ്കയ്ക്കുറുതിവന്നിതിന്നേരം:
തിയ്യാണെന്നു നിനച്ചതു
കൈവെയ്ക്കാവുന്ന രത്നമാണല്ലോ. ൨൪

ശകുന്തള:—(കോപത്തോടെ) അനസൂയേ, ഞാൻ പോവു കയാണ്.

അനസൂയ:—എന്തിന്?

ശകുന്തള;—ഈ പ്രിയംവദ അസംബന്ധം പുലമ്പുന്നതു ഗൌതമിയമ്മയോടു ചെന്നു പറയാൻ.

അനസൂയ;—തോഴി; ആശ്രമവാസികൾക്കു ചേർന്നതല്ല, വിശിഷ്ടനായ അതിഥിയെ സല്ക്കരിക്കാതെ വിട്ടുംവെച്ച് തോന്നിയപോലെ പോയ്ക്കളയുന്നത്.

(ശകുന്തള ഒന്നും മിണ്ടാതെ പുറപ്പെടുന്നു.)

രാജാ:—(ആത്മഗതം) അല്ലാ പുറപ്പാടായോ! (പിടിച്ചു നിൎത്താൻ ഭാവിച്ചു മനസ്സടക്കിയിട്ട്) അഹോ, പ്രവൎത്തിച്ചതിന്നു തുല്യമാണ് കാമികളുടെ മനോവൃത്തി! എന്തു കൊണ്ടെന്നാൽ,

മുനികന്യാനുഗതിയ്ക്കായ്
മുതിരുമ്പോഴം വിനയമാത്രു തടയുകയാൽ
ഇളകീലിരുപ്പിൽനിന്നെ-
ന്നാലും പോയ്പുന്നപോലെയായേൻ ഞാൻ. ൨൫

പ്രിയംവദ:—(ശകുന്തളയെത്തടുത്ത്) പോവാൻ പാടില്ല.

ശകുന്തള:—(പുരികം ചുളിച്ച്) എന്തുകൊണ്ട്?

പ്രിയംവദ:—രണ്ടു മരം നനച്ചതിൽ നീയെനിയ്ക്ക് കടപ്പെട്ടിരിയ്ക്കുന്നു. വരു, ആ കടം തീൎത്തിട്ടു പോവാം. (പിടിച്ചു നിൎത്തുന്നു.)

രാജാ:—ഭദ്രേ, വൃക്ഷങ്ങളെ നനച്ചിട്ടുതന്നെ അത്ര ഭവതി വല്ലാതെ തളൎന്നതായിത്തോന്നുന്നു. എന്തുകൊണ്ടെന്നാൽ ഇവളുടെ,

നല്ലോലും ചുമൽ താഴ്ന്ന കയ്യരുണമാ-
യേററം കുടത്തെച്ചുമ;-
ന്നിപ്പോഴും വളൎക്കൊങ്കകൾക്കു വിറനൽ-
കുന്നു കിതപ്പുള്ളതും;
കൂടി കൎണ്ണശിരീഷമൊട്ടിയ വിയ-
ൎപ്പോമന്മുഖേ; കെട്ടഴി-
ഞ്ഞീടുംപോതൊരു കയ്യുകൊണ്ടു തിരുകി-
പ്പുയ്യാകുലം കുന്തളം. വന്നു

അതിനാൽ ഇവളുടെ കടം ഞാൻ വീട്ടാം. മോതിരം കൊടുപ്പാൻ ഭാവിയ്ക്കുന്നു. സഖിമാർ മോതിരത്തിന്മേൽ പേർ കൊത്തിയതു വായിച്ചു പരസ്പരം നോക്കുന്നു.)

രാജാ:—മറിച്ചുകരുതേണ്ട; രാജാവിന്റെ മുദ്രയാണിത്.

പ്രിയംവദ:—എന്നാൽ ഈ മോതിരം ആൎയ്യന്റെ വിരലിന്മേൽനിന്നെടുക്കുന്നതു ശരിയല്ല; അങ്ങയുടെ വാക്കാൽത്ത

ന്നൊ ഇവളുടെ കടം വീടിയിരിക്കുന്നു. (പുഞ്ചിരിയിട്ട്) ശകുന്തളേ, ദയാലുവായ ആര്യൻ—അഥവാ മഹാരാജാവ്—നിൻെറ കടം വീട്ടിയിരിയ്ക്കുന്നു. ഇനി പോവാം.

ശകുന്തള:—(ആത്മഗതം) മനസ്സ് എനിക്കു സ്വാധീനമായിരുന്നുവെങ്കിൽ! (പ്രകാശം) നീയാരാണ്, വിട്ടയയ്ക്കാനും തടഞ്ഞുനിൎത്താനും?

രാജാ:—(ശകുന്തളയെ നോക്കി ആത്മഗതം) നമുക്ക് അങ്ങോട്ടുള്ള തുപോലെ, ഇവൾക്കിങ്ങോട്ടും തോന്നുന്നുണ്ടായിരിക്കുമോ? അല്ലെങ്കിൽ എൻെറ ആഗ്രഹത്തിന്ന് ഇടം കിട്ടിയിരിയ്ക്കുന്നു. എന്തുകൊണ്ടെന്നാൽ,

എന്നുക്തിയോടിടകലൎന്നിവളോതിടുന്നീ-
ലെ,ന്നാകിലും ചെവി കൊടുപ്പുമദുക്തിയിങ്കൽ;
നില്ക്കുന്നതില്ല മമ നേൎക്കിവളെങ്കിലും മ-
റ്റെങ്ങാനുമല്ലധികമായിവൾതൻെറ നോട്ടം. ൨൪

(ആകാശത്ത്)

ഹേ, ഹേ, തപസ്വികളെ, തപോവനമൃഗങ്ങളെ രക്ഷിപ്പാൻ ഒരുങ്ങിക്കൊള്ളുവിൻ! സമീപത്തെത്തിയിരിയ്ക്കുന്നുവത്രെ, വേട്ടയാടിക്കൊണ്ടിരിയ്ക്കുന്ന ദുഷ്ഷന്തരാജാവ്.

പരികളുടെ കുളമ്പേററുയൎന്ന ധൂളീജാലം
പരിണതരവിവൎണ്ണം പാററതൻ പാളിപോലേ
തുരുതുരെ നിപതിപ്പൂ, കൊമ്പിലെമ്പാടുമീറ-
ന്മരവുരിനിരചേൎന്നുള്ളാശ്രമദ്രുക്കൾതോറും. ൨൫

അത്രയുമല്ല,

ഊരക്കോട്ടേറ്റു മരങ്ങൾ വീഴ്ത്തി,യൊരുകൊ-
മ്പംസത്തിലപ്പിച്ചു, തൻ-
കാല്ക്കൽ ചുററിവലിച്ചിട്ടും നെട്ടലത-
ച്ചാർത്താം തുടൽക്കെട്ടൊട്ടും,
മുററും മാൻനിരയെപ്പിരിച്ചൊരു, പെരും-
കാട്ടാന മൂർത്തം തപോ-
വിഘ്നം പോലെ തപോവനത്തിലണവൂ
തേർകണ്ടു പേടിക്കയാൽ. വൻ

(എല്ലാവരും കേട്ടതായി നടിച്ചു കുറഞ്ഞൊന്നു പരിഭ്രമിക്കുന്നു.)

രാജാ.—(ആത്മഗതം) ഛീ, കഷ്ടം പടയാളികൾ നമ്മെ തിരഞ്ഞു തപോവനത്തിലേക്കു കടന്നുവരുന്നു. ആകട്ടെ, തിരിയെ പോയ്ക്കളയാം.

സഖിമാർ:—ആര്യാ, ഈ കാട്ടാനയുടെ വർത്തമാനം കേട്ടതിനാൽ ഞങ്ങൾക്കു പരിഭ്രമമുണ്ട്. പർണ്ണശാലയിലേക്കു പോവാൻ അനുവാദം തരണം.

രാജാ.—പേടിക്കാതെ പോയ്ക്കൊൾവിൻ. നാമും ആശ്രമത്തിന്നുപദ്രവം വരാത്ത വിധത്തിൽ ഏൎപ്പാടു ചെയ്തുകൊള്ളാം.

(എല്ലാവരും എഴുന്നേല്ക്കുന്നു.)

സഖിമാർ:—ആര്യനെ ഞങ്ങൾ വേണ്ടതുപോലെ സല്ക്കരിച്ചില്ലല്ലോ; ഇനിയും കാണ്മാനമ്മെന്നറിയിപ്പാൻ ലജ്ജ തോന്നുന്നു.

രാജാ:—ഹൈ, അങ്ങിനെ പറയരുത്. നിങ്ങളുടെ ദൎശനത്താൽത്തന്നെ ഞാൻ സൽകൃതനായിരിയ്ക്കുന്നു.

(ശകുന്തള വ്യാജേന താമസിച്ചു സഖിമാരോടുകൂടി പോയി.)

രാജാ:—എനിയ്ക്കു നഗരത്തിലേയ്ക്കു പോകുവാൻ ശ്രദ്ധ കുറഞ്ഞിരിയ്ക്കുന്നു. കൂടെപ്പോന്നവരെ ചെന്നു കണ്ട്, അവരെ തപോവനത്തിൽനിന്നു വളരെ അകലത്തല്ലാതെ ഒരിടത്തു നിൎത്താം. ശകുന്തളയുടെ ചേഷ്ടകളിൽനിന്നു മനസ്സു പിൻവലിപ്പാൻ ഞാനാളല്ല. എനിയ്ക്ക്,

പോരുന്നു മുന്നിലെയ്ക്കുടൽ;
പായുന്നു പിന്നിലെയ്ക്കു മനമവശം;
കാററിൻനേക്കു നയിയ്ക്കും
കൊടിതൻ ചീനാംശുകം പോലെ. ൩൦
(പോയി.)

ഒന്നാമങ്കം കഴിഞ്ഞു.

---

## രണ്ടാമങ്കം

---

(അനന്തരം വിദൂഷകൻ പ്രവേശിക്കുന്നു.)

വിദൂഷകൻ:—(നെടുവീൎപ്പിട്ട്) ഈ വേട്ടക്കാരൻരാജാവിന്റെ കൂട്ടുകാരനായിത്തീൎന്നതിൽ ഞാൻ തീരെ മടുത്തുപോയ്! 'ഇതാ ഒരു മാൻ, ഇതാ ഒരു പന്നി, ഇതാ ഒരു പുലി' എന്നിങ്ങിനെ നട്ടുച്ചയ്ക്കും വേനൽകൊണ്ടു തണൽ കുറ

ഞ്ഞ കാട്ടുകളിൽ അലഞ്ഞുനടക്കുക; ഇലകൾ വീണു ചീഞ്ഞു ചൊവയുള്ള കാഞ്ഞ മലഞ്ചോലവെള്ളം കുടിയ്ക്കുക; വല്ലപ്പോഴുമായിരിയ്ക്കും മിക്കവാറും ശൂലത്തിന്മേൽ കോൎത്തു ചുട്ട മാംസംകൊണ്ടു വിശപ്പടക്കുക. കുതിരപ്പിന്നാലെ പാഞ്ഞു തുട കഴയ്ക്കുകയാൽ എനിയ്ക്കു് രാത്രിയിലും കിടക്കപ്പൊറുതിയില്ല. പിന്നേയോ പുലരുന്നതിന്നു വളരെ മുമ്പുതന്നെ പുലയാടിമക്കൾ നായാട്ടുകാർ കാട്ടു വളയുന്ന ലഹളകൊണ്ടു ഞെട്ടിയുണരുകയുംചെയ്യും.

ഇത്രമാത്രംകൊണ്ടും തീൎന്നില്ലാ സൊല്ല; ഇപ്പോൾ കുരുനിന്മേലൊരു കുരുവും ആയി. ഇന്നലെ ഈയുള്ളാൻ ഒരുമിച്ചില്ലാത്ത സമയത്ത് അവിടുന്ന് ഒരു മാനിനെപ്പിന്തുടൎന്ന് ആശ്രമത്തിൽച്ചെന്നുകേറി. ശകുന്തള എന്നൊരു താപസിപ്പെണ്ണിനെ എന്റെ വയററിന്റെ ഭാഗ്യമില്ലായ്മകൊണ്ടു കണ്ടെത്തിയത്രേ! ഇപ്പോൾ നഗരത്തിലേയ്ക്കു പോകുന്നതിന്റെ കഥപോലുമില്ല! ഇന്നും അതുതന്നെ ഓൎത്തു കണ്ണടയ്ക്കാതെ നേരം പുലൎന്നു. എന്തു നിവൃത്തി? നിത്യകൎമ്മം കഴിഞ്ഞു ചമഞ്ഞിരിയ്ക്കുന്ന തോഴരെ ചെന്നു കാണുകതന്നെ. (ചുററിനടന്നു നോക്കിയിട്ട്) ഇതാ, കാട്ടുപൂമാലകളണിഞ്ഞു് കയ്യിൽ വില്ലെടുത്ത യവനികൾ ചുററും കൂടിയിരിയ്ക്കുന്ന തോഴർ ഇങ്ങോട്ടുതന്നെ വരുന്നു. ആട്ടെ, ശരീരംകൊണ്ടാകെ വയ്യാത്ത മട്ടിൽ നില്ക്കാം. എന്നാലെങ്കിലും ഒരൊഴിവു കിട്ടിയെങ്കിലോ! (വടിയൂന്നി നില്ക്കുന്നു.)

4

(അനന്തരം മേല്പറഞ്ഞ പരിവാരങ്ങളോടുകൂടി
രാജാവ് പ്രവേശിക്കുന്നു.)

രാജാ:—

ദുർല്ലഭയാം പ്രിയ; മനമോ
തദ്ഭാവം കണ്ടു പൊറുതികൊള്ളുന്നു:
അകൃതാർത്ഥൻ സ്മരനെങ്കിലു—
മുഭയപ്രേമം വഴ്ന്നു രതിയുളവാം! ൧

(പുഞ്ചിരിയിട്ട്) ഇപ്രകാരം പ്രിയജനത്തിൻെറ ചിത്തവൃത്തിയെ സ്വാഭിപ്രായംപോലെ ഊഹിക്കുന്ന കാമികൾ പരിഹാസപാത്രമായിത്തീരുന്നു. എങ്ങിനെയെന്നാൽ,

വല്ലേടത്തവൾ കണ്ണയയ്ക്കുമളവിൽ
സ്നേഹത്തൊടും നോക്കിനാൾ;
മെല്ലേ ശ്രോണിഭരാൽ വിലാസയുതമാം
മട്ടാൻ പോയീടിനാൾ;
ഒല്ലാ പോകിതുമട്ടുരച്ച സഖിയോ-
ടായിക്കയെത്തോതിനാ;—
ളെല്ലാം താൻ മമ നേക്കപോൽ! നിജതയെ-
ക്കാണുന്ന ഹാ, കാമുകൻ! ൨

വിദൂഷകൻ:—(അങ്ങിനെതന്നെ നിന്നു) തോഴരേ, എനിക്കു കയ്യും കാലും തീരെ അനക്കാൻ വയ്യാ. വാക്കുകൊണ്ടുമാത്രം ആവാം. വിജയിച്ചാലും!

രാജാ:—(പുഞ്ചിരിയിട്ട്) എന്തുകൊണ്ടാണ് ദേഹത്തിന്നീ കേടു്?

വിദൂഷകൻ:—എന്തുകൊണ്ടാണെന്നോ! താൻതന്നെ കണ്ണിൽക്കുത്തി കണ്ണീരിന്റെ കാരണം ചോദിക്കുന്നു!

രാജാ:—എനിക്കു മനസ്സിലായില്ല.

വിദൂഷകൻ:—തോഴരേ, ആറ്റുവഞ്ചി കൂനൻ തുള്ളുന്നതു്, അതിന്റെ മിടുക്കുകൊണ്ടോ, ഒഴുക്കിന്റെ മിടുക്കുകൊണ്ടോ?

രാജാ:—പുഴയുടെ ഒഴുക്കാണു് അതിന്നു കാരണം.

വിദൂഷകൻ;—എന്റേതിന്നു് കാരണം ഇവിടുന്നും!

രാജാ:—അതെങ്ങിനെ?

വിദൂഷകൻ:—തോഴർ രാജ്യകാര്യങ്ങളും വിട്ടുകളഞ്ഞു് അപകടംപിടിച്ച ഇത്തരം പ്രദേശങ്ങളിൽ കാട്ടാളനെപ്പോലെ കൂടണം. ഞാനാകട്ടെ, വാസ്തവത്തിൽ നാളുംതോറും കാട്ടുജന്തുക്കളെ ഓടിച്ചോടിച്ചു് സന്ധിബന്ധങ്ങളൊക്കെ തകരാറാവുകയാൽ ദേഹംകൊണ്ടനങ്ങുവാൻപോലും ആളല്ലാതെ കഷ്ടപ്പെടുന്നു. അതിനാൽ തിരുമനസ്സുണ്ടായിട്ടു് എന്നെ വിട്ടയയ്ക്കുക, ഒരു ദിവസമെങ്കിലും വിശ്രമിപ്പാൻ!

രാജാ:—ഇയ്യാളും ഇങ്ങിനെ പറയുന്നു; എനിക്കും കാശ്യപപുത്രിയെ ഓർത്തിട്ടു നായാട്ടിൽ മടുപ്പു തോന്നുന്നു. എന്തുകൊണ്ടെന്നാൽ,

ആളല്ല ഞാൻ, മൃഗഗണങ്ങളെ ലക്ഷ്യമാക്കി-
യീ വിൽകുലച്ചിഷു തൊടുത്തു വലച്ചുകൊല്ലുവാൻ;
ആരോമലാൾക്കരികെ വാണിവയല്ലി, നന്നാ-
യഭ്യാസമേകിയതു മുഗ്ദ്ധവിലോകനത്തിൽ? ൩

വിദൂഷകൻ:—(രാജാവിൻെറ മുഖത്തു നോക്കിയിട്ടു്) ഇവിടുന്നു് എന്തോ ഒന്നു് ഉള്ളിൽവെച്ചു മന്ത്രിയ്ക്കുകയാണു്. ഞാൻ നിലവിളിച്ചതു കാട്ടിൽവെച്ചായിപ്പോയി!

രാജാ:—(പുഞ്ചിരിയിട്ടു്) മറെറന്താണു്? ഇഷ്ടന്മാരുടെ വാക്കു തട്ടി നടക്കരുതല്ലോ എന്നു വിചാരിച്ചു നില്ക്കുകയാണു്.

വിദൂഷകൻ:—ദീൎഘായുസ്സായിരിയ്ക്കട്ടെ! (പോകാൻ തുടങ്ങുന്നു.)

രാജാ:—നില്ക്കൂ, തോഴരേ; ഞാൻ മുഴുവനും പറഞ്ഞില്ല.

വിദൂഷൻ:—അരുളിച്ചെയ്യാം.

രാജാ:—താങ്കളുടെ ക്ഷീണം മാറിയാൽ പ്രയാസമില്ലാത്ത വേറൊരു കാര്യത്തിൽ എന്നെ സഹായിയ്ക്കണം.

വിദൂഷകൻ:—കൊഴക്കട്ട തിന്നുന്നതിലോ?

രാജാ:—ഇന്നതിലെന്നു പറയാം.

വിദൂഷകൻ:—ഞാൻ അനങ്ങാതെ നില്ക്കാം.

രാജാ:—ആരവിടെ?

നടയിൽത്തവണക്കാരൻ:—(പ്രവേശിച്ചു്) തിരുമേനി കല്പിച്ചാലും.

രാജാ:—രൈവതക, സേനാപതിയെ വിളിയ്ക്കൂ.

നടയിൽത്തവണക്കാരൻ.—എറാൻ (പോയി സേനാപതിയോടുകൂടി പ്രവേശിച്ചു്) ഇതാ, തമ്പുരാൻ എന്തോ കല്പിപ്പാനായി തിടുക്കം പൂണ്ടു് ഇങ്ങോട്ടുതന്നെ തൃക്കണ്പാൎത്തു നില്ക്കുന്നു. എജമാൻ അടുത്തുചെന്നു കൊൾക.

സേനാപതി:—(രാജാവിനെ നോക്കിയിട്ട്) നായാട്ടുകൊണ്ടു ദോഷം കണ്ടിട്ടുണ്ടെങ്കിലും അതു തമ്പുരാങ്കൽ കേവലം ഗുണമായിത്തീൎന്നിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, തിരുമേനിക്ക്,

സതതമരിയ വില്ലിൻ ഞാണടിച്ചുഗ്രപൂൎവ്വം,
കതിരവകരമേല്പാൻ ശക്തം, മസ്വേദലേശം,
മെലിയുകിലുമതൊട്ടും ലാഘവത്താലലക്ഷ്യം,
തനുതുടൽ മലയാനയ്ക്കുന്നപോലെ ബലിഷ്ഠം. ൪

(അടുത്തുചെന്ന്) തിരുമേനി ജയിച്ചാലും. കാടു വളഞ്ഞുകഴിഞ്ഞു. എന്താണ് ഇനിയും എഴുന്നള്ളാനമാന്തിക്കുന്നത്?

രാജാ:—സേനാപതേ, മാഢവ്യൻ നായാട്ടിനെപ്പഴിച്ച് എന്റെ ഉത്സാഹം കെടുത്തിയിരിക്കുന്നു.

സേനാപതി:—(സ്വകാൎയ്യം) സ്നേഹിതാ, പിടിച്ച പിടി വിടേണ്ട; ഞാൻ തമ്പുരാന്റെ മനസ്സു നിന്നോട്ടാം. (പ്രകാശം) ഈ വിഡ്ഢി എന്തെങ്കിലും പുലമ്പട്ടെ. ഇതിൽ തിരുമേനിതന്നെ ദൃഷ്ടാന്തമാണല്ലോ:

മേദസ്സററു മെലിഞ്ഞുപോം വയറു;ടൽ-
ക്കൊക്കം വരും ലാഘവാൽ;
കാണാം ക്രോധഭയങ്ങൾ ജന്തുതതിയിൽ-
ച്ചേൎക്കുന്ന മാററങ്ങളും;
വില്ലാളിക്കുളകും കുറിക്കു കണകൊ-
ള്ളിക്കുന്നതും മാനമാം;
ചോല്ലു വേട്ടയെയും വൃഥാ വ്യസനമെ;-
ന്നെന്തിത്രയുല്ലാസമം? ൫

വിദൂഷകൻ:—അവിടുത്തേയ്ക്കു് ഒരു വിധം കമ്പം തീൎന്നിരിയ്ക്കുന്നു. താൻതന്നെ കാട്ടായ കാട്ടിലൊക്കെ ഓടി, മൂക്കു കടിച്ചുതിന്നുന്ന വല്ല മുത്തൻ കരടിയുടേയും വായിൽ ച്ചെന്നു വീണുകൊൾക.

രാജാ:—ഭദ്രസേന, ആശ്രമത്തിന്നടുത്താണല്ലോ, നമ്മൾ താമസിയ്ക്കുന്നതു്. അതുകൊണ്ടു തന്റെ വാക്കിനെ ഞാൻ അഭിനന്ദിയ്ക്കുന്നില്ല. ഇന്നു്,

പോത്തും പോത്തുകൾ കൊമ്പടിച്ചു വിഹരി-
യ്ക്കട്ടേ നിപാനാംബുവിൽ;-
ക്കൂട്ടംചേൎന്നു മൃഗങ്ങൾ പുക്കയവിറ-
ക്കട്ടേ തരുച്ഛായയിൽ;
മുറവും പന്നികൾ പല്വലേ ഗതഭയം
മുത്തങ്ങ കുത്തിപ്പറി-
യ്ക്കട്ടേ; ഞാണയവാന്നോരെൻ ചിലയിതും
കൊള്ളട്ടെ വിശ്രാന്തിയെ! ൬

സേനാപതി:— തിരുമനസ്സുപോലെ.

രാജാ:—എന്നാൽ മുൻകൂട്ടി കാടു വളയാൻ പോയവരെ തിരിച്ചയയ്ക്കുക. നമ്മുടെ പടയാളികളെ തപോവനത്തിന്റെ അടുത്തെങ്ങും ചെല്ലാത്ത വിധത്തിൽ വിലക്കുകയും വേണം. നോക്കു:

ശമധനരൃഷിമാരിൽച്ചുട്ടെരിയ്ക്കുന്നതിന്നായ്-
ക്കഴിയുമരിയ തേജസ്സൊന്നിരിയ്ക്കുന്നു ഗൂഢം;
അതിനെയപരതേജസ്സേററിടുമ്പോൾ വമിച്ചു
വിരവിലവർ, തൊടാവും സൂൎയ്യകാന്തങ്ങൾപോലെ! ൭

സേനാപതി:—കല്പനപോലെ.

വിദൂഷകൻ:—അവിടെ വെച്ചേയ്ക്കു തൻെറ കൊണ്ടുപിടുത്തം!

(സേനാപതി പോയി)

രാജാ:—(പരിജനങ്ങളെ നോക്കിയിട്ട്) നിങ്ങൾ നായാട്ടുവേഷം മാററിക്കൊള്ളുവിൻ രൈവതക, നീയും നിൻെറ ജോലി നോക്കിക്കൊൾക.

പരിജനങ്ങൾ:—കല്പനപോലെ. (പോയി.)

വിദൂഷകൻ:—ഇവിടുന്ന് ഈച്ചകളെയെല്ലാം പറപറപ്പിച്ചു കളഞ്ഞു. ഇനി വള്ളിപ്പടർപ്പുകൊണ്ടു മേല്ക്കട്ടി കെട്ടിയിട്ടുള്ള ഈ മരത്തണലത്തൊരിടത്ത് എഴുന്നള്ളിയിരിക്കാം. ഞാനും സുഖമായി ഒന്നിരിക്കട്ടെ.

രാജാ:—മുമ്പിൽ നടക്കേ.

വിദൂഷകൻ:—എഴുന്നള്ളാം.

(രണ്ടാളും ചുററിനടന്ന് ഇരിക്കുന്നു.)

രജാ:—മാഢവ്യ, തനിയ്ക്കു കണ്ണുള്ളതിൻെറ ഫലം സിദ്ധിച്ചില്ല; കാണേണ്ടതു താൻ കണ്ടില്ലല്ലോ.

വിദൂഷകൻ:—ഇവിടുന്ന് എൻെറ മുമ്പിലാണല്ലോ ഇരിക്കുന്നത്.

രാജാ:—എല്ലാവക്കും അവനവൻേറത് നല്ലതാണെന്നു തോന്നും. ഞാൻ പറയുന്നതു ആശ്രമത്തിനു തൊടുകുറിയായ ആ ശകുന്തളയെക്കുറിച്ചാണ്.

വിദൂഷകൻ.—(ആത്മഗതം) ഇരിയ്ക്കട്ടെ, ഇതിനു ഞാൻ അവസരം കൊടുക്കില്ല, (പ്രകാശം) ഇപ്പോഴും ഇവിടെയ്ക്കു താപസകന്യകയേയും കാമിയ്ക്കാമെന്നായോ?

രാജാ.—തോഴരേ, അരുതാത്ത വിഷയത്തിൽച്ചെല്ലുകയില്ല പൌരവന്മാരുടെ മനസ്സ്.

വിദൂഷകൻ:—എന്നാൽ ഇതെങ്ങിനെ?

രാജാ:—

സുരയുവതി പെററുപേക്ഷി-
ച്ചൊരു കുഞ്ഞാണവൾ, മുനിയ്ക്കു കൈവന്നോൾ:
ചെറുവിച്ചുകച്ചെടിയുടെ
നറുമലർ ഞെട്ടററരുക്കിൽ വീണവിധം! വ്വ

വിദൂഷകൻ:—(ചിരിച്ച്) ഈത്തപ്പഴത്തിൽ മടുപ്പുവന്ന ഒരാൾക്കു പുളിങ്ങയിൽ കൊതിയുണ്ടാവുന്നതുപോലെയാണ്, സ്ത്രീരത്നങ്ങളിൽ വെറുപ്പുവന്നിരിയ്ക്കുന്ന ഇവിടേയ്ക്ക് ഈ ആഗ്രഹം.

രാജാ:—താൻ അവളെ കണ്ടിട്ടില്ല; അതുകൊണ്ടാണിങ്ങിനെ പറഞ്ഞത്.

വിദൂഷകൻ:—എന്നാൽ ആ വസ്തു രമണീയംതന്നെയായിരിയ്ക്കണം, ഇവിടെയ്ക്കും അത്ഭുതം തോന്നിച്ചുവല്ലോ.

രാജാ:—തോഴരേ, എന്തിനേററെ?

* ലാവണ്യമാന്ന വിധി ചിത്രപടം വരച്ചു
ജീവൻ കൊടുത്തരുളിയോ, മനസാ രചിച്ചോ?
ബ്രഹ്മപ്രഭാവ,മവൾ മെയ്യിവ പേർത്തുമോർത്തീ-
സ്ത്രീരത്നസൃഷ്ടി പുതുതായ് മമ തോന്നിടുന്നു. ൻ

---

* പൂർവ്വാർദ്ധത്തിന്നു പാഠാന്തരം:
ചിത്രം വരഞ്ഞു പരിചോടുയിർ ചേർത്തതാമോ,
സദ്രൂപമാന്ന കരളാൽ വിധി തീർത്തതാമോ?

വിദൂഷകൻ:—എന്നാലവൾ എല്ലാ സുന്ദരിമാരേയും പുറം തള്ളിക്കളഞ്ഞുവല്ലോ!

രാജാ:—ഇതുംകൂടിയുണ്ട്. എന്റെ മനസ്സിൽ:

മണത്തിട്ടില്ലാപ്പൂ, നഖദളനമേല്ക്കാത്തതളി,രെട്ട-
ത്തണിഞ്ഞിട്ടില്ലാത്താസ്സമണി,നുകരാത്തുള്ള പുതുതേൻ,
അഖണ്ഡം പുണ്യങ്ങൾക്കടയഫല,മാരൂപമനഘം
ഭുജിപ്പാനിങ്ങാൎക്കോ വിധിയരുളു;മെന്നേതുമറിയാ! ൧൦

വിദൂഷകൻ.—എന്നാലുടൻ അവളെ ഇവിടുന്നു രക്ഷിയ്ക്കണം. ഓടലെണ്ണ പുരട്ടി തലയ്ക്കൊട്ടലുള്ള വല്ല കാട്ടൻ മുനിയുടേയും കയ്യിലകപ്പെട്ടുകൂടാ!

രാജാ:—പരതന്ത്രയാണ് തത്രഭവതി; അച്ഛൻ ഇവിടെഇല്ല താനും.

വിദൂഷകൻ:—ആട്ടെ, ഇവിടുത്തെ നേരേ എന്തൊരു ഭാവത്തിലായിരുന്നു അവളുടെ നോട്ടം?

രാജാ:—താപസകന്യമാൎക്ക് സ്വതേതന്നെ തട്ടിപ്പില്ല. എങ്കിലും,

മുന്നിൽഞാനണയെ നോട്ടമെടുത്താ;-
ളന്യകാരണമിയന്നു ചിരിച്ചാൾ;
കാമനെ സ്വവിനയാൽത്തെളിയിച്ചി-
ല്ലോമലാളവൾ മറച്ചതുമില്ലാ. ൧൧

വിദൂഷകൻ:—കാണുമ്പോഴേയ്ക്കും തന്നെ അവൾ ഇവിടുത്തെ മടിയിൽ വന്നു കേറിയിരിയ്ക്കുമോ?

രാജാ:—തമ്മിൽപ്പിരിയുമ്പോഴാകട്ടെ, അവരം ലജ്ജയോടു കൂടിയാണെങ്കിലും ഭാവം ഏറ്റെക്കുറെ വെളിപ്പെടുത്തുകയുണ്ടായി. എങ്ങിനെയെന്നാൽ,

ദർഭാങ്കുരം കഴലിലേററു തറഞ്ഞുവെന്നു
നിന്നാൾ കൃശാങ്ഗി ചിലചോടു നടന്നകാണേഡ;
വൃക്ഷങ്ങൾതൻ വിടപസീമ്നിയുടക്കിടാഞ്ഞും
വല്കം വിടുത്തുവതിനാനനവും തിരിച്ചാൾ. ൧൨

വിദൂഷകൻ:—എന്നാൽ, പൊതിച്ചോറെടുക്കാം. ഇവിടുന്നിപ്പോൾ തപോവനത്തെ ഉപവനമാക്കിയിരിക്കുന്നതായിത്തോന്നുന്നു.

രാജാ:—തോഴരേ, ഞാനവിടെ ചെന്നതു തപസ്വികളിൽ ചിലർ മനസ്സിലാക്കിയിരിക്കുന്നു. ആലോചിക്കൂ, എന്തൊരു കാരണം പറഞ്ഞിട്ടാണ്, നാം ഒരിയ്ക്കൽക്കൂടി ആശ്രമത്തിൽ കടന്നു ചെല്ലുക?

വിദൂഷകൻ:—എന്തിനാണ് മറെറാരു കാരണം? ഇവിടുന്നു രാജാവല്ലേ; 'വനവാസികൾ വരിനെല്ലിൽ ആറിലൊന്നു എൻെറ പക്കൽ തന്നുകൊള്ളണ'മെന്നു.

രാജാ:—വിഡ്ഢി, ഇവരെ രക്ഷിക്കുന്നതിനാൽ മറെറാരു ധനം കിട്ടിവരുന്നുണ്ടു്; അതു രത്നരാശികളേക്കാൾ വില വെയ്ക്കത്തക്കതാണ്. നോക്കൂ:

നാട്ടാരിൽനിന്നു കിട്ടുന്ന
ധനം നശ്വരമാണു്;
തപഷ്ഷഡംശമക്ഷയ്യം
നമുക്കേകുന്നു താപസർ! ൧൩

(അണിയറയിൽ)

ഹാ, നമ്മുടെ കാര്യം സാധിച്ചു!

രാജാ:—(ചെവിയോർത്തിട്ട്) എയ്, ധീരവും ശാന്തവുമായ ശബ്ദം: മഹർഷിമാരായിരിയ്ക്കണം.

നടയിൽത്തവണക്കാരൻ:—(പ്രവേശിച്ച്) തിരുമേനി ജയിച്ചാലും: ഇതാ, രണ്ടു മഹർഷി കുമാരന്മാർ നടയ്ക്കൽ വന്നു നില്ക്കുന്നു.

രാജാ:—എന്നാൽ അവരെ വേഗം കൂട്ടിക്കൊണ്ടുവരൂ.

നടയിൽത്തവണക്കാരൻ:—എറാൻ: (പോയി ഋഷികുമാരന്മാരോടുകൂടി പ്രവേശിച്ച്) ഭവാന്മാർ, ഇതാ, ഇതിലെ.

(ഋഷികുമാരന്മാർ രണ്ടു പേരും രാജാവിനെ നോക്കുന്നു.)

ഒന്നാമൻ:—അഹോ, നല്ല തേജസ്സുള്ളതാണെങ്കിലും ഈ ആകൃതി വിശ്വാസം തോന്നിയ്ക്കുന്നു. അല്ലെങ്കിൽ ഋഷിമാരിൽനിന്ന് വളരെ വ്യത്യാസമില്ലാത്ത രാജാവിന്ന് ഇതു യുക്തം തന്നെ. എന്തുകൊണ്ടെന്നാൽ,

വർത്തിയ്ക്കുന്നു മികവൊടിവനും സർവ്വഭോഗ്യാശ്രമത്തിൽ;
പ്ലേത്തും നിത്യം തപമിവനുമാർജ്ജിപ്പു സന്ത്രാണയോഗാൽ:
എത്തീടുന്നു ദിവി, യിണപെട്ടും ചാരണന്മാർ സ്തുതിച്ചീ-
ട്ടാന്തന്റെയും ശിവമൃഷിപദം കേവലം രാജപൂർവ്വം. ൧൪

രണ്ടാമൻ:—ഗൌതമ, ഇദ്ദേഹമാണല്ലോ ഇന്ദ്രസഖനായ ആ ദുഷ്ഷന്തരാജാവ്?

ഒന്നാമൻ:—അതേ.

രണ്ടാമൻ:—എന്നാൽ,

* ഇല്ലാശ്ചര്യം, കടലണിയതിത്തിക്കറുപ്പൊത്ത പാത്ത-
ട്ടെല്ലാം താൻതാൻ പരിഘലളജനാമിപ്പുമാൻ കാപ്പതിങ്കൽ:
ഇദ്ദേഹത്തിൻ കുലചിലയിലും വജ്രിവജ്രത്തിലും താൻ
പ്രാത്ഥിയ്ക്കുന്നൂ വിജയമസുരസ്പദ്ധയിൽ ദേവസംഘം! ൧൬

രണ്ടുപേരും:—(അടുത്തുചെന്നു്) രാജാവെ, വിജയിപ്പൂതാക!

രാജാ:—(എഴുന്നേററ്) ഭവാന്മാക്ക്ഭിവാദ്യം!

രണ്ടുപേരും:—അങ്ങെയ്ക്കു സ്വസ്തി; (പഴങ്ങൾ കാഴ്ച വെയ്ക്കുന്നു.)

രാജാ:—(വന്ദനത്തോടെ വാങ്ങിയിട്ടു്) ആജ്ഞ കേൾക്കാനാഗ്രഹിയ്ക്കുന്നു.

രണ്ടുപേരും:—അങ്ങ് ഇവിടെയുണ്ടെന്നറിഞ്ഞതിനാൽ ആശ്രമവാസികൾ അപേക്ഷിയ്ക്കുന്നു.

രാജാ:—എന്താണരുളിച്ചെയ്യുന്നതു്?

രണ്ടുപേരും:—തത്രഭവാൻ കണ്വമഹഷി ഇവിടെ ഇല്ലാത്തതിനാൽ രാക്ഷസന്മാർ ഞങ്ങളുടെ യജ്ഞങ്ങൾക്കു വിഘ്നമുണ്ടാക്കുന്നു. അതിനാൽ കുറച്ചുനാൾ അങ്ങു സൂതനോടു കൂടി ആശ്രമത്തിൽ താമസിച്ചാൽക്കൊള്ളാമെന്നു്.

---

* പാഠാന്തരം.—ഇല്ലാശ്ചര്യം ചുഴന്നുള്ളതിരുകൾ കടൽമൂ-
ലം കുറപ്പാന്ന പാത്ത-
ട്ടെല്ലാമീക്കോട്ടവാതിൽത്തഴുതെതിർഭുജനൊ-
ററയ്ക്കു പാലിപ്പതിങ്കൽ:
ഇദ്ദേഹത്തിൻ കുലച്ചീടിന ചിലയിലുമി-
ന്ദ്രൻെറ വജ്രത്തിലും താ-
നല്ലോ പ്രാത്ഥിച്ചിടുന്നൂ ജയമസുരജനാ-
സ്പദ്ധയിൽദ്ദേവസംഘം!

രാജാ:—ഞാൻ അനുഗൃഹീതനായി!

വിദൂഷകൻ:—(സ്വകാര്യം) ഇപ്പോഴാം നല്ല തഞ്ചത്തിലായി ഈ അപേക്ഷ!

രാജാ:—(പുഞ്ചിരിയിട്ട്) രൈവതക, ഞാൻ പറഞ്ഞതായി സൂതനോട്ട പറയൂ, വില്ലും ശരങ്ങളും അടങ്ങിയ തേർ ഇവിടെ തെയ്യാറാക്കി നിർത്തുവാൻ.

നടയിൽത്തവണക്കാരൻ:—എറാൻ (പോയി)

രണ്ടുപേരും (സഹർഷം)

ഇതു പൂർവ്വികരോടൊക്ക-
മവിടെയ്ക്കുചിതം തുലോം:
ആപന്നാഭയമാം യജ്ഞം ,
ദീക്ഷിച്ചോരല്ലി പൌരവർ! എന്നു

രാജാ:—നിങ്ങൾ മുമ്പേ നടന്നുകൊൾവിൻ; ഞാനും പിന്നാലെതന്നെ എത്തിക്കഴിഞ്ഞു.

രണ്ടുപേരും:—ഭവാൻ വിജയിപ്പൂതാക! (പോയി)

രാജാ:—മാഢവ്യ, തനിക്കു ശകുന്തളയെ കാണാൻ മോഹമുണ്ടോ?

വിദൂഷകൻ:—മുമ്പു ധാരാളം ഒഴുകിയിരുന്നു; ഇപ്പോഴാം രാക്ഷസന്മാരുടെ കഥ കേട്ടതിനാൽ ഒരു തുള്ളിപോലും ബാക്കിയില്ല.

രാജാ:—പേടിയ്ക്കേണ്ട; തനിയ്ക്കു എൻെറ അടുക്കൽ കൂടാമല്ലോ.

നടയിൽത്തവണക്കാരൻ:---(പ്രവേശിച്ച്) വിജയയാത്രയ്ക്ക് പള്ളിത്തേർ ഒരുക്കി നിർത്തിയിരിക്കുന്നു. എന്നാൽ ഇതാ, രാജധാനിയിൽനിന്നു വലിയ തമ്പുരാട്ടിയുടെ കല്പനയുംകൊണ്ടു കരഭകൻ വന്നിട്ടുണ്ട്.

രാജാ:---(സാദരം) അമ്മ പറഞ്ഞയച്ചിട്ടോ?

നടയിൽത്തവണക്കാരൻ.—ഏറാൻ.

രാജാ:—എന്നാൽ കൂട്ടിക്കൊണ്ടു വരാമല്ലോ.

നടയിൽത്തവണക്കാരൻ:—ഏറാൻ. (പോയി കരഭകനോടു കൂടി പ്രവേശിച്ച്) ഇതാ, തമ്പുരാൻ. അടുക്കൽ ചെല്ലാം.

കരഭകൻ:—(അടുത്തുചെന്നു) തിരുമേനി ജയിച്ചാലും! വലിയ തമ്പുരാട്ടി അരുളിച്ചെയ്യുന്നു: 'നാലാന്നാൾ എൻെറ നോൽമ്പു കാലംകൂടുകയാണ്; അതിന്നു തക്കവണ്ണം ഉണ്ണി തീർച്ചയായും വരണം' എന്ന്.

രാജാ:—ഇവിടെ തപസ്വികാര്യം; അവിടെ ഗുരുജനാജ്ഞ; രണ്ടും തട്ടി നടന്നുകൂടാ. എന്തിവിടെ ചെയ്യേണ്ടു?

വിദൂഷകൻ.—ത്രിശങ്കുവിനെപ്പോലെ നടുക്കു നിന്നുകൊള്ളുക.

രാജാ:—സത്യമായും ഞാൻ കുഴക്കിൽപ്പെട്ടിരിക്കുന്നു:

കാര്യങ്ങൾ രണ്ടിടത്താക-
യാലേ മമ മനോഗതി
രണ്ടായ്ത്തീരുന്നു: കുന്നിന്മേൽ-
ത്തടഞ്ഞ പുഴപോലവേ.

(ആലോചിച്ച്) തോഴരേ, താങ്കളെ പുത്രനെന്നാണല്ലോ, അമ്മ വിചാരിച്ചുപോരുന്നത്. അതിനാൽ താങ്കൾ ഇവിടെനിന്ന മടങ്ങിപ്പോയി, ഞാൻ തപസ്വികാൎയ്യത്തിൽ ഏൎപ്പെട്ടിരിയ്ക്കയാണെന്നറിയിച്ച് അവിടെയ്ക്കു പുത്രകൃത്യം ആചരിയ്ക്കണം.

വിദൂഷകൻ:—എനിയ്ക്കു രാക്ഷസരെ പേടിയുണ്ടെന്ന വിചാരിയ്ക്കില്ലല്ലോ?

രാജാവ്:—(പുഞ്ചിരിയിട്ട്) ഏയ്, താങ്കളെപ്പററി അങ്ങിനെ വിചാരിയ്ക്കുമോ? ·

വിദൂഷകൻ:—എന്നാൽ, രാജാവിന്റെ അനുജന്റെ പോക്കപോലെ വേണം എന്റെ യാത്ര!

രാജാ:—തപോവനത്തിന്ന ഉപദ്രവം വരാതിരിയ്ക്കാൻ വേണ്ടി, കൂടെപ്പോന്നവരെയെല്ലാം താങ്കളുടെ ഒരുമിച്ചയച്ചേയ്ക്കാം.

വിദൂഷകൻ:—എന്നാൽ, ഞാനിപ്പോൾ ഇളയ തമ്പുരാനായിച്ചമഞ്ഞുവല്ലോ!

രാജാ.—(ആത്മഗതം) ഇയ്യാളൊരു വിട്ടവായനാണ്. എപ്പോഴെങ്കിലും ഒരിയ്ക്കൽ എന്റെ ഈ മനോരാജ്യം അന്തഃപുരത്തിലുള്ളവരോട പറഞ്ഞെയ്ക്കും ആകട്ടെ, ഇങ്ങിനെ പറഞ്ഞു ധരിപ്പിയ്ക്കാം. (വിദൂഷകന്റെ കൈപിടിച്ച്) തോഴരേ, മഹൎഷിമാരിലുള്ള ബഹുമാനത്താലാണ് ഞാൻ ആശ്രമത്തിലേയ്ക്ക് പോകുന്നത്. സത്യമായും, താപസകന്യകയിൽ എനിയ്ക്കഭിലാഷമില്ല. നോക്കു;

നാമെങ്ങ്? കാമമറിയാ-
തിളമാനൊത്തിഹ വളൎന്ന ജനമെങ്ങോ?
നേരം പോക്കു പറഞ്ഞതു
നേരാണെന്നായ്സ്സഖേ, ധരിയ്ക്കരുതേ!

(എല്ലാവരും പോയി.)

**രണ്ടാമങ്കം കഴിഞ്ഞു.**

---

## മൂന്നാമങ്കം

---

(അനന്തരം ദൎഭപ്പുല്ലുമായി യജമാനശിഷ്യൻ പ്രവേശിയ്ക്കുന്നു)

**ശിഷ്യൻ:**—അമ്പോ, മഹാനുഭാവൻതന്നെ ദുഷ്ഷന്തരാജാവ്! അദ്ദേഹം ആശ്രമത്തിൽ കാലൂന്നിയ മാത്രയിൽത്തന്നെ ഞങ്ങളുടെ കൎമ്മങ്ങൾ നിരുപദ്രവങ്ങളായിത്തീൎന്നു!

കഥയെന്തമ്പുതൊടുത്താ-
ലെല്ലാ വിഘ്നങ്ങളേയുമദ്ദേഹം
വില്ലിൻ ഹുങ്കൃതി പോലാം
ഞാണൊലിയാൽത്താനകററിനാനല്ലോ! ൧

വേദികളിൽ പരിസ്തരിയ്ക്കാനുള്ള ഈ ദൎഭപ്പുല്ല് ഋത്വിക്കുകൾക്കു കൊണ്ടുകൊടുക്കുകതന്നെ. (ചുററിനടന്ന് ആകാശത്തിന്നു നേരെ) പ്രിയംവദേ, ആൎക്കാണ് ഈ രാമച്ചമരച്ചതും താമരവളയങ്ങളോടുകൂടി താമരയിലകളും കൊണ്ടു

പോകുന്നതു്? (കേട്ടതായി നടിച്ചു്) എന്തു പറയുന്നു? 'വെയിൽ കൊള്ളുകയാൽ ശകുന്തള വല്ലാതെ അസ്വസ്ഥയായിരിക്കുന്നു. അവളുടെ ശരീരം തണുപ്പിക്കാൻ' എന്നോ? എന്നാൽ വേഗത്തിൽച്ചെല്ലുക; അവൾ കുലപതിയുടെ പ്രാണനാണല്ലോ. ഞാനും, യാഗത്തിന്റെ ശാന്തിതീർത്ഥം ഗൗതമിയുടെ കയ്യിൽ കൊടുത്തയക്കാം.

(പോയി.)

വിഷ്കംഭം.

(അനന്തരം കാമപീഡിതനായ രാജാവു പ്രവേശിക്കുന്നു.)

രാജാ:—അറിയാം തപഃപ്രഭാവം,
പരവതിയത്തയ്യലെന്നുമറിയാം മേ;
എങ്കിലുമാളല്ലാ ഞാ-
നെങ്കരം പിന്മാററുവാനവളിൽനിന്നും! ൮

(കാമബാധ നടിച്ചു്) ഭഗവൻ, കുസുമായുധ, ഭവാനും ചന്ദ്രനും വിശ്വസനീയന്മാരായിരുന്നുകൊണ്ടു കാമിജനങ്ങളെ വഞ്ചിക്കുന്നു. എന്തെന്നാൽ,

നറുമലർവിശിഖൻ നീ തിങ്കളും ശീതാംശുവെന്നു-
ളളൊരു മൊഴി കളവെന്നാ മാദൃശന്മാർ നിനപ്പൂ:
എരികനൽ ചൊരിയുന്നു തിങ്കൾ മഞ്ഞാം നിലാവാ;—
ലലർശരനിരയുഗ്രം വജ്രമാക്കുന്നു നീയും! ൯

(പുറത്തുനടന്നു്) ഇപ്പോഴും യജ്ഞകർമ്മം കഴിഞ്ഞതിനാൽ സദസ്യർ എന്നെ വിശ്രമിക്കാൻ അനുവദിച്ചു; ഞാൻ

എവിടെച്ചെന്നിരുന്നു തളൎന്നമനസ്സിനെ വിനോദിപ്പിക്കേണ്ടു? (നെടുവീൎപ്പിട്ടു്) പ്രിയതമയെക്കാണുകയല്ലാതെ എനിക്കു മറെറാരു ശരണം? അവളെ അന്വേഷിക്കാം. (സൂൎയ്യനെ നോക്കി) വല്ലാത്ത വെയിലുള്ള ഈ സമയത്തു പ്രായേണ ശകുന്തള സഖിമാരോടുകൂടി വള്ളിക്കുടിലുകളുള്ള മാലിനീതീരങ്ങളിലാണ് കഴിച്ചുകൂട്ടാറുള്ളതു്. അങ്ങോട്ടുതന്നെ പോവാം. (ചുററിനടന്നു് സ്പൎശസുഖം നടിച്ചു്) അഹ്ഹ, നല്ല കാററുള്ള പ്രദേശമാണിതു്.

കാമം പുണരാമല്ലോ,
കാമപ്പൂടാളുമങ്ഗജാതത്താൽ
മാലിനിയലനീക്കണമെഴ-
മരവിന്ദസുഗന്ധിയായ തെന്നലിനെ. ൮

(വീണ്ടും ചുററിനടന്നു നോക്കിയിട്ടു്) ചുറാും ആറു വഞ്ഞികളുള്ള ഈ ലതാമണ്ഡപത്തിലുണ്ടായിരിക്കണം ശകുന്തള, എന്തുകൊണ്ടെന്നാൽ,

മുന്നിൽ മുഴുക്കെയുയൎന്നും,
പിന്നിൽജ്ജഘനകനത്തിനാൽത്താഴ്ന്നും,
വെണ്മണലി,ലിപ്പടിയുള്ള-
ക്കാണ്മൂ പുതുതായ്പ്പതിഞ്ഞ കാലടികൾ. ൯

മരച്ചില്ലകളുടെ ഇടയിൽക്കൂടി നോക്കാം. (ചുററിനടന്നു നോക്കിയിട്ടു്) ഹാ, നയനാനന്ദം ലഭിച്ചു. ഇതാ, എന്റെ മനോരഥപ്രിയതമ പൂക്കല്ലിൽ വിരിച്ചിട്ടുള്ള പാറ

മേൽക്കിടക്കുന്നു; സഖിമാരും അടുക്കൽ ഇരിക്കുന്നു. ആകട്ടെ, ഇവരുടെ സ്വൈരസല്ലാപങ്ങൾ കേൾക്കാം.

(നോക്കിക്കൊണ്ടു നില്ക്കുന്നു.)

(പറഞ്ഞതിൻവണ്ണം സഖിമാരോടുകൂടി ശകുന്തള പ്രവേശിക്കുന്നു.)

സഖിമാർ (വീശിയിട്ട്) ശകുന്തളേ, താമരയിലക്കാററു കൊണ്ടു നിനക്കു സുഖം തോന്നുന്നുണ്ടോ?

ശകുന്തള:—തോഴിമാർ എന്നെ വീശുന്നുണ്ടോ?

(സഖിമാർ വിഷാദത്തോടെ അന്യോന്യം നോക്കുന്നു.)

രാജാ:—ശകുന്തളയ്ക്കു വല്ലാത്ത അസ്വാസ്ഥ്യമുണ്ടെന്നു തോന്നുന്നു. ഇത് വെയിലിന്റെ തരക്കേടോ, കാമന്റെ തരക്കേടോ? രണ്ടു വിധത്തിലും എനിക്കു തോന്നുന്നുണ്ട്. അഥവാ സംശയിക്കാനില്ല:

രാമച്ചം മുലമേ,ലയഞ്ഞൊരു മൃണാ-
ളീകങ്കണം കൈക്കു, മു-
ള്ളാമൽ പ്രേയസിതൻ വപുസ്സിതു തുയിർ-
ക്കൊണ്ടും തുലോം സുന്ദരം;
കാമം കാമനിദാഘതാപമൊരുപോ-
ലാണെങ്കിലും വേനലിൻ-
വ്യാമർദ്ദം തരുണീ ജനങ്ങളിലിയ-
ററില്ലിത്രയും സൌഭഗം. ൧൭

പ്രിയംവദ:—(സ്വകാര്യം) അനസൂയേ, ആ രാജർഷിയെ ആദ്യം കണ്ടതുമുതല്ക്കു ശകുന്തള വല്ലാത്ത ഒരൌത്സു-

കൃത്താൽ കുഴങ്ങുന്നവരായിത്തോന്നുന്നു. തന്നിമിത്തം തന്നെയായിരിയ്ക്കുമോ ഈ സുഖക്കേട്?

അനസൂയ:—(സ്വകാര്യം) തോഴി, എനിയ്ക്കും ഉള്ളിൽ ഈയൊരു സംശയമുണ്ട്. ആകട്ടെ, ഇവളോടു ചോദി യ്ക്കാം. (പ്രകാശം) തോഴി, നിന്നോടൊന്നു ചോദിയ്ക്കാനുണ്ട്. കുറെ കരുത്തുള്ളതാണല്ലോ നിന്റെ സന്താപം.

ശകുന്തള:—(പൂമെത്തമേൽ നിന്നു പകുതി എഴുന്നേററ്. എന്താണ് നീ പറവാൻ ഭാവിയ്ക്കുന്നത്?

അനസൂയ:---ശകുന്തളേ, കാമനെപ്പററി ഒന്നും അറിഞ്ഞുകൂടാത്തവരാണല്ലോ നമ്മൾ. എന്നാൽ ഇതിഹാസഗ്രന്ഥങ്ങളിൽനിന്നു കാമികളുടെ സ്ഥിതി കേട്ടിട്ടുള്ളതു വിധമോ, ആ വിധമുള്ള ഒന്നു നിങ്കൽ കാണുന്നുണ്ട് പറയൂ, എന്തുകൊണ്ടാണ് നിനക്കീസ്സുഖക്കേട്? രോഗം ശരിയായറിയാതെ ചികിത്സ തുടങ്ങുകവയ്യല്ലോ.

രാജാ:—എന്റെ ഊഹം അനസൂയയ്ക്കും ഉണ്ടായല്ലോ.

ശകുന്തള:—(ആത്മഗതം) കുറേ കരുത്തുള്ളതുതന്നെ എന്റെ അഭിനിവേശം; ഇവരെയും പെട്ടെന്നറിയിപ്പാൻ ഞാനാളാകുന്നില്ല

പ്രിയംവദ:—തോഴി, ശരിയാണിവൾ പറയുന്നത്. നീയെന്താണ് സ്വന്തം സുഖക്കേടിനെ വകവെയ്ക്കാത്തത്? നിന്റെ അവയവങ്ങൾ നാൾക്കുനാൾ തേഞ്ഞുവരുന്നു. സൌന്ദര്യശ്രീമാത്രം നിന്നെ വിട്ടുപോകുന്നില്ല.

രാജാ:—പരമാർത്ഥമാണ് പ്രിയംവദ പറഞ്ഞത്.

ഒട്ടീ പൂങ്കവിളേററവും, മുലകളിൽ-
ക്കാഠിന്യമില്ലാതെയായ്,
മററും തോളിണതാണുപോയ്, നടു തുലോം
വാടീ, വിളർത്തൂ നിറം;
ഏവം ശോച്യയുമിഷ്ടദർശനയുമായ്
ശ്ലോഭിപ്പു കന്ദർപ്പമാൽ
താവുന്നോരിവൾ, കാററടിച്ചിലയുണ-
ങ്ങീടുന്ന വാസന്തിപോൽ! ൧

ശകുന്തള:—തോഴി, മററാരോടു ഞാൻ പറയും? പക്ഷേ ഞാൻ നിമിത്തം നിങ്ങൾക്കു നടുക്കം തിരിച്ചലായിത്തീരുമല്ലോ!

രണ്ടുപേരും:—അതുകൊണ്ടുതന്നെയാണ് നിർബ്ബന്ധിക്കുന്നത്. സ്നേഹിക്കുന്നവരിൽ പങ്കിട്ടാൽ ദുഃഖം പൊറുക്കാവുന്നതായിത്തീരുമല്ലോ.

രാജാ:—

സുഖവുമസുഖവും പങ്കേല്ക്കുവോർ ചോദ്യമാന്നാൽ
തനതുഴലിനു മൂലം തെല്ലുലോതാതിരിയ്ക്കാ;
ഇവരം പലവുരുവെൻ നേക്കായ്ത്തിരിഞ്ഞാശയാ നോ-
ക്കിടുകിലുമിനിയെന്താം കേൾപ്പതെന്നുൾബ് ഭയംമേ. ൮

ശകുന്തള:—തോഴി, എന്നാരണോ, തപോവന രക്ഷിതാവായ ആ രാജർഷിയെ ഞാൻ കണ്ടെത്തിയത്, അന്നു മുതല്ക്കേ അദ്ദേഹത്തിൽ അഭിലാഷത്താലാണ് ഞാൻ ഈ നിലയിലായിത്തീന്നത്.

രാജാ:—(സഹർഷം) കേൾക്കേണ്ടതു കേട്ടു.

മനോഭവൻ തന്നെയെനിക്കു താപ-
മണയ്ക്കുവാനും കളയാനുമാളായ്;
ജീവിവ്രജത്തിന്നു തപാത്യയത്തിൽ-
ക്കാർമൂടിമങ്ങും ദിവസം കണക്കേ. ൯

ശകുന്തള:—അതുകൊണ്ടു നിങ്ങൾക്കു സമ്മതമാണെങ്കിൽ ആ രാജർഷിയ്ക്കു് എന്റെ പേരിൽ കനിവു തോന്നുവാൻ വേണ്ടതു ചെയ്യുവിൻ; മറിച്ചാണെങ്കിൽ, എനിയ്ക്കു് ഉദകക്രിയ ചെയ്യാം.

രാജാ:— സംശയമററ വാക്ക്!

പ്രിയംവദ:—(സ്വകാര്യം) അനസൂയേ, അങ്ങേ അററത്തെത്തിരിക്കുന്നു ഇവളുടെ കാമം; ഇനി അമാന്തിച്ചുകൂടാ. ഇവളുടെ അനുരാഗം പതിഞ്ഞിരിക്കുന്നതു പൌരവാലങ്കാരഭൂതനായ ഒരാളിലാണല്ലോ; അതിനാൽ അഭിനന്ദനീയമാണ് ഇവളുടെ അഭിലാഷം.

അനസൂയ:—(സ്വകാര്യം) നീ പറയുന്നതു ശരിയാണു് (പ്രകാശം) തോഴി, ഭാഗ്യം, അനുരൂപംതന്നെ നിന്റെ അഭിനിവേശം. സമുദ്രത്തിലല്ലാതെ മഹാനദി മറെറവിടെ ചെന്നു ചേരുന്നു?

പ്രിയംവദ;—തേന്മാവിനല്ലാതെ തളിർത്ത കുരുക്കുത്തിമുല്ലയെ ഏതിനു കിട്ടുന്നു?

രാജാ:—വിശാഖകൾ രണ്ടും ചന്ദ്രലേഖയെ അനുവർത്തിക്കുന്നതിൽ അദ്ഭുതമെന്തുള്ളു?

അനസൂയ:—ഇനിയെന്താണുപായം, വേഗത്തിലും 'സ്വകാര്യ'ത്തിലും സഖിയുടെ മനോരഥം സാധിപ്പിയ്ക്കാൻ?

പ്രിയംവദ:—'സ്വകാര്യ'ത്തിൽ എന്നതേ ആലോചിയ്ക്കാനുള്ളൂ. വേഗത്തിലെന്നത് എളുപ്പമാണ്.

അനസൂയ:—അതെന്തുകൊണ്ട്?

പ്രിയംവദ:—ആ രാജർഷി ഇവളിൽ, സസ്നേഹമായ നോട്ടത്താൽ അഭിലാഷം സൂചിപ്പിയ്ക്കുന്നതും, ഇയ്യിടയിലെല്ലാം ഉറക്കമില്ലായ്കയാൽ ചടച്ചിരിയ്ക്കുന്നതും കാണുന്നില്ലയോ?

രാജാ:—ശരിയാണ്, ഇങ്ങിനെതന്നെയായിരിയ്ക്കുന്നു എന്റെ സ്ഥിതി:—

അന്തസ്താപഭരത്തിനാൽ നിശകളിൽ-
കൈത്തണ്ടമേൽച്ചേർത്ത നേ-
ത്രാന്തത്തിൻ വഴി തപ്തബാഷ്പമൊഴുകി
ശ്രീയററ രത്നത്തൊടും
ഞാന്നാടിൽപ്പെട്ടുരുത്തേശിടാതെ മണി ബ-
ന്ധം വിട്ടിടയ്ക്കൊക്കെയി-
ത്തങ്കക്കൈവള പേർത്തു മൂരുമളവിൽ-
ക്കേറുന്നിതപ്പപ്പൊഴും ഞാൻ! ൧൦

പ്രിയംവദ:—(ആലോചിച്ച്) അദ്ദേഹത്തിന് ഒരു കാമലേഖം എഴുതുക. ഞാൻ അതു പൂക്കൾക്കുള്ളിൽ മറച്ചു വെച്ച്, ദേവന്റെ പ്രസാദമാണെന്ന നിലയ്ക്ക് ആ രാജർഷിയുടെ കയ്യിലെത്തിച്ചുകൊള്ളാം.

അനസൂയ:—കൊള്ളാം ഈ 'പൊടിക്കയ്യ്' നന്ന്. ശകുന്തള എന്തു പറയുന്നു?

ശകുന്തള:---നിങ്ങൾ നിയോഗിക്കുന്നതിൽ ഞാൻ സംശയിക്കുകയോ?

പ്രിയംവദ:—എന്നാൽ സ്വന്തം സ്ഥിതി കാണിക്കുന്ന ഒരു ലളിതപദ്യം ആലോചിക്കൂ.

ശകുന്തള:—ആലോചിക്കാം; എന്നാൽ തള്ളിക്കളഞ്ഞാലോ എന്നു പേടിച്ച് എന്റെ ഹൃദയം വിറക്കുന്നു.

രാജാ:—നിൻചേർച്ച കാംക്ഷിച്ചിത, കാത്തുനിൽപ്പൂ,
നീ നിന്ദശങ്കിച്ചിടുമാളധീരേ!
ശ്രീവന്നിടാമർത്ഥിയി,ലില്ലയെന്നാം;
ശ്രീക്കിഷ്ടനെമ്മട്ടു ദുരാപനായ്പോം? ൨൨

സഖിമാർ:—സ്വന്തം ഗുണങ്ങളെ അവമാനിക്കുന്നവളേ, ശരീരം കുളിർപ്പിക്കുന്ന ശരന്നിലാവിനെ ആരെങ്കിലും വസ്ത്രത്തുമ്പുകൊണ്ടു മറയ്ക്കാറുണ്ടോ?

ശകുന്തള:—(പുഞ്ചിരിയിട്ട്) നിങ്ങൾ പറയുംപോലെ ചെയ്യാം.

(ഇരുന്നു് ആലോചിക്കുന്നു.)

രാജാ:—ഞാൻ കണ്ണിമയ്ക്കാതെ പ്രിയതമയെ നോക്കുന്നത് അസ്ഥാനത്തല്ലതന്നെ:

പദരചനയോക്കമിവൾ ത-
ന്നൊരു പുരികക്കൊടിയുയൎന്നതായ മുഖം
പുളകം മുളച്ച കവിളാൽ
വെളിവാക്കീടുന്നിതെങ്കലനുരാഗം. ൧൨

ശകുന്തള:—ഞാനൊരു പദ്യം ആലോചിച്ചുവെച്ചിട്ടുണ്ട്. എഴുതാനുള്ള സാധനമൊന്നുമില്ലല്ലോ.

പ്രിയംവദ:—തത്തയുടെ വയറുപോലെ കോമളമായ ഈ താമരയിലയിൽ നഖംകൊണ്ടു കുറിച്ചുകൊള്ളുക.

ശകുന്തള:—(അപ്രകാരം ചെയ്തിട്ട്) തോഴിമാരെ, കേൾക്കുവിൻ, അൎത്ഥം ശരിയാകുമോ, ഇല്ലയോ എന്ന്.

സഖിമാർ:— ഞങ്ങൾ ശ്രദ്ധിക്കുന്നുണ്ട്.

ശകുന്തള:—(വായിക്കുന്നു.)

നിന്നാശയമിവളറിയാ;
നിങ്കൽക്കൊതി ചേരുമെന്റെ മെയ്യാകെ
നിൎദ്ദയ, ചുടുവിപ്പൂ സ്മര-
നിളവില്ലാതിരവു പകലുമൊരുപോലെ! ൧൩

രാജാ:—(പെട്ടെന്നു അടുത്തുചെന്ന്)

നിന്നെക്കൃശാങ്ഗി, ചുടുവി-
യ്ക്കുന്നു സ്മരനെന്നെയിട്ടെരിക്കുന്നു:
വാർമതിയെ യെന്നവണ്ണം
വാട്ടുകയില്ലാദിനം കുമുദതതിയെ! ൧൪

സഖിമാർ:---(സഹർഷം) സ്വാഗതം, വൈകാതെ വന്നു ചേൎന്ന മനോരഥത്തിന്ന്!

(ശകുന്തള എഴുന്നേല്പാൻ ഭാവിക്കുന്നു.)

രാജാ:---അരുത്, ബുദ്ധിമുട്ടരുത്:

പെരുത്തുചൂടാൻ ജ്വരവേദനവാട്ടം
പെട്ടും ബിസത്തുണ്ടുകൾ തൻസുഗന്ധം
പകൎന്നു, പൂമെത്ത പതിഞ്ഞതാം നി-
ന്നടല്ലെഴുന്നീല്പുപചാരശേഷി! ൧൯

അനസൂയ:—സ്നേഹിതൻ ഈ പാറമേൽ ഒരിടത്തിരുന്നാലും.

(രാജാവിരിക്കുന്നു; ശകുന്തള ലജ്ജിച്ചു നില്ക്കുന്നു.)

പ്രിയംവദ:---നിങ്ങൾക്കിരുവൎക്കും തമ്മിലുള്ള അനുരാഗം പ്രത്യക്ഷമായിരിക്കുന്നു. എങ്കിലും സഖിസ്നേഹം എന്നെക്കൊണ്ടു പിന്നേയും പറയിക്കുകയാണ്.

രാജാ:—ഭദ്രേ, അതു വേണ്ടെന്നു വെക്കരുത്. പറയാനുള്ളതു പറയാഞ്ഞാൽ പശ്ചാത്തപിക്കേണ്ടതായി വരുമല്ലോ.

പ്രിയംവദ:—'കഷ്ടപ്പെടുന്ന നാട്ടുകാരുടെ സങ്കടം രാജാവു തീൎക്കണം'എന്നാണല്ലോ നിങ്ങളുടെ ധൎമ്മം.

രാജാ:—ഇതിലും മീതെ മറെറാന്നുമില്ല.

പ്രിയംവദ:—എന്നാൽ ഇവിടുന്നു നിമിത്തം ഞങ്ങളുടെ ഈ തോഴിയെ കാമദേവൻ ഈയൊരു നിലയിലാക്കിയിരിക്കുന്നു; അതിനാൽ കനിഞ്ഞ് ഇവളുടെ ജീവിതം നിലനിൎത്തുമാറാക്കണം.

രാജാ:—ഭദ്രേ, എനിക്കും ഉണ്ടു് ഈ അപേക്ഷ. എല്ലാം കൊണ്ടും ഞാൻ അനുഗൃഹീതനായി.

ശകുന്തള:—(പ്രിയംവദയെ നോക്കി) അന്തഃപുരവിരഹത്താൽ പര്യുത്സുകനായിരിക്കുന്ന രാജർഷിയെ ഉപദ്രവിക്കേണ്ട.

രാജാ:—ഹൃദയമിതനന്യരതിമേ;

ഹൃദയസ്ഥേ, നീ മറിച്ചു കരുതിടുകിൽ
മന്മഥ ശരഹതനാം ഞാൻ
ഹതനായേൻ പിന്നെയും മദിരനേത്രേ! ൧൬

അനസൂയ:—സ്നേഹിത, രാജാക്കന്മാർക്കു വളരെ ഭാര്യമാരുണ്ടായിരിക്കുമെന്നു കേട്ടിട്ടുണ്ടു്. ഞങ്ങളുടെ ഉററ തോഴിയെക്കുറിച്ചു ബന്ധുക്കൾക്കു സങ്കടപ്പെടാനിടവരാതെ കഴിക്കണം.

രാജാ:—ഭദ്രേ, എന്തിനേറെ:—

ബഹുപരിഗ്രഹനാണിവനെങ്കിലും
മമകുലത്തിനതാങ്ങിവരണ്ടു താൻ;
ഉദധികാഞ്ചിയണിഞ്ഞെഴു മൂഴിയും
ഭവതിമാരുടെ യുററൊരു തോഴിയും! ൧൭

സഖിമാർ.—ഞങ്ങൾക്കാശ്വാസമായി:

പ്രിയംവദ:—(കണ്ണിട്ടു്) അനസൂയേ, ഇതാ, ഈ മാങ്കുട്ടി ഉൽക്കണ്ഠയോടെ അങ്ങുമിങ്ങും നോക്കി തള്ളയെത്തിരയുന്നു. വരു, ഇതിനെക്കൊണ്ടുപോയാക്കാം.

(രണ്ടുപേരും പുറപ്പെടുന്നു.)

ശകുന്തള:—എനിയ്ക്കാരും തുണയില്ലല്ലോ. നിങ്ങളിൽ ആരെങ്കിലുമൊരാൾ പോയാൽ മതി.

സഖിമാർ.—ഭൂമിയ്ക്കെല്ലാം തുണയായിട്ടുള്ള ആളുണ്ടല്ലോ നിന്റെ അടുക്കൽ.

(രണ്ടുപേരും പോയി.)

ശകുന്തള:—അല്ലാ, രണ്ടാളും പോയ്ക്കളഞ്ഞുവോ!

രാജാ:—വേണ്ട, ഒട്ടും പരിഭ്രമിയ്ക്കേണ്ട: ശുശ്രൂഷിയ്ക്കാനാളുണ്ടല്ലോ നിന്റെ അടുക്കൽ.

വീശേണമോ നളിന ശീതളപത്രതാല-
വൃന്തങ്ങളാൽ ക്ലമമറും കുളിർവായുവേല്പാൻ?
അല്ലെങ്കിലെൻ മടിയിൽ വെച്ചുവരോരു, നിന്റെ
ചെന്തണ്ടലക്ഴൽ തലോടണമോ സുഖം ഞാൻ? ൧൮

ശകുന്തള:—ഞാൻ മാന്യന്മാരിൽ തെററുകാരിയാകയില്ല;

(എഴുന്നേററു പോകാൻ ഭാവിയ്ക്കുന്നു.)

രാജാ:—സുന്ദരി, നല്ലവണ്ണം വെയിലാറിയിട്ടില്ല; നിന്റെ സ്ഥിതി ഇങ്ങിനെയും!

മലർവിരി വെടിഞ്ഞുതാമര-
യിലയൊന്നാലേ കുചംമറച്ചിഹനീ
എങ്ങിനെപോകും വെയില-
ത്തേററം തുയിരാൽത്തളന്ന ഗാത്രവുമായ്? ൧൯

(പിടിച്ചു പിന്മാററുന്നു.)

ശകുന്തള:—പൌരവ, വിനയം വിടരുത്. ഞാൻ കാമസന്തപ്തയാണെങ്കിലും സ്വതന്ത്രയല്ല.

രാജാ:—ഭയശീലേ, അച്ഛനെ ഭയപ്പെടാനില്ല. ധർമ്മജ്ഞനായ തത്രഭവാൻ കുലപതി കേട്ടറിഞ്ഞാലും ഇതിൽ ഭവതിയെ കുറ്റപ്പെടുത്തുകയില്ല. നോക്കു:

ഗാന്ധർവ്വമായ് വേളികഴി-
ഞ്ഞേറെ രാജർഷികന്യമാർ
പിതാക്കളാലേ കൊണ്ടാട-
പ്പെട്ടതായ് കേട്ടിരിപ്പു ഞാൻ. ൨൦

ശകുന്തള:—ഹേ, ഒന്നു വിടൂ. ഞാൻ ഒരിക്കൽക്കൂടി സഖിമാരോടു സമ്മതം വാങ്ങട്ടെ.

രാജാ:—ആകട്ടെ, വിടാം.

ശകുന്തള:—എപ്പോൾ?

രാജാ:—അപരിക്ഷതമായ് മിന്നപ്പെഴും നി-
ന്നധരത്തിന്റെ രസത്തെ ഞാൻ സതൃഷ്ണൻ
മധുപൻ പുതുപുഷ്പമാധ്വിയെപ്പോൽ-
സ്സദയം സുന്ദരി, ലേശമാസ്വദിച്ചാൽ. ൨൧

(അവളുടെ മുഖം പിടിച്ചുയർത്താൻ ഭാവിക്കുന്നു; ശകുന്തള മുഖം തിരിക്കുന്നു.)

(അണിയറയിൽ)

ചക്രവാകി, കൂട്ടുകാരനോടു 'യാത്ര പറഞ്ഞുകൊൾക' രാത്രി സമീപിച്ചുകഴിഞ്ഞു.

ശകുന്തള:—(കേട്ടു പരിഭ്രമത്തോടെ) പൌരവ, സംശയമില്ല, എന്റെ ദേഹസ്ഥിതിയറിയാൻ ഗൌതമിയമ്മ ഇങ്ങോട്ടു വരുന്നുണ്ടു് അതിനാൽ മരച്ചില്ലകൾക്കിടയിൽ മറഞ്ഞു നില്ക്കണേ!

(രാജാവ് അപ്രകാരം ചെയ്യുന്നു. അനന്തരം കയ്യിൽ പാത്രവുമായി താപസിയും സഖിമാരും പ്രവേശിക്കുന്നു.)

സഖിമാർ:—ഗൌതമിയമ്മേ, ഇതാ, ഇതിലെ.

ഗൌതമി:—(ശകുന്തളയുടെ അടുത്തുചെന്നു) കുഞ്ഞേ, നിന്റെ സുഖക്കേടിനു കുറവുണ്ടോ?

ശകുന്തള:—കുറെ ഭേദമുണ്ടു്.

ഗൌതമി.—ഈ തീർത്ഥംകൊണ്ടു നിനക്കു നല്ല സുഖം കിട്ടും.

(ശകുന്തളയുടെ തലയിൽത്തളിച്ചു്) കുഞ്ഞേ, നേരം അസ്തമിക്കാറായി. വരൂ, പർണ്ണശാലയിലേക്കു പോവുക.

(പുറപ്പെടുന്നു.)

ശകുന്തള:—(ആത്മഗതം) ഹൃദയമേ, മനോരഥം നിഷ്പ്രയാസം വന്നുചേർന്നപ്പോൾ നീ ശങ്കവിട്ടില്ല; ഇപ്പോൾ പശ്ചാത്താപപ്പെടുമ്പോളെങ്ങിനെ? (കുറച്ചടി നടന്നു നിന്നിട്ടു്, പ്രകാശം) സന്താപം മാററിത്തന്ന വള്ളിക്കുടിലേ, ഞാൻ യാത്ര ചോദിക്കുന്നു. ഇനിയും സുഖമനുഭവിപ്പാൻ വരാം.

(ശകുന്തള ദുഃഖത്തോടെ മററുള്ളവരൊന്നിച്ചു പോയി.)

രാജാ:—(മുൻസ്ഥാനത്തുചെന്നു നെടുവീൎപ്പിട്ടു്) അമ്പോ, അഭീഷ്ടസിദ്ധിക്കുള്ള പ്രതിബന്ധങ്ങൾ! ഞാൻ,

തെരുതെരെ വിരലാൽച്ചെ്ചഞ്ചോരിവാപൊത്തി വെണ്ണ-
ന്നിടർ മട്ടമൊഴികൊഞ്ചിക്കൊണ്ടു തോളിൽത്തിരിക്കേ,
ഒരു നിലയിലുയൎത്തിക്കൊൾകിലും പക്ഷ്മളാക്ഷീ-
മണിയുടെ മുഖ,മൊട്ടും ചുംബനം ചെയ്തതില്ലാ! ൨൨

ഇനി ഞാൻ എവിടെക്കു പോകേണ്ടു? അല്ലെങ്കിൽ പ്രിയതമ അനുഭവിച്ചുപേക്ഷിച്ച ഈ വള്ളിക്കുടിലിൽത്തന്നെ കുറച്ചുനേരം ഇരിക്കാം. (എല്ലാടത്തും നോക്കിയിട്ടു്)

പൂന്തല്പം ദയിതാശരീരലുളിതം
പാറപ്പുറത്തുണ്ടിതാ;
ക്ലാന്തം പുഷ്കരിണീദളേ നഖകൃതം
കാമക്കുറിപ്പിങ്ങിതാ;
കൈവിട്ടുന്നു മൃണാളമാം വളയിതാ;
എന്നോർത്തമേ കൺപതി-
ഞ്ഞീ, വഞ്ചിക്കുടിൽ ശൂന്യമാകിലു മെനി-
ക്കാവില്ലുടൻ താൻ വിടാൻ! ൨൩

(ആകാശത്തു്:)

രാജാവേ,

സാന്ധ്യേഷ്ടിതൻ ക്രിയമുറയ്ക്കു തുടങ്ങവേ തീ
ച്ചിന്തിജ്ജ്വലിക്കുമൊരു വേദികതന്റെ ചുററും
വങ്കെട്ടണപപ്പരിഷതൻ നിഴൽപാറിടുന്നു
സന്ധ്യാപയോദകപിശം ബഹുധാ,ത്രിഭീമം! ൨൪

രാജാ.—ഇതാ, ഇതാ, ഞാൻ വരുന്നു!

(പോയി.)

മൂന്നാമങ്കം കഴിഞ്ഞു.

# നാലാമങ്കം

(അനന്തരം പൂവറുത്തുകൊണ്ടു സഖിമാർ പ്രവേശിക്കുന്നു.)

അനസൂയ:--പ്രിയംവദേ, ഗാന്ധർവ്വവിധിപ്രകാരം വിവാഹം ചെയ്യപ്പെട്ട ശകുന്തള അനുരൂപനായ ഭർത്താവിനോടു ചേർന്നതിൽ എനിക്കു സമാധാനമായി; എങ്കിലും ഇതൊന്നാലോചിക്കേണ്ടതുണ്ട്.

പ്രിയംവദ:—എന്ത്?

അനസൂയ:—ഇന്നു യാഗം കഴിഞ്ഞ് ഋഷിമാരാൽ യാത്രയാക്കപ്പെട്ട ആ രാജർഷി സ്വന്തം രാജധാനിയിലെത്തി അന്തഃപുരങ്ങളോടു ചേർന്നാൽപ്പിന്നെ ഇവിടെവെച്ചു നടന്നത് ഓർമ്മിക്കുമോ ഇല്ലയോ എന്ന്.

പ്രിയംവദ:—സമാധാനിച്ചിരിക്കുക; അത്തരം വിശിഷ്ടാകൃതികൾക്കു ഗുണങ്ങളോടു വിരോധമുണ്ടാകയില്ല. എന്നാൽ അച്ഛൻ ഈ വർത്തമാനം കേട്ടാൽ എന്താണാവോ വിചാരിക്കുക എന്നാണെനിക്ക്.

അനസൂയ:—എനിക്കു തോന്നുന്നത് അദ്ദേഹത്തിന്നു സമ്മതമാകുമെന്നാണ്.

പ്രിയംവദ.—എന്തുകൊണ്ട്?

അനസൂയ:—ഗുണവാനായ ഒരാൾക്കു കന്യകയെ കൊടുക്കണമെന്നാണല്ലോ, മുമ്പുതന്നെ അച്ഛന്റെ വിചാരം. അതു ദൈവംതന്നെ നിറവേററിയതിനാൽ അച്ഛന്നു ബുദ്ധിമുട്ടു കൂടാതെ കാര്യം സാധിച്ചുവല്ലോ.

പ്രിയംവദ.—അതു ശരിയാണ്. (പൂക്കൂട നോക്കിയിട്ട്) തോഴി, പൂജയ്ക്കു വേണ്ടുന്ന പൂക്കളെറുത്തു കഴിഞ്ഞു.

അനസൂയ:—ശകുന്തളയ്ക്കു സൌഭാഗ്യദേവതയെ പൂജിക്കേണ്ടയോ?

പ്രിയംവദ:—ശരിതന്നെ.

(വീണ്ടും പൂവറുക്കുന്നു)

(അണിയറയിൽ)

ഹേ, ഇതാ, ഞാൻ.

അനസൂയ:—(കേട്ടിട്ട്) അതിഥികളുടെ അറിയിപ്പുപോലെയിരിക്കുന്നു.

പ്രിയംവദ:—പർണ്ണശാലയിൽ ശകുന്തളയുണ്ടല്ലോ.

അനസൂയ:—പക്ഷേ, ഇപ്പോൾ മനസ്സുകൊണ്ടു് ഉണ്ടായിരിക്കയില്ല.

പ്രിയംവദ:—ആട്ടെ, ഇത്രമതി പൂവ്.

(രണ്ടുപേരും പുറപ്പെടുന്നു.)

(അണിയറയിൽ)

എടി, അതിഥികളെ ധിക്കരിക്കുന്നവളേ,

അനന്യഹൃത്തായെവനെ സ്മരിക്കയാൽ
തപസ്വി ഞാൻ വന്നതറിഞ്ഞതില്ല നീ;
ഓർക്കാതെപോം നിന്നെയവൻ, കഥിക്കിലും
ഭ്രാന്തുള്ളവൻ മുൻ കഥയെക്കണക്കിനേ! ൧

അനസൂയ:—അയ്യോ, കഷ്ടം! അതുതന്നെ പററി! ഏതോ ഒരു പൂജ്യങ്കൽ തെററുകാരിയായിപ്പോയി. ശൂന്യഹൃദയയായ ശകുന്തള. (നോക്കിയിട്ട്) ഏതെങ്കിലും ഒരാളിലല്ലല്ലോ! ഇതാ, മഹാ ശുണ്ഠിക്കാരൻ ദുർവ്വാസസ്സു മഹർഷി അങ്ങിനെ ശപിച്ചുംകളഞ്ഞ് കലികേറിത്തുള്ളിപ്പുളച്ചു തട്ടൂത്തുകൂടാത്ത മട്ടിൽ മടങ്ങിപ്പോകുന്നു.

പ്രിയംവദ:—അഗ്നിയല്ലാതെ മററാരാണ് പൊള്ളിയ്ക്കുക!

അനസൂയ:—ചെല്ലു, കാല്ക്കൽ വീണ് അദ്ദേഹത്തെ തിരിയെ കൊണ്ടുവരു; അപ്പോഴെയ്ക്കും ഞാൻ കാൽ കഴുകിയ്ക്കുവാനുള്ള വെള്ളമെടുത്തു വന്നുകൊള്ളാം.

പ്രിയംവദ:—അങ്ങിനെതന്നെ.

(പോയി.)

അനസൂയ:—(കുറച്ചടി നടന്നു കാലിടറുന്നതായി നടിച്ച്) അയ്യോ; പരിഭ്രമംനിമിത്തം കാലിടറിയതിനാൽ എന്റെ കയ്യിൽനിന്നു പൂക്കൂട വീണുപോയല്ലോ!

(പൂ പെറുക്കുന്നു)

പ്രിയംവദ:—(പ്രവേശിച്ച്) ആ വക്രശീലനുണ്ടോ ആരുടെയെങ്കിലും സാന്ത്വനം സ്വീകരിയ്ക്കുന്നു? എങ്കിലും എനിയ്ക്കു കുറഞ്ഞൊന്നു കനിയിയ്ക്കുവാൻ കഴിഞ്ഞു.

അനസൂയ:—(പുഞ്ചിരിയിട്ട്) ഇതുതന്നെ അധികമായി അദ്ദേഹത്തിന്റെ വിഷയത്തിൽ. പറയു, പറയു.

പ്രിയംവദ:—സാന്ത്വനംകൊണ്ടും തിരിച്ചുപോരാൻ ഭാവമില്ലെന്നു കണ്ടപ്പോഴാം ഞാനറിയിച്ചു. 'ഭഗവൻ, പരമാ

ത്ഥമറിഞ്ഞിട്ടില്ലാത്ത മകളുടെ ഈയൊരപരാധം പൂൎവ്വഭക്തിയെയോൎത്തു ക്ഷമിക്കണം' എന്നു്.

അനസൂയ:—അപ്പോഴോ?

പ്രിയംവദ:—അപ്പോൾ, 'എന്റെ വാക്കു മറിച്ചാവുകയില്ല; എന്നാൽ, അടയാളം കാണിച്ചാൽ ശാപമോക്ഷം വരും' എന്നു മുറുമുറുത്തുകൊണ്ടുതന്നെ മറഞ്ഞുകളഞ്ഞു.

അനസൂയ:—എന്നാൽ ആശ്വാസമായി. ആ രാജൎഷി പുറപ്പെടുമ്പോൾ തന്റെ പേർ കൊത്തിയിട്ടുള്ള മോതിരം ഓൎമ്മക്കാണെന്നു പറഞ്ഞു് ഇടുവിച്ചിട്ടുണ്ടല്ലോ; അതിനാൽ ഉപായം ശകുന്തളയ്ക്കു സ്വാധീനംതന്നെ.

പ്രിയംവദ:—വരു, നമുക്കു ദേവാരം കഴിക്കുക.

(രണ്ടുപേരും ചുററി നടക്കുന്നു.)

പ്രിയംവദ:—(നോക്കിയിട്ടു്) അനസൂയേ, നോക്കു: ഇതാ ശകുന്തള ഇടംകയ്യിൽ മുഖവുംവെച്ചു ചിത്രത്തിലെഴുതിവെച്ച മാതിരിയിരിക്കുന്നു. ഭൎത്താവിനെപ്പററിയുള്ള വിചാരത്താൽ ഇവൾ തന്നെത്താൻപോലും അറിയുന്നില്ല. പിന്നെയുണ്ടോ അതിഥിയെ!

അനസൂയ:—പ്രിയംവദേ, ഈ വൎത്തമാനം നമ്മുടെ രണ്ടുപേരുടേയും ഉള്ളിൽത്തന്നെ ഇരുന്നുകൊള്ളട്ടെ; പ്രകൃതികോമളയായ ഉററതോഴിയെ രക്ഷിക്കണമല്ലോ.

പ്രിയംവദ:—ആരെങ്കിലും ചുടുവെള്ളംകൊണ്ടു പിച്ചകവള്ളിയെ നനയ്ക്കുമോ?

([illegible]യി.)

പ്ര[illegible]

161642
015.2D40:1
3252
MUL
161642
UNIVERSITY LIBRA[illegible]

(അനന്തരം ഉറങ്ങിയെഴുന്നേററ ശിഷ്യൻ പ്രവേശിക്കുന്നു.)

ശിഷ്യൻ.—നേരം നോക്കാൻ എന്നോടാജ്ഞാപിച്ചിരിന്നു; മറുനാട്ടിൽനിന്നു തിരിച്ചെത്തിയ തത്രഭവാൻ കാശ്യപൻ. അതിനാൽ പുറത്തുചെന്നു പുലരാനെത്രയുണ്ടെന്നു നോക്കാം.

(ചുററിനടന്നു നോക്കിയിട്ട്) ഓഹോ പ്രഭാതമായി!

പൂകീടുന്നിതൊരേടമസ്തമുടിമേ-
ലിയോഷധീനായകൻ;
മറെറാടത്തു പുരോഗനാമരുണനെ-
ക്കാണിച്ചിടുന്നു രവി;
ഒപ്പം രണ്ടുമഹസ്സിൽ വന്നുപെടുമീ-
യാപത്തു,മുൽക്കർഷവും
ലോകത്തെ സ്വദശാന്തരങ്ങളിൽ മന-
സ്സ്ഥൈൎയ്യം പഠിപ്പിപ്പിതോ

അത്രമാത്രമല്ല,

ചന്ദ്രൻ മറഞ്ഞളവു നേത്രസുഖം തരുന്ന-
തില്ലാ,ക്കുമുദ്വതിയുമേ പ്രഭ മാഞ്ഞിടാനീ:
സ്വന്തം മണാളനൊടു വേറുപിരിഞ്ഞിരിക്കെ-
യേന്തുന്ന ദുഃഖമബലക്കതിദുസ്സഹം താൻ. ൩

അനസൂയ:—(തിരനീക്കി പ്രവേശിച്ച്) ഇങ്ങിനെതന്നെയാണ്; ഇതു, വിഷയങ്ങളിൽ താല്പൎയ്യമില്ലാത്തവൎക്കും അറിയാം: ആ നിലയിലായിരുന്ന രാജാവ് ശകുന്തളയോടു കാട്ടിയത് അന്യായംതന്നെയാണ്.

ശിഷ്യൻ:—ഹോമത്തിന്നു സമയമായി എന്നു ഗുരുവിനെ അറിയിക്കട്ടെ.

(പോയി.)

അനസൂയ:—ഞാൻ ഉണൎന്നെഴുനേററിരിക്കുന്നു എങ്കിലും എന്തുചെയ്യും? പതിവായുള്ള ജോലികളിൽപോലും എന്റെ കയ്യും കാലും പെരുന്നില്ല. കാമൻ ഇപ്പോൾ സകാമനായിക്കൊള്ളട്ടെ; നേരുകെട്ട ഒരാളിൽക്കൊണ്ടുപോയി ച്ചാടിച്ചുകളഞ്ഞുവല്ലോ. അന്യചിന്തയില്ലാത്ത തോഴിയെ! അഥവാ ദുൎവ്വാസസ്സിന്റെ ശാപമാണ് ഈ മാററം ഉണ്ടാക്കിത്തീൎത്തത്. അല്ലെങ്കിൽ ആ രാജൎഷി അങ്ങിനെയൊക്കെ പറഞ്ഞുവെച്ചിട്ട് ഇത്രവരെ ഒരെഴുത്തുപോലും അയയ്ക്കാതിരിക്കുമോ? അതിനാൽ ഓൎമ്മപ്പെടുത്തുന്നതിന്നു മോതിരം അദ്ദേഹത്തിന്ന് അയച്ചുകൊടുക്കാം. പക്ഷെ, പരുക്കന്മാരായ തപസ്വികളിൽ ആരോടാണപേക്ഷിക്കുക! കുററം ശകുന്തളയ്ക്കല്ല എന്നുറപ്പുണ്ടെങ്കിലും മറുനാട്ടിൽനിന്നു മടങ്ങിയെത്തിയ താതകാശ്യപനോട്, 'ശകുന്തള ദുഷ്ഷന്തനാൽ വിവാഹം ചെയ്യപ്പെട്ടു ഗൎഭിണിയായിരിക്കുന്നു' എന്നറിയിപ്പാൻ എനിക്കു ധൈൎയ്യം പോരാ. ഇങ്ങിനെയായിരിക്കെ എന്തു ചെയ്യേണ്ടു?

പ്രിയംവദ:—(പ്രവേശിച്ചു ഹൎഷത്തോടെ) തോഴി, വേഗം വരൂ; വേഗം വരൂ, ശകുന്തളയ്ക്കു യാത്രാമംഗളം അനുഷ്ഠിപ്പാൻ.

അനസൂയ:—ഇതെങ്ങിനെ?

പ്രിയംവദ:—കേട്ടുകൊള്ളുക: ഇപ്പോഠം ഞാൻ ഉറക്കം സുഖമായൊ എന്നു ചോദിപ്പാൻ ശകുന്തളയുടെ അടുക്കൽ പോയിരുന്നു.

അനസൂയ:— എന്നിട്ടു്?

പ്രിയംവദ:—അപ്പോഠം, താതകാശ്യപൻ, ലജ്ജിച്ചു മുഖം താഴ്ത്തിനില്ക്കുന്ന അവളെ കെട്ടിപ്പുണന്നു് ഇങ്ങിനെ അഭിനന്ദിക്കുകയായിരുന്നു: 'ഭാഗ്യം, പുകകൊണ്ടു കണ്ണുകാണാതായിരുന്നുവെങ്കിലും ഹോതാവിൻെറ ആഹുതി അഗ്നിയിൽത്തന്നെ വീണു. കുഞ്ഞേ, നല്ല ശിഷ്യനുകലർപ്പിച്ച വിദ്യയെ എന്നപോലെ നിന്നെക്കുറിച്ചു ഞാൻ സങ്കടപ്പെടേണ്ടതില്ല. ഇന്നുതന്നെ ഋഷിമാരോടുകൂടി നിന്നെ ഭത്താവിൻെറ അടുക്കലേയ്ക്കയയ്ക്കാം' എന്നു്.

അനസൂയ:—ആരാണ് ഈ വത്തമാനം താതകാശ്യപനോടു പറഞ്ഞതു്?

പ്രിയംവദ.—അഗ്നിഹോത്രശാലയിൽച്ചെന്നപ്പോഠം ഛന്ദോമയിയായ ഒരശരീരി വാക്കാണ്.

അനസൂയ:—(ആശ്ചയ്യത്തോടെ) ചൊല്ലു; ചൊല്ലു.

പ്രിയംവദ:—

ഭവിൻ ഭ്രതിയ്ക്കു ദുഷ്ഷന്ത-
തേജസ്സാഠംകൊണ്ടു നിന്മകഠം
ബ്രഹ്മൻ, തീയുഠംച്ചേന്ന ശമി-
യ്ക്കൊത്തോളെന്നു ധരിയ്ക്കുക!

അനസൂയ:—(പ്രിയംവദയെക്കെട്ടിപ്പുണന്ന്) തോഴി, എനിക്കു സന്തോഷമായി. പക്ഷേ, ഇന്നുതന്നെ ശകുന്തളയെ കൊണ്ടുപോവുകയാണല്ലോ എന്ന ഒരുൽക്കണ്ഠ കലൎന്നതാണ് എന്റെ സന്തോഷം.

പ്രിയംവദ:—തോഴീ, നമുക്ക് എങ്ങിനെയെങ്കിലും ഉല്ക്കണ്ഠ തീൎക്കാം; ആ പാവം സുഖിച്ചുകൊള്ളട്ടെ.

അനസൂയ:—എന്നാൽ, മാവിൻകൊമ്പത്തു തൂക്കിയിരിക്കുന്ന ഈ ചിരട്ടക്കൂടക്കയിൽ ഏറെ നാൾ കഴിഞ്ഞാലും കേടു വരാത്ത ഒരിലഞ്ഞിപ്പൂമാല ഇതിന്നുവേണ്ടിത്തന്നെ ഞാൻ സൂക്ഷിച്ചുവെച്ചിട്ടുണ്ട്. നീ അതു കയ്യിലെടുത്തുകൊൾക. ഞാനും അവൾക്ക് ഗോരോചനം, തീൎത്ഥമണ്ണ്, കറുകക്കൂമ്പ് ഇതെല്ലാം ചേൎത്തു മംഗളക്കുറിക്കൂട്ടുണ്ടാക്കട്ടെ.

പ്രിയംവദ:— അങ്ങിനെ ചെയ്തുകൊൾക.

(അനസൂയ പോയി പ്രിയംവദ മാലയെടുക്കുന്നു.)

(അണിയറയിൽ)

എവിടെ ആ ശാർങ്ഗരവനും മററും?

പ്രിയംവദ:—(കേട്ടിട്ട്) അനസൂയേ, വേഗമാവട്ടെ, ഇതാ, ഹസ്തിനപുരത്തേക്കു പോകാനുള്ള ഋഷിമാരെ വിളിക്കുന്നു.

അനസൂയ:—(കയ്യിൽ കുറിക്കൂട്ടോടുകൂടി പ്രവേശിച്ച്) തോഴീ, വരൂ

(രണ്ടുപേരും ചുററിനടക്കുന്നു.)

പ്രിയംവദ:—(നോക്കിയിട്ട്) ഇതാ, സൂര്യോദയത്തിൽത്തന്നെ മുങ്ങിക്കളിച്ച ശകുന്തള, വരിനെല്ലരിയിട്ട് ആശീർവ്വാദം ചെയ്യുന്ന താപസിമാരാൽ അഭിനന്ദിയ്ക്കപ്പെട്ടുകൊണ്ടിരിയ്ക്കുന്നു. നാം അടുത്തു ചെല്ലുക.

(രണ്ടുപേരും അടുത്തു ചെല്ലുന്നു.)

(പറഞ്ഞതിൻവണ്ണം ആസനസ്ഥയായ ശകുന്തള പ്രവേശിയ്ക്കുന്നു.)

ഒരു താപസി:—(ശകുന്തളയോട്) മകളേ, നിനക്കു ഭർത്താവിൻെറ ബഹുമാനത്തെ സൂചിപ്പിക്കുന്ന മഹാരാജ്ഞി എന്ന പേർ ലഭിയ്ക്കട്ടെ!

മറെറാരുവൾ:—കുഞ്ഞേ, നിനക്കു വീരനായ പുത്രൻ ഉണ്ടാവട്ടെ!

വേറൊരുവൾ:—മകളേ, നിന്നെ ഭർത്താവു ബഹുമാനിയ്ക്കട്ടെ!

(ആശീർവ്വാദംചെയ്തു ഗൌതമിയൊഴികെ എല്ലാവരും പോയി.)

സഖിമാർ.—(അടുത്തുചെന്ന്) തോഴീ, നിൻെറ കുളി സുഖമായല്ലോ?

ശകുന്തള:—എൻെറ തോഴിമാർക്കു സ്വാഗതം! ഇവിടെ ഇരിയ്ക്കുവിൻ.

സഖിമാർ:—(മംഗളപാത്രവും കയ്യിലെടുത്ത് ഇരുന്ന്) ശകുന്തളേ, ഒരുങ്ങുക. നിന്നെ ഞങ്ങൾ മംഗല്യക്കുറിയിടുവിയ്ക്കട്ടെ.

ശകുന്തള:—പതിവുള്ളതാണെങ്കിലും ഇപ്പോൾ ഇതിനെ കൂടുതൽ ബഹുമാനിയ്ക്കണം. എൻെറ തോഴിമാരുടെ ചമയിയ്ക്കൽ ഇനി ദുർല്ലഭമാകുമല്ലോ.

(കണ്ണീർ തൂകുന്നു.)

സഖിമാർ:—തോഴി, നീ മംഗളസമയത്തു കരയുന്നതു ശരിയല്ല.

(കണ്ണീർ തുടച്ചു ചമയിക്കുന്നു.)

പ്രിയംവദ:—ആഭരണങ്ങളണിയേണ്ടുന്ന രൂപത്തെ ആശ്രമത്തിലെ അലങ്കാരസാധനങ്ങൾകൊണ്ടു വികൃതമാക്കുകയാണ് ചെയ്യുന്നത്.

ഋഷികുമാരന്മാർ:—(കയ്യിൽ കാഴ്ച്ചദ്രവ്യങ്ങളുമായി പ്രവേശിച്ച്) ഇതാ, ആഭരണങ്ങൾ; അത്രഭവതിയെ അണിയിക്കാം.

(എല്ലാവരും നോക്കി അത്ഭുതപ്പെടുന്നു.)

ഗൌതമി:—ഉണ്ണി നാരദ, ഇതൊക്കെ എങ്ങിനെ കിട്ടി?

ഒന്നാമൻ.—താതകാശ്യപന്റെ പ്രഭാവത്താൽ.

ഗൌതമി:—മനസ്സുകൊണ്ടു സൃഷ്ടിച്ചതാണോ?

രണ്ടാമൻ:—അല്ല, കേട്ടുകൊൾക: അവിടുന്ന് ഞങ്ങളെ കല്പിച്ചയച്ചിരിക്കയായിരുന്നു, 'ശകുന്തളയ്ക്കുവേണ്ടി വൃക്ഷങ്ങളിൽനിന്ന് പൂക്കൾ കൊണ്ടുവരണം' എന്ന്. ഉടൻതന്നെ,

കാണിച്ചാനൊരു വൃക്ഷമിന്ദുരുചിയാം
വെണ്പട്ടുമാങ്ഗല്യകം;
കാലിന്മേലണിയാനലക്തക രസം
മറെറാന്നു തൂകീ സ്വയം;
നല്കീ ഭൂഷണസഞ്ചയം, ചിലതിൽനി-
ന്നാപർവ്വദൃശ്യങ്ങളാം
ശ്രീമൽക്കാനനദേവിമാരുടെ തരുൽ-
ഫുല്ലത്തളിർപ്പാണികൾ! ൫

പ്രിയംവദ:—(ശകുന്തളയെ നോക്കിയിട്ട്) ഈ അനുഗ്രഹം സൂചിപ്പിക്കുന്നുണ്ട്, നിനക്ക് ഭർത്തൃഗൃഹത്തിൽ അനുഭവിക്കാനിരിക്കുന്ന രാജലക്ഷ്മിയെ.

(ശകുന്തള ലജ്ജിക്കുന്നു.)

ഒന്നാമൻ:—ഗൌതമ, വരു, വരു, വൃക്ഷങ്ങളുടെ ഉപചാരത്തെ, കുളിച്ചുകയറിയ താതകാശ്യപനോടു ചെന്നറിയിക്കാം.

രണ്ടാമൻ:—അങ്ങിനെതന്നെ.

(രണ്ടുപേരും പോയി.)

സഖിമാർ:—ആഭരണങ്ങൾകൊണ്ടു പെരുമാറിയിട്ടില്ലാത്തവരാണ് ഇയ്യുള്ളവർ; എങ്കിലും ചിത്രത്തിലുള്ള പരിചയത്താൽ ഞങ്ങൾ നിന്റെ അംഗങ്ങളിൽ ആഭരണമണിയിക്കാം.

ശകുന്തള:—എനിക്കറിയാമല്ലോ, നിങ്ങളുടെ നൈപുണ്യം.

(സഖിമാർ അണിയിക്കുന്നു.)

(അനന്തരം കുളികഴിഞ്ഞ കണ്വൻ പ്രവേശിക്കുന്നു.)

കണ്വൻ:—

ഇപ്പോൾ പോയിടുമേ ശകുന്തളയിതോ-
ത്തുൽക്കണ്ഠ കൊൾവൂ മനം;
ബാഷ്പം വന്നുതടഞ്ഞു കണ്ഠമിടറീ;
നോട്ടം ജഡം ചിന്തയാൽ;
*ഇത്രക്കുണ്ടഴൽ കാട്ടിൽമേവുമിവനും
സ്നേഹാലഹോ നേരിടാ-
മെത്രക്കിണ്ടൽ കുടുംബികൾക്കു പുത്രതാം
പുത്രീവിയോഗത്തിനാൽ! ൬

(പരിനടക്കുന്നു.)

---

* ആറാംശ്ലോകത്തിന്റെ ഉത്തരാർദ്ധത്തിന്നു പാഠാന്തരം:

സ്നേഹത്താലിടർകൊൾവിതിത്രയുമഹോ
ഞാൻപോലുമാരണ്യകൻ
ഖേദിപ്പൂ ഗൃഹിയെത്രതാൻ പുതിയതാം
പുത്രീ വിയോഗത്തിനാൽ?

സഖിമാർ:—ശകുന്തളേ, ആഭരണം അണിയൽകഴിഞ്ഞു. ഇനി ഇണപ്പുടവയുടുക്കുക.

(ശകുന്തള എഴുന്നേററ് ഉടുക്കുന്നു.)

ഗൌതമി:—മകളേ, ഇതാ നിൻെറ അച്ഛൻ ആനന്ദം വഴിയുന്ന കണ്ണുകൊണ്ടു തഴുകിക്കൊണ്ടെന്നപോലെ അടുക്കൽ വന്നിരിയ്ക്കുന്നു. ചെന്നു വന്ദിയ്ക്കൂ.

ശകുന്തള:—(ലജ്ജയോടെ) അച്ഛാ, ഞാൻ വന്ദിയ്ക്കുന്നു.

കണ്വൻ:—കുഞ്ഞേ,

യയാതിയ്ക്കു ശർമ്മിഷ്ഠപോലേ നികാമം
മണാളന്നു നീ മാന്യയായ്ത്തീർന്നിടട്ടേ!
പിറക്കട്ടെ തേ സാർവ്വഭൌമൻ സുതൻ, പാ-
ണ്ഡവർക്കാദ്യനാം പൂരുവെന്നുള്ളപോലേ! ൭

ഗൌതമി:—ഭഗവൻ, വരംതന്നെയാണിത്; ആശീർവ്വാദമല്ല!

കണ്വൻ:—കുഞ്ഞേ, ഇവിടെ ഇപ്പോൾത്തന്നെ ഹോമം കഴിഞ്ഞിരിയ്ക്കുന്ന അഗ്നികളെ പ്രദക്ഷിണം വെയ്ക്കുക.

(എല്ലാവരും ചുററിനടക്കുന്നു.)

കണ്വൻ:—(ഋക്ഛന്ദസ്സുകൊണ്ട് ആശീർവ്വദിയ്ക്കുന്നു.)

ഇതാ, ചുററും തറയിൽ സ്ഥാനമാർന്നും,
സമിത്തൊത്തും ദർഭ ചാലേ വിരിച്ചും,
ഹവിർഗ്ഗന്ധാലഘമെല്ലാം മുടിപ്പോർ
ചേർക്കട്ടെ തേ ശുദ്ധി, യജ്ഞാനലന്മാർ! ൮

ഇനി പുറപ്പെടാം (കണ്ണെറിഞ്ഞ്) എവിടെ, ശാർങ്ഗരവനും മററും?

ശിഷ്യർ:—(പ്രവേശിച്ച്) ഭഗവൻ, ഇതാ, ഞങ്ങൾ.

കണ്വൻ:—ശാർങ്ഗരവ, നിന്റെ സഹോദരിക്ക് വഴി കാട്ടിക്കൊടുക്കുക.

ശാർങ്ഗരവൻ:—ഭവതി, ഇതാ, ഇതിലെ.

(എല്ലാവരും ചുററിനടക്കുന്നു.)

കണ്വൻ:—ദേവതമാർ കുടികൊള്ളുന്ന തപോവന വൃക്ഷങ്ങളേ,

മുല്പാടേവൾ കുടിയ്ക്കയില്ല സലിലം
നിങ്ങൾക്കു നല്കാതതി-
സ്നേഹാലേവൾ ഭവൽപ്രവാളമണിയാൻ
മോഹിയ്ക്കിലും നുള്ളിടാ,
ഏവൾക്കുത്സവമാണു നിങ്ങൾ പുതുതായ്
പൂക്കൊണ്ടിടുന്നാൾ, സമ്മതി-
യ്ക്കേണം സർവ്വരു,മശ്ശകുന്തളയിതാ,
കാന്താലയേ പോകയായ്! ൯

(കുയിലൊച്ച കേൾക്കുന്നതായി നടിച്ച്) ആ,

വിടനല്കി പോകുവതിനീശ്ശകുന്തള-
യ്ക്കുവനീരുഹങ്ങൾ വനവാസബന്ധുവർ
ഇവയേവമുത്തരമുരച്ചതില്ലയോ
കളകണ്ഠകണ്ഠകളനിസ്വനത്തിനാൽ ൧൦

(ആകാശത്തു്)

ഇടയ്ക്കിടയിലബ്ജിനീഹരിതമാം സരസ്സല്ലജം,
കൊട്ടുംവെയിൽ തടുപ്പതാം തണലണി ദ്രുമശ്രേണികൾ,
സരോരുഹരജോമൃദുപ്പൊടി, സുഖാനുകൂലൻ മരുൽ-
ക്കിശോര, നിതുമട്ടിവൾക്കു വഴി ഭദ്രമാകേണമേ! ൧൧

(എല്ലാവരും അത്ഭുതത്തോടെ കേൾക്കുന്നു.)

ഗൌതമി:—മകളേ, ജ്ഞാതിസ്നേഹമുള്ള വനദേവതമാർ നിനക്കു പോവാൻ സമ്മതംതന്നു. ഭഗവതിമാരെ നമസ്കരിക്കൂ.

ശകുന്തള:—(നമസ്കരിച്ചു ചുററിനടന്നു, സ്വകാര്യം) പ്രിയംവദേ, ആര്യപുത്രനെക്കാണുവാൻ ഔത്സുക്യമുണ്ടെങ്കിലും ആശ്രമം വിട്ടുപോകുന്ന എന്റെ കാലുകൾ വളരെപ്പണിപ്പെട്ടാണ് മുന്നോട്ടുനീങ്ങുന്നതു്.

പ്രിയംവദ:—തോഴിക്കുമാത്രമല്ല, തപോവനത്തോടുള്ള വേർപാടിൽ വ്യസനം; നീയുമായി വേർപിരിയാനടുത്ത തപോവനത്തിന്റെയും സ്ഥിതി ഇങ്ങിനെയായിരിക്കുന്നു.

മാനുകൾ പുൽ തുപ്പുന്നു;
മയിലുകളാട്ടം നിറുത്തി മേവുന്നു;
വിളറിക്കൊഴിയുന്നിലയാൽ
വനവല്ലികൾ കണ്ണുനീർ പൊഴിക്കുകയാം! ൧൨

ശകുന്തള:—(ഓർമ്മനടിച്ചു്) അച്ഛാ, ഞാൻ ലതാസോദരിയായ വനജ്യോത്സ്നയോടു യാത്ര പറയട്ടെ.

കണ്വൻ:—എനിക്കറിയാമല്ലോ, നിനക്ക് അതിന്റെ പേരിലുള്ള സോദരീസ്നേഹം. അതിതാ, വലത്തുഭാഗത്ത്.

ശകുന്തള:— ലതയുടെ അടുത്തു ചെന്ന്) വനജ്യോത്സ്നേ, നീ തേന്മാവുമായി ചേൎന്നിരിക്കയാണെങ്കിലും, ഇങ്ങോട്ടു നീട്ടിയ ചില്ലക്കൈകൾകൊണ്ട് എന്നെ കെട്ടിപ്പുണരുന്നാലും. ഇന്നു മുതല്ക്കു ഞാൻ ദൂരത്തായിപ്പോകുമല്ലോ.

കണ്വൻ:—

മുന്നേ ഞാൻ കരളിലുറച്ചതിൻവിധം നീ
തന്നോടൊത്തൊരു പതിയോടു ചേൎന്നു ഭാഗ്യാൽ;
നന്നായ് മാലതിയിതുമേചൎന്നു മാവിനോടും;
നിന്നാലില്ലിടരിതിനാലുമിന്നിമേൽ മേ. ൧൩

ഇനി നീ വഴിയിലേയ്ക്കു കൂടുക.

ശകുന്തള:—(സഖിമാരോട്) ഇതിനെ ഞാൻ നിങ്ങൾ രണ്ടുപേരുടേയും കയ്യിൽ ഏല്പിച്ചിരിക്കുന്നു.

സഖിമാർ:—ഇയ്യുള്ളവരെ നീ ആരുടെ കയ്യിലാണ് ഏല്പിച്ചിരിക്കുന്നത്?

(കണ്ണീർ തൂകുന്നു)

കണ്വൻ:—അനസൂയേ, കരയരുത്. നിങ്ങളാണല്ലോ ശകുന്തളയെ ധൈൎയ്യപ്പെടുത്തേണ്ടത്.

(എല്ലാവരും ചുററിനടക്കുന്നു)

ശകുന്തള:—അച്ഛാ, ഗർഭഭാരം നിമിത്തം പൎണ്ണശാലയ്ക്കരികെ പതുക്കെപ്പതുക്കെ നടക്കുന്ന ഈ മാൻപേട തരക്കേടൊന്നും കൂടാതെ പ്രസവിച്ചാലപ്പോൾ ആ സന്തോഷവൎത്തമാനം എന്നെ അറിയിക്കാൻ ഒരാളെ അയയ്ക്കണേ!

കണ്വൻ:—ഇതു ഞങ്ങൾ മറക്കുകയില്ല.

ശകുന്തള:—(ഗതിഭംഗം നടിച്ച്) എന്തൊന്നാണ്, മരക്കൊമ്പിന്റെ തലപ്പുപോലെ എന്റെ പുടവമേൽ തടയുന്നത്.

(തിരിഞ്ഞുനോക്കുന്നു.)

കണ്വൻ:—

എതിൻ കുശക്ഷതമെഴുന്ന മുഖത്തുണങ്ങാൻ
ചിറേറാടലെണ്ണ പരിചിൽപ്പുരമാറിയോ നീ
നിൻപാണി ചാമയരി നല്കി വളർത്ത പുത്ര-
നാ മാനിതാ, പിറകുവിട്ടകലുന്നതില്ലാ. ൧൪

ശകുന്തള:—മകനേ, എന്തിനാണ്, സഹവാസം ഉപേക്ഷിക്കുന്ന എന്നെ പിന്തുടരുന്നത്? പെററ ഉടനെ തള്ളയില്ലാത്ത നിന്നെ ഞാനാണല്ലോ വളർത്തിയത്. ഇനി ഞാൻ വേർപിരിഞ്ഞുപോയാലും അച്ഛൻ നിന്നെ നോക്കിക്കൊള്ളും. തിരിച്ചുപോവൂ.

(കരഞ്ഞുകൊണ്ടു നടക്കുന്നു.)

കണ്വൻ:—

ഉൽപക്ഷ്മമായ മിഴിതൻ ഗതിയെത്തടുക്കും
ബാഷ്പാംബുവിൻ വരവടക്കുക നീ സധൈര്യം
നോക്കാതിരിക്കിലിഹ താഴ്ന്നുമുയർന്നുമുള്ള
മാർഗ്ഗത്തിൽ നിന്നുടയ കാലിടറീടുമല്ലോ! ൧൫

ശാർങ്ഗരവൻ:—ഭഗവൻ, 'ജലാശയംവരെ മതി സ്നേഹമുള്ളവരെ അനുയാത്ര ചെയ്യുക' എന്നാണല്ലോ പ്രമാണം. എന്നാലിതാ സരസ്സിന്റെ തീരം; ഇവിടെവെച്ച് ഞങ്ങൾക്കു സന്ദേശം തന്നരുളി ഭവാൻ മടങ്ങിക്കൊള്ളുക.

കണ്വൻ:—എന്നാൽ, നമുക്ക് ഈ ഏഴിലാം പാലയുടെ തണലത്തു നില്ക്കുക.

(എല്ലാവരും ചുററി നടന്നു നില്ക്കുന്നു.)

കണ്വൻ:—(ആത്മഗതം) എന്താണ് ആ ശ്രീമാൻ ദുഷ്ഷന്തന്ന് ഉചിതമായ ഒരു സന്ദേശം പറഞ്ഞയക്കേണ്ടത്?

(ആലോചിക്കുന്നു.)

ശകുന്തള:—(സ്വകാര്യം) തോഴി, നോക്കു: താമരയിലകൊണ്ടു മാത്രം മറഞ്ഞിരിക്കുന്ന ഇണയെക്കാണാഞ്ഞിട്ട് ഒരു ചക്രവാകപ്പിട സങ്കടപ്പെട്ടു നിലവിളിക്കുന്നു. ദുഷ്കരമായ കാര്യമാണ ഞാൻ ചെയ്യുന്നത്!

അനസൂയ:—തോഴി, ഇങ്ങിനെ പറയരുത്:

ഇവളും പോക്കുന്നു പ്രിയ-
വിരഹവ്യഥകൊണ്ടു നീണ്ട രാത്രികളെ;
ആശാനുബന്ധമേറെ-
ക്കനത്ത ദുഃഖത്തെയും പൊറുപ്പിക്കും എന്നു

കണ്വൻ:—ശാർങ്ഗരവ, നീ ശകുന്തളയെ മുമ്പിൽനിർത്തി ആ രാജാവിനോടു ഞാൻ ഇങ്ങിനെ പറഞ്ഞതായിപ്പറയണം.

ശാർങ്ഗരവൻ:— ഇവിടുന്ന് അരുളിച്ചെയ്താലും.

കണ്വൻ:

തന്നൽക്കൃഷ്ടതമം കുലം, ശമധന-
ന്മാർ ഞങ്ങ,ളെമ്മട്ടിലും
നിന്നിൽ സ്നേഹമബന്ധുകല്പിതമിവൾ-
ക്കെ,ന്നുള്ളതോരോന്നുമേ
നന്നായോർത്തി,വളെ സപത്നികളിൽ നീ
കൈക്കൊൾക,തുല്യാദരം; *
പിന്നെബ്ഭാഗ്യവിധേയമാണ;തു വധൂ-
ബന്ധുക്കളെന്തോതിടും? എന്നു

ശാർങ്ഗരവൻ:—സന്ദേശം ധരിച്ചു.

കണ്വൻ:—കുഞ്ഞേ, ഇനി നിന്നോട് ഒന്നുപദേശിക്കാ

* അതുല്യാദരമെന്നും പാഠം മുറിക്കാം.

ണ്ട്. നോക്കൂ: വനവാസികളാണെങ്കിലും ഞങ്ങൾ ലോകപരിചയമുള്ളവരാണ്.

ശാർങ്ഗരവൻ:—ബുദ്ധിമാന്മാർക്ക് അറിയാൻ വയ്യാത്തതൊന്നുമില്ലല്ലോ.

കണ്വൻ:—കുഞ്ഞേ, നീ ഇവിടെനിന്നു ഭർത്തൃഗൃഹത്തിൽച്ചെന്നുചേർന്നാൽ,

സേവിയ്ക്കൂ ഗുരുഭൃത്യരെ; പ്രിയസഖീ-
വൃത്ത്യാ സപത്നീജനം
ഭാവിയ്ക്കൂ; പതിയോടിടഞ്ഞമരൊലാ
കോപേന നിന്ദിയ്ക്കിലും;
ആവുംപോലെയിണങ്ങുകാശ്രിതജനേ;
ഭാഗ്യങ്ങളിൽഗ്ഗർവ്വമെഴാ-
യ്ക്കൂ;വം ഗേഹിനിമാർകൾ മങ്കകൾ;മറി-
ച്ചായാൽകുടുംബാധികൾ! ഥവ്യ

ഗൌതമിയ്ക്കെന്തു തോന്നുന്നു?

ഗൌതമി:—ഇത്രമാത്രമേ വധൂജനത്തോട് ഉപദേശിയ്ക്കേണ്ടതുള്ളൂ. മകളേ, ഇതൊക്കെ ധരിച്ചുകൊൾക.

കണ്വൻ:—കുഞ്ഞേ, എന്നെയും സഖിമാരേയും ഒന്നാലിംഗനം ചെയ്യുക.

ശകുന്തള:—അച്ഛാ, പ്രിയംവദയും അനസൂയയും ഇവിടെ വെച്ചുതന്നെ മടങ്ങിപ്പോവുകയായോ?

കണ്വൻ:—കുഞ്ഞേ ഇവരെയും കൊടുക്കണമല്ലോ. ഇവർ അങ്ങോട്ടു പോരുന്നതു ശരിയല്ല. നിന്നോടൊന്നിച്ചു ഗൌതമി പോരും.

ശകുന്തള:—(അച്ഛനെ ആശ്ലേഷിച്ചിട്ട്) എങ്ങിനെയാണ് ഞാനിപ്പോൾ അച്ഛന്റെ മടിയിൽനിന്ന് വിട്ട മലയച്ചെരുവിൽനിന്ന് പറിച്ചുമാററിയ ചന്ദനച്ചെടിപോലെ മറുനാട്ടിൽ ജീവിതം കഴിച്ചുകൂട്ടുക?

കണ്വൻ:—കുഞ്ഞേ, എന്താണിങ്ങിനെ അധൈര്യപ്പെടുന്നത്?

ചൊൽപ്പൊങ്ങുന്ന കുലീനനാം വരനെഴും-
നൽഗ്ഗേഹിനീ സ്ഥാനമാ,-
ന്നെപ്പോഴും വിഭവദ്ധിയാൽപ്പെരിയതൽ-
കൃത്യങ്ങളിൽസ്സക്തയായ്,
ചാലേ താമസിയാതൊരുണ്ണിയെ, വിവ-
സ്വാനെസ്സുരേന്ദ്രാശപോൽ-
ബ്ബാലേ,നീ പ്രസവിച്ചു മദ്വിരഹജം
ദുഃഖം ഗണിയ്ക്കാതെയാം. ൧൯

(ശകുന്തള അച്ഛന്റെ കാല്ക്കൽ വീഴുന്നു)

കണ്വൻ:—ഞാനാശിയ്ക്കുന്നതൊക്കെ നിനക്കുണ്ടാകട്ടെ!

ശകുന്തള:—(സഖിമാരുടെ അടുക്കൽച്ചെന്ന്) തോഴിമാരെ, രണ്ടുപേരും ഒപ്പം എന്നെ കെട്ടിപ്പുണരുവിൻ.

സഖിമാർ:—(അങ്ങിനെ ചെയ്തിട്ട്) തോഴി, ആ രാജാവിന്ന് ഉടനെ ഓർമ്മയുണ്ടായില്ലെങ്കിൽ, അദ്ദേഹത്തിന്റെ പേർ കൊത്തിയിട്ടുള്ള ഈ മോതിരം കാണിച്ചുകൊടുക്കുക.

ശകുന്തള:— നിങ്ങളുടെ ഈ സംശയം എന്നെ നടുക്കം കൊള്ളിയ്ക്കുന്നു.

സഖിമാർ:—പേടിയ്ക്കേണ്ട; അതിസ്നേഹം അനർത്ഥശങ്കിയാണല്ലോ.

ശാർങ്ഗരവൻ:—ഒരു നുകപ്പാട് പൊങ്ങികഴിഞ്ഞു സൂര്യൻ. ഭവതി വേഗം പുറപ്പെടണം.

ശകുന്തള:—(ആശ്രമാഭിമുഖിയായി നിന്നിട്ട്) അച്ഛാ, എന്നാണ് ഞാൻ വീണ്ടും തപോവനം കാണുക?

കണ്വൻ:—കേട്ടുകൊള്ളുക:

നാലേ നാലതിർ ചേർന്ന ഭൂവിനു സപ-
ത്നീ സ്ഥാനമേന്തിച്ചിരം,
ചാലേ വിശ്രുതനാകുമപ്രതിരഥൻ
ദൌഷ്ഷന്തിയാം പുത്രനെ
വാഴിച്ചാ,ത്മകുടുംബഭാരവുമവ-
ങ്കൽച്ചേർത്ത ഭർത്താവുമായ്,
വാഴേണ്ടുന്നതിനായ് നിനക്കിനിയുമി-
ശ്ശാന്താശ്രമേ വന്നിടാം! ൨൦

ഗൌതമി:—മകളേ, യാത്രാമുഹൂർത്തം കഴിയാറായി. അച്ഛനെ തിരിച്ചയയ്ക്കൂ. അല്ലെങ്കിൽ, ഇവൾ ഇനിയും വളരെ നേരം ഇങ്ങിനെ സംസാരിച്ചുകൊണ്ടു നില്ക്കും. ഇവിടുന്നു മടങ്ങിപ്പോയ്ക്കൊൾക.

കണ്വൻ:—കുഞ്ഞേ, എന്റെ തപോനുഷ്ഠാനത്തിന്നു വിഘ്നം നേരിടുന്നു.

ശകുന്തള:—(വീണ്ടും അച്ഛനെ ആലിംഗനം ചെയ്ത്) തപോനുഷ്ഠാനംകൊണ്ടു ക്ഷീണിച്ചിരിയ്ക്കുന്ന അച്ഛന്റെ

ദേഹം. അതിനാൽ എന്നെപ്പററി അധികം വിചാരപ്പെടരുതേ!

കണ്വൻ:—(നെടുവീർപ്പോടെ)

എങ്ങിനെയെന്നാഴൽ കുറയും,
കുഞ്ഞേ, നീ മുമ്പു ചെയ്തതാം ബലിയിൽ
തൂകിയ വരിനെല്ലു മുള-
ച്ചുടജദ്വാരത്തിൽ നില്പതായ് കാൺകേ? വ.ഫ

പൊയ്ക്കൊൾക, നിനക്കു മാർഗ്ഗം മംഗളമായി വരട്ടെ;

(ശകുന്തളയും സഹായികളും പോയി)

സഖിമാർ:—(ശകുന്തളയെ നോക്കിയിട്ട്) അയ്യോ, ശകുന്തള കാട്ടിൻെറ മറവിലായിപ്പോയല്ലോ.

കണ്വൻ:—(നെടുവീർപ്പോടെ) അനസൂയെ, നിങ്ങളുടെ കൂട്ടുകാരി പോയ്ക്കഴിഞ്ഞു. ദുഃഖമടക്കി എൻെറ കൂടെപ്പോരുവിൻ.

സഖിമാർ:—അച്ഛാ, എങ്ങിനെയാണ്, ശകുന്തളാവിയോഗത്താൽ ശൂന്യപ്രായമായിരിക്കുന്ന തപോവനത്തിലേക്കു ചെല്ലുക?

കണ്വൻ:—സ്നേഹാധിക്യം ഇങ്ങിനെ തോന്നിക്കും. (ആലോചനയോടുകൂടി ചുററിനടന്ന്) ആവൂ! ശകുന്തളയെ ഭർത്തൃഗൃഹത്തിലേക്കയച്ചുകഴിഞ്ഞതിനാൽ; എനിക്കിപ്പോൾ സ്വാസ്ഥ്യം സിദ്ധിച്ചു.

പരസ്വമേ കന്യക; ഞാനതിപ്പോൾ
പരിഗ്രഹീതാവിനയയ്ക്കയാലേ
എന്നന്തരാത്മാവു തുലോം തെളിഞ്ഞു
ന്യാസം തിരിച്ചേകുകിലെന്നപോലെ! ൨൨

(എല്ലാവരും പോയി)

നാലാമങ്കം കഴിഞ്ഞു

## അഞ്ചാമങ്കം

---

(അനന്തരം ആസനസ്ഥനായി രാജാവും വിദൂഷകനും പ്രവേശിക്കുന്നു)

വിദൂഷകൻ.—(ചെവി കൊടുത്ത്) തോഴരേ, സംഗീതശാലയിലേയ്ക്കൊന്നു ശ്രദ്ധം വയ്ക്കുക; മാധുര്യവും കണ്ഠശുദ്ധിയുമുള്ള ഒരു പാട്ടു കേൾക്കുന്നുണ്ട്. മനസ്സിലായി, ശ്രീമതി ഹംസപദിക വർണ്ണമഭ്യസിക്കയാണ്.

രാജാ:—മിണ്ടാതിരിക്കു; ഞാൻ കേൾക്കട്ടെ.

(ആകാശത്തു പാടുന്നു)

പുതിയൊരു നറുതേൻ കൊതിച്ചു മാന്പൂ
ങ്കുലയെ യഥേതവിധമാസ്വദിച്ച വണ്ടേ,
നളിനവസതിമാത്രനിർവൃതൻ നി-
സ്ഥിതിനെ മറന്നുകളഞ്ഞതെന്തിവണ്ണം? ൧

രാജാ:—ഹാ, രാഗം വഴിഞ്ഞൊഴുകുന്ന പാട്ട്!

വിദൂഷകൻ:—ആട്ടെ, പാട്ടിന്റെ അർത്ഥം ഇവിടേയ്ക്കു മനസ്സിലായോ?

രാജാ:—(പുഞ്ചിരിയിട്ട്) മനസ്സിലായി; ഞാൻ ഒരിയ്ക്കൽ ഇവളോട് അടുത്തു പെരുമാറിയിട്ടുണ്ട്; അതിനാലിവൾ വസുമതിയെ ഉദ്ദേശിച്ചുകൊണ്ട് എന്നെ ശകാരിയ്ക്കയാണ്. മാഢവ്യ, ഹംസപദികയോട് ഞാൻ പറഞ്ഞതായിപ്പറയൂ, 'ശകാരം അസ്സലായി' എന്ന്.

വിദൂഷകൻ:—കല്പനപോലെ. (എഴുന്നേററ്) തോഴരേ, അവൾ, പരിജനഹസ്തങ്ങൾകൊണ്ട് എന്നെ, അപ്സരപ്പെണ്ണ് വിരക്തനെ എന്നപോലെ കുടമഞ്ഞുവത്തു പിടികൂടിയാൽപ്പിന്നെ എനിയ്ക്കു മോക്ഷമില്ല.

രാജാ:—ചെല്ലൂ, കൌശലത്തിൽ അറിയിയ്ക്കൂ.

വിദൂഷകൻ:—എന്തു നിവൃത്തി!

(പോയി)

രാജാ:—(ആത്മഗതം) എന്താണ് എനിയ്ക്ക് ഈ പാട്ടു കേട്ടിട്ടു പ്രിയജനവിരഹമില്ലെങ്കിലും വല്ലാത്ത ഒരുൽക്കണ്ഠ തോന്നുന്നത്? അല്ലെങ്കിൽ,

രമ്യങ്ങൾ കണ്ടു, മധുരധ്വനിതങ്ങൾ കേട്ടു-
മുൽക്കണ്ഠയെസ്സുഖിതജീവിയുമേല്പതോത്താൽ
ജന്മാന്തരപ്രണയമുള്ളിലമർന്നിരുപ്പ-
തസ്പഷ്ടമായ്ക്കരളിലോർക്കതന്നെയാവും! ൨

വല്ലായ്മപ്പെട്ടുകൊണ്ടിരിയ്ക്കുന്നു)

(അനന്തരം ഒരു ഹരിക്കാരൻ പ്രവേശിക്കുന്നു)

ഹരിക്കാരൻ:—(നെടുവീർപ്പിട്ട്) കഷ്ടം, ഞാൻ ഈ സ്ഥിതിയിലായല്ലോ!

അന്തഃപുരത്തൊഴിലിൽ വേണ്ടൊരു മുദ്രയായ് ഞാൻ
ശ്രദ്ധിച്ചെടുത്തു പെരുമാറിയ ചൂരലേതോ,
നീണ്ടാൾ കഴിഞ്ഞളവിലായതുതാൻ നടക്കാൻ
വയ്യാതെയൊരുന്നവടിയായിതെനിക്കിദാനീം. ൩

മഹാരാജാവിന്നു ധർമ്മകാര്യം മാററിവെയ്ക്കാവുന്നതല്ലതന്നെ; എങ്കിലും ധർമ്മാസനത്തിൽനിന്ന് എഴുന്നേററ ഉടൻതന്നെ, കണ്വശിഷ്യന്മാർ വന്നിട്ടുള്ള വിവരം ഉണർത്തിച്ചു വീണ്ടും സൈ്വരം കെടുപ്പാൻ എനിക്കു മനസ്സുവരുന്നില്ല. അല്ലെങ്കിൽ വിശ്രമമില്ലാത്തതാണല്ലോ, ലോകരക്ഷാധികാരം.

ഒരിക്കലേ യുക്തതുരംഗനർക്കൻ;—
നഹന്നിശം ഗന്ധവഹൻ ചരിപ്പൂ;
അനന്തനുർവീഭരമേല്പു, നിത്യം
ഷഡംശഭാക്കിന്നുമിതാണു ധർമ്മം. ൪

എന്റെ ചുമതല നടത്തുകതന്നെ. (ചുററി നടന്നു നോക്കിയിട്ട്) ഇതാ, മഹാരാജാവ്,

നാട്ടാരെത്തനയരെയെന്നപോൽ നയിച്ചി—
ട്ടേകാന്തസ്ഥലിയിലടങ്ങി വാഴ്കയത്രേ:
ദന്തീന്ദ്രൻ തനതുഗണം നടത്തി വെയിലിൻ—
ചൂടേല്ക്കെപ്പകൽ കുളിരുള്ളിടത്തുപോലെ. ൫

(അടുത്തുചെന്ന്) തിരുമേനി ജയിച്ചാലും! ഇതാ ഹിമവാന്റെ അടിവാരത്തുള്ള കാട്ടിൽത്താമസിക്കുന്ന ചില തപസ്വികൾ സ്ത്രീകളോടുകൂടി കാശ്യപന്റെ സന്ദേശവുംകൊണ്ടു വന്നിരിക്കുന്നു. ഇനി കല്പനപോലെ.

രാജാ:—(സാദരം) കാശ്യപന്റെ സന്ദേശവുംകൊണ്ടോ?

ഹരിക്കാരൻ:— അതേ.

രാജാ:—എന്നാൽ, പുരോഹിതൻ സോമരാതനോടു ഞാൻ പറഞ്ഞതായിപ്പറയുക: ഈ ആശ്രമവാസികളെ ശ്രൗതവിധിപ്രകാരം സല്ക്കരിച്ചു സ്വയമേ കൂട്ടിക്കൊണ്ടു വരണമെന്ന്. ഞാനും അവരെ തപസ്വിസന്ദർശനത്തിന് ഉചിതമായ സ്ഥലത്തു കാത്തുനില്ക്കാം.

ഹരിക്കാരൻ:— കല്പനപോലെ.

(പോയി.)

രാജാ:—(എഴുന്നേററ്) വേത്രവതി, അഗ്നിഹോത്രശാലയിലേക്കു വഴി കാണിക്കൂ.

നടയിൽത്തവണക്കാരി:—തിരുമേനി, ഇതാ, ഇതിലെ.

രാജാ:—(ചുററിനടന്ന് രാജ്യഭാരക്ലേശം നടിച്ച്) എല്ലാ ജീവികൾക്കും ഇഷ്ടം സാധിച്ചാൽ സുഖമായി; രാജാക്കന്മാർക്കാകട്ടെ, കൃതാർത്ഥത ദുഃഖം കലർന്നുതന്നെ. എന്തുകൊണ്ടെന്നാൽ,

ഉൽക്കണ്ഠയെത്താൻ കളയുന്നു വാഴ്ച,
ലബ്ധാവനം ക്ലേശമിയററുമേവം;
ശ്രമംതരും വിശ്രമമേറെ നല്കാ,
സ്വോപാത്തദണ്ഡം കുടപോലെ രാജ്യം.

(അണിയറയിൽ.)

രണ്ടു വൈതാളികന്മാർ:—തിരുമേനി ജയിപ്പൂതാക!

ഒന്നാമൻ:—

തനതു സുഖവുമോക്കാതങ്ങു മാഴ്കുന്നു പാരി-
ന്നനുദിനം;—മഥവാ നിൻ വൃത്തിയിമ്മട്ടുതന്നെ:
മരമെരിവെയിലേല്പ്പൂ, മൌലിയാ,ലാശ്രിതന്മാ-
ക്കരിയ തണലിനാലേ താപവും തീൎത്തിടുന്നു. ൬

രണ്ടാമൻ:—

അപഥഗരെ നിയന്ത്രിക്കുന്നു നീയാത്തദണ്ഡൻ;
കലഹശമനമുണ്ടാക്കുന്നു; രക്ഷിച്ചിടുന്നു;
വിവിധ വിഭവവായ്പിൽക്കുറ്റുകാർ ചേൎന്നിടട്ടേ;
തിരുവടിയരുളുന്നു ലോകർതൻ ബന്ധുകൃത്യം. ൮

രാജാ:—ഇതാ, മനസ്സു വാടിയ നാം വീണ്ടും ഉന്മേഷമുള്ളവനാക്കപ്പെട്ടു.

(ചുററി നടക്കുന്നു.)

നടയിൽത്തവണക്കാരി:—ഇതാ, ഇപ്പോൾതന്നെ അടിച്ചു തളിച്ചു വെടുപ്പാക്കിയതും, സമീപത്തു ഹോമധേനു നില്ക്കുന്നതുമായ അഗ്നിഹോത്രശാലയുടെ കോലായ കല്പിച്ചു കേറാം.

രാജാ:—(പരിജനത്തിൻെറ തോളിൽ കൈവെച്ചു കേറി നിന്നിട്ട്) വേത്രവതി, എന്തുദ്ദേശിച്ചിട്ടായിരിക്കാം,

കാശ്യപൻതിരുവടി എന്റെ അടുക്കലേയ്ക്കു് ഋഷിമാരെ പറഞ്ഞയച്ചിരിയ്ക്കുന്നത്?

വന്നോ താപസർതൻ തപസ്സിനതിയാം
വിഘ്നങ്ങളാൽഹാനി; ചെ-
യ്തെന്നോ ധർമ്മവനസ്ഥ സത്വനിരയിൽ
ദ്രോഹത്തെയാരെങ്കിലും;
നിന്നോ പുഷ്പഫലപ്രസൂതി ലതകൾ-
ക്കെൻവൃത്തിദോഷത്തിനാ;-
ലെന്നോരോ പരിശങ്കയാൽ മമ മനം
മാഴ്കുന്നു തീർപ്പെന്നിയേ! ൯

നടയിൽത്തവണക്കാരി:—സച്ചരിതം കൊണ്ടാടുന്ന ഋഷിമാർ തിരുമേനിയെ ബഹുമാനിപ്പാനായിരിയ്ക്കും വന്നിട്ടുള്ളത്.

(അനന്തരം ഗൌതമിയോടൊപ്പം ശകുന്തളയെ മുൻനടത്തി മുനിമാരും, അവരുടെ മുമ്പിലായി പുരോഹിതനും ഹരിക്കാരനും പ്രവേശിയ്ക്കുന്നു.)

ഹരിക്കാരൻ:—ഭവാന്മാർ, ഇതാ, ഇതിലേ.

ശാർങ്ഗരവൻ:—ശാരദ്വത,

മഹാത്മാവിദ്ദേഹം തനതതിർ വിടാതുള്ള നൃപനാം;
കുമാർഗ്ഗം തേടുന്നീല ധമകുലജന്മാരിലുമൊരാൾ;
ഇതിമ്മട്ടായാലും മമ വിജനഭൂവിൽപ്പരിചയാൽ-
ജ്ജനാഢ്യം തോന്നുന്നു ഗൃഹമിതെരിതീ ചുററിയവിധം ൧൦

ശാരദ്വതൻ:—രാജധാനിയിൽ പ്രവേശിച്ചപ്പോൾ അങ്ങ് ഈ നിലയിലായതു യുക്തംതന്നെ. ഞാനും,

അഭ്യക്തനെക്കുളിച്ചോൻ,
സുപ്തനെയുൽബുദ്ധ,നശുചിയെസ്സുശുചി,
പരതന്ത്രനെ സ്വതന്ത്രന-
മെന്ന കണക്കോർപ്പിതങ്ങു സുഖരതരെ. ൧൧

ശകുന്തള:—(നിമിത്തം സൂചിപ്പിച്ച്) അയ്യോ, എന്താണ് എന്റെ വലത്തെക്കണ്ണു വിറയ്ക്കുന്നത്?

ഗൌതമി:—മകളേ, അമംഗളം ഒഴിഞ്ഞുപോകട്ടെ; നിനക്കു ഭർത്തൃകുലദേവതമാർ സുഖം നല്കട്ടെ!

പുരോഹിതൻ:—(രാജാവിനെ ചൂണ്ടിക്കാണിച്ച്) അല്ലയോ തപസ്വികളേ, ഇതാ, വർണ്ണാശ്രമപാലകനായ അവിടുന്നു മുൻകൂട്ടിത്തന്നെ എഴുന്നേററു നിങ്ങളെ കാത്തു നില്ക്കുന്നു. മുഖം കാണിച്ചുകൊൾവിൻ.

ശാർങ്ഗരവൻ:—മഹാബ്രാഹ്മണ, ഇതു തീർച്ചയായും അഭിനന്ദനീയം തന്നെ; എന്നാലും ഞങ്ങളിതിൽ ശ്രദ്ധിക്കേണ്ടവരല്ല. *

---

* ഈ ഗദ്യത്തെത്തുടർന്ന് ഒരു പദ്യവും കൂടി പുസ്തകങ്ങളിൽ കാണുന്നുണ്ട്:

'മരങ്ങൾ താഴുന്നു ഫലോൽഗമത്തിനാൽ;
ഘനങ്ങൾ ചായുന്നു നവാംബുസഞ്ചയാൽ;
സമൃദ്ധിയാൽ സത്തരഹങ്കരിക്കയി;—
ല്ലിവണ്ണമുള്ളോർകൾ പരോപകാരികൾ'!

എന്നാൽ ആ ശ്ലോകം ഭർത്തൃഹരിയുടെതാണ്.

നടയിൽത്തവണക്കാരി:—തിരുമേനി, മഹർഷിമാർക്ക് മുഖപ്രസാദമുള്ളതായിട്ടു കാണപ്പെടുന്നു. അതിനാൽ ഇവർക്കു സങ്കടമൊന്നുമുണ്ടായിരിക്കയില്ല.

രാജാ:—(ശകുന്തളയെക്കണ്ടിട്ട്) അപ്പോഠം, ഈ ശ്രീമതി,

ആരാണു, മൂടുപടമി-
ട്ടേറെത്തെളിയാത്തമെയ്യഴകെഴുന്നോഠം;
വിളറിയ ദളങ്ങലിളം-
തളിർപോലെ തപസ്വികഠംക്കിടയിൽ? ൧൨

നടയിൽത്തവണക്കാരി:—കൌതുകംകൊണ്ടു് അടിയൻെറ ഊഹം നേരെ ചെല്ലുന്നില്ല. എന്നാൽ ഇവളുടെ ആകൃതി കാണേണ്ടതുതന്നെ.

രാജാ:—നില്ക്കട്ടെ, പരകളത്രത്തെ നോക്കുന്നതു ശരിയല്ല.

ശകുന്തള:—(മാറത്ത് കൈവെച്ച് ആത്മഗതം) ഹൃദയമേ, നീയെന്തിനാണ്, ഇങ്ങിനെ തുടിക്കുന്നത്? ആര്യപുത്രൻെറ സ്നേഹമോർത്തു ധൈര്യപ്പെട്ടുകൊഠംക.

പുരോഹിതൻ:—(മുമ്പിൽച്ചെന്ന്) തിരുമേനി, ഇതാ, വിധിപ്രകാരം സല്കരിക്കപ്പെട്ട തപസ്വികഠം, ഇവർക്കു ഗുരുവിൻെറ ഒരു സന്ദേശം ബോധിപ്പിക്കാനുണ്ടു്. അതു കേഠംക്കുമാറാകണം.

രാജ:—ഞാൻ സശ്രദ്ധനായിരിക്കുന്നു

ഋഷിമാർ:—(കയ്യുയർത്തിയിട്ട്) രാജാവേ, വിജയിച്ചാലും!

രാജാ:—നിങ്ങളെ എല്ലാവരെയും ഞാൻ അഭിവാദ്യം ചെയ്യുന്നു.

ഋഷിമാർ:—അങ്ങേയ്ക്കു സ്വസ്തി!

രാജാ:—ഋഷിമാക്കു തപസ്സിന്നു വിഘ്നമൊന്നുമില്ലല്ലൊ.

ഋഷിമാർ:—

എങ്ങു ധമ്മക്രിയാവിഘ്നം,
മങ്ങു സദ്രക്ഷചെയ്യവേ
കൂരിരുട്ടെങ്ങിനെ വരും
കതിരോൻ കത്തിനില്ക്കവേ? ൧൩

രാജാ:—എന്റെ രാജശബ്ദം അന്വത്ഥമായി. ഭഗവാൻ കാശ്യപൻ ലോകാനുഗ്രഹത്തിന്നായി കുശലംപൂണ്ടു വാഴുന്നില്ലയോ?

ശാർങ്ഗരവൻ:—സിദ്ധിമാന്മാക്കു് കുശലം സ്വാധീനമാണല്ലോ. അദ്ദേഹം ഭവാനോടു അനാമയപ്രശ്നപൂർവ്വം ഇപ്രകാരം അരുളിച്ചെയ്യുന്നു.

രാജാ:—എന്താണ് ഭഗവാൻ അരുളിച്ചെയ്യുന്നതു്?

ശാർങ്ഗരവൻ:—'എന്റെ ഈ മകളെ, നിങ്ങൾ തമ്മിലുറപ്പിച്ചതിൻവണ്ണം ഭവാൻ വിവാഹം ചെയ്തു, നിങ്ങൾ രണ്ടുപേരിലും പ്രീതിയോടുകൂടി ഞാൻ സമ്മതിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ,

അസ്മന്മതത്തിൽ പ്രഥമാർച്ച്യനാം ഭവാൻ;
മെയ്യാന്നൊഴും സൽക്രിയയാം ശകുന്തള;
സമാന ജായാവര യോജനത്തിനാൽ
വിധിയ്ക്കപഖ്യാതി വരാതെയായ് ചിരം. ൧൪

അതിനാൽ ഗർഭിണിയായിരിക്കുന്ന ഇവളെ ഇപ്പോഴ് സഹധർമ്മാചരണത്തിനായി സ്വീകരിക്കണം' എന്ന്.

ഗൌതമി:—ആര്യ, എനിക്കും കുറഞ്ഞൊന്നു പറഞ്ഞാൽ കൊള്ളാമെന്നുണ്ട്. എന്നാൽ, പറയാൻ വഴിയില്ല:

ചിന്തിച്ചതേയില്ലിവരം തൻ ഗുരുക്കളെ,-
ചോദിച്ചതില്ലററവരോടു താങ്കളും;
താന്താങ്ങളം താൻ തുല്യനിലയ്ക്കുചെയ്യ യാ-
ലെന്താരൊടോതേണ്ടതൊരാൾക്കുവേണ്ടി ഞാൻ?

ശകുന്തള:—(ആത്മഗതം) എന്താണാവോ, ആര്യപുത്രൻ പറയുക!

രാജാ:— എന്താണീപ്പറഞ്ഞുവെച്ചത്?

ശകുന്തള:—തീയ്യാണല്ലോ ഇപ്പറഞ്ഞ വാക്ക്!

ശാർങ്ഗരവൻ:—എന്താണെന്നോ? നിങ്ങൾക്കുതന്നെ നല്ല വണ്ണമറിയാമല്ലോ നാട്ടുനടപ്പ്:

ചാരിത്രമൊത്തിട്ടകിലും പിതൃമന്ദിരെക-
വാസാൽ മണാട്ടിയെ മറിച്ചു നിനപ്പു നാട്ടാർ;
എന്നോർത്തയപ്പു കണവൻെറയടുക്കലേക്കു
തൻ കൂററുകാ,രവനകററിയ പെണ്ണിനേയും. എന്നു

രാജാ:—അല്ലാ, ഈ മാന്യസ്ത്രീയെ ഞാൻ മുമ്പു വിവാഹം ചെയ്തിട്ടുണ്ടെന്നോ?

ശകുന്തള:—(വിഷാദത്തോടെ ആത്മഗതം) ഹൃദയമേ, ഇപ്പോഴ് ശരിയായി നിൻെറ ശങ്ക!

ശാർങ്ഗരവൻ:—കൃതമാം ക്രിയയിൽ വെറുപ്പോ,
ധർമ്മാതുച്ഛിയോ, കൃശാവഹേളനമോ?

രാജാ:—എന്താണ്, ഇല്ലാത്തതു സങ്കല്പിച്ച് ഇങ്ങിനെ ചോദിക്കുന്നത്?

ശാർങ്ഗരവൻ:—മിക്കതുമേറിടുമീവക
വികൃതികളൈശ്വര്യഗർവ്വിതന്മാരിൽ! ൧൫

രാജാ:—മുഴുത്ത ശകാരം!

ഗൌതമി:—മകളേ, കുറച്ചുനേരം ലജ്ജിയ്ക്കാതിരിയ്ക്കു. ഞാൻ നിൻെറ മൂടുപുടവ നീക്കാം; എന്നാൽ ഭർത്താവ് നിന്നെ കണ്ടറിയും. (അപ്രകാരം ചെയ്യുന്നു.)

രാജാ:—(ശകുന്തളയെ നോക്കി ആത്മഗതം)

വടിവിതുപനതം സമ്മോഹനം മുൻഗ്രഹിച്ചോ-
യിവ നതു പിഴയാമോ,യെന്നുറയ്ക്കായ്കമൂലം
ഭ്രമരമുഷസി മഞ്ഞുറഞ്ഞുള്ള കുമ്മല്ലയെപ്പോ-
ലിതിനെ മുകരുവാനാളല്ല ഞാൻ കൈവിടാനും! ൧൬

(വിചാരത്തോടെ നില്ക്കുന്നു.)

നടയിൽത്തവണക്കാരി:—(ആത്മഗതം) അഹോ, തമ്പുരാൻെറ ധർമ്മനിഷ്ഠ! നിഷ്പ്രയാസം വന്നുചേർന്ന ഇത്തരം രൂപം കണ്ടാൽ മററാരെങ്കിലും ആലോചിച്ചുനില്ക്കുമോ?

ശാർങ്ഗരവൻ:—രാജാവേ, എന്താണിങ്ങിനെ മിണ്ടാതെ നില്ക്കുന്നത്?

രാജാ:—ഹേ, തപോധന, ഞാൻ ആലോചിച്ചുനോക്കിയിട്ടും ഈ മാന്യസ്ത്രീയെ സ്വീകരിച്ചതായ് ഓക്കുന്നില്ല. പിന്നെ എങ്ങിനെയാണ്, ഗർഭലക്ഷണം സ്പഷ്ടമായിട്ടുള്ള ഇവളെ പരകളത്രമെന്നു ശങ്കിയ്ക്കുന്ന ഞാൻ കൈക്കൊള്ളുക?

ശകുന്തള:—(വിഷാദത്തോടെ ആത്മഗതം) വിവാഹം ചെയ്തതിൽത്തന്നെ സംശയം. ഇനിയെന്തിനാണ് എനിയ്ക്ക് കടന്നുനില്ക്കുന്ന ആശ?

ശാർങ്ഗരവൻ:—എന്നാൽ വേണ്ട.

മകളിൽപ്പെട്ടുത്തൊരഭിമർശമാദരി-
ച്ചൊരുതാപസൻ തവ വിമാന്യനായിടാം;
അവിടുന്നു തൊണ്ടിമുതൽ കള്ളനായ്ക്കൊട്ടു-
ത്തതുപോലെ വല്ലി പെരുമാറിയങ്ങയിൽ? ഫൻ

ശാരദ്വതൻ:—ശാർങ്ഗരവ, താനിനി മതിയാക്കുക. ശകുന്തളേ, ഞങ്ങൾ പറയേണ്ടതു പറഞ്ഞു. ഈശ്ഗ്രഹം ഇങ്ങിനെയാണ് പറയുന്നത്. വിശ്വാസം വരത്തക്ക മറുപടി പറഞ്ഞുകൊൾക.

ശകുന്തള:—(ആത്മഗതം) അത്തരത്തിലായിരുന്ന അനുരാഗം ഈ നിലയിലായിക്കഴിഞ്ഞിരിയ്ക്കെ, ഓർമ്മപ്പെടുത്തുക കൊണ്ടെന്തു ഫലം? ആത്മശുദ്ധിയെ വെളിപ്പെടുത്തുവാൻ നോക്കുകതന്നെ. (പ്രകാശം) ആര്യപുത്ര, (എന്നു പകുതി (പറഞ്ഞു) വിവാഹത്തിൽത്തന്നെ സംശയമിരിയ്ക്കെ ഇതു മര്യാദയല്ലല്ലോ. പൌരവ, അന്നു ആശ്രമ

ത്തിൽവെച്ചു സ്വതേ ഉൾപ്പോരമയില്ലാത്ത ഇയ്യുള്ളവളെ ആണയിട്ട് വഞ്ചിച്ചിട്ട് ഇപ്പോൾ ഇമ്മാതിരിയെല്ലാം പറഞ്ഞു തള്ളിക്കളയുന്നതു് അങ്ങേക്കു ചേർന്നതായിരിക്കാം!

രാജാ:—ശാന്തം, പാപം!

മോഹിക്കുന്നോ നീ കുല-
മാവിലമാക്കാനുമിവനെ വീഴ്ത്താനും?
തെളിവെള്ളം തടഭൂരുഹ-
മിവയെക്കലംകവിഞ്ഞ പുഴപോലെ! ൨൦

ശകുന്തള:—ആകട്ടെ, പരമാർത്ഥത്തിൽ പരകളത്രമെന്ന ശങ്കകൊണ്ടാണ് അങ്ങ് ഇങ്ങിനെ കാട്ടിക്കൂട്ടുന്നതെങ്കിൽ ഞാൻ ഈ അടയാളംകൊണ്ട് അങ്ങയുടെ ശങ്ക തീർത്തേക്കാം.

രാജാ:—കൊള്ളാം, വളരെ നല്ലത്.

ശകുന്തള:—(മോതിരവിരലിന്മേൽ തൊട്ടുനോക്കിയിട്ട്) അയ്യോ, മോതിരമില്ലല്ലോ, എന്റെ വിരലിന്മേൽ!

(വിഷാദത്തോടെ ഗൗതമിയെ നോക്കുന്നു)

ഗൗതമി;—നീ ശക്രാവതാരത്തിൽവെച്ച് ശചീതീർത്ഥം വന്ദിക്കുമ്പോൾ വെള്ളത്തിൽ ഊരിവീണുപോയിരിക്കണം മോതിരം.

രാജാ:—(പുഞ്ചിരിക്കൊണ്ട്) ഇതാണ് സ്ത്രീകൾക്ക് അപ്പപ്പോൾ തരംപോലെ തോന്നുമെന്നു പറയുന്നത്.

ശകുന്തള:—ഇതു ദൈവം കാണിച്ച പ്രാഭവമാണ്. ഞാൻ മറെറാന്നു പറയാം.

രാജാ:—ഇപ്പോൾ കേൾക്കണമെന്നായി!

ശകുന്തള:—ഒരു ദിവസം അങ്ങു പിച്ചകക്കുടിലിലിരിയ്ക്കുമ്പോൾ, താമരയിലക്കുമ്പിളിലുണ്ടായിരുന്ന വെള്ളം കയ്യിലെടുക്കുകയുണ്ടായല്ലോ.

രാജാ:—ഞാൻ കേൾക്കുന്നുണ്ട്.

ശകുന്തള:—ആ സമയത്ത് എൻെറ ആ വളർത്തുപുത്രൻ ദീർഘാപാംഗനെന്ന മാൻകുട്ടി അടുക്കൽ വരികയുണ്ടായി. അപ്പോൾ അങ്ങാകട്ടെ, ആദ്യം ഇവൻ കുടിച്ചുകൊള്ളട്ടെ എന്ന് ദയയാൽ വെള്ളം കാണിച്ചുകൊടുത്തു. എന്നാൽ അവൻ പരിചയമില്ലായ്മയാൽ അങ്ങയുടെ കൈയ്ക്കരികെ വന്നില്ല. പിന്നീട് ആ വെള്ളംതന്നെ ഞാൻ വാങ്ങിയപ്പോൾ അവൻ അടുക്കൽ വന്നു കുടിയ്ക്കുകയും ചെയ്തു. അപ്പോൾ അങ്ങു പരിഹസിച്ചു: 'എല്ലാവരും കൂട്ടുകാരെ വിശ്വസിയ്ക്കുന്നു; ഇവിടെ രണ്ടുപേരും കാട്ടുജാതിക്കാരാണല്ലോ' എന്ന്.

രാജാ:—തൻകാര്യം നേടുവാൻ ശീലമുള്ള പെണ്ണുങ്ങളുടെ ഇത്തരം കപടവാങ്മധുധാരകളാൽ വിഷയാസക്തന്മാർ വശീകരിയ്ക്കപ്പെട്ടുപോകുന്നു.

ഗൗതമി:—മഹാഭാഗ, ഇങ്ങിനെ പറയരുത്. തപോവനത്തിൽ വളർന്ന ഇവളുമുള്ള വക്രത കളവറിഞ്ഞുകൂടാ.

രാജാ:—വൃദ്ധതാപസി,

സ്ത്രീത്വ,നശിക്ഷിതപടുത്വമമാനുഷിയ്ക്കും
കാണുന്നു; ബോധവതിതൻ കഥയെന്തു പിന്നെ?
അന്യദ്വിജപ്പുരിഷയാൽക്കയിലിൻ വധൂടി
പോററിപ്പു കുഞ്ഞിനെ മുതിൎന്നു പറക്കവോളം ൨൨

ശകുന്തള:—(കോപത്തോടെ) ദുഷ്ട, തന്റെ സ്വഭാവത്തെ അനുസരിച്ചാണ് താൻ മററെല്ലാവരേയും കാണുന്നത്. മററാരാണ്, ധൎമ്മകഞ്ചുകമിട്ട പുല്ലുകൊണ്ടു് മറഞ്ഞ കിണറുപോലിരിക്കുന്ന തന്നെപ്പോലെ ഇമ്മാതിരി കാട്ടുക?

രാജാ:—(ആത്മഗതം) എനിക്കു് സംശയം തോന്നിക്കുമാറു് കളവില്ലാത്തതുപോലിരിക്കുന്ന ഇവളുടെ കോപം. ഇവൾ,

ഏകാന്ത വിസ്മരണ ദാരുണനായി ഞാൻ താ-
നേകാന്തവേഴ്ച നിരസിച്ചുകളഞ്ഞതുമൂലം
കോപത്തൊടും മിഴി ചുടുത്തു, മനോഭവന്റെ
ചാപം, ചുളിച്ച പുരികക്കൊടിയാലൊടിച്ചോ! ൨൩

(പ്രകാശം) ഭദ്രേ, പ്രസിദ്ധമാണ് ദുഷ്ഷന്തന്റെ ചരിത്രം; എന്നാലും ഇതു കാണുന്നില്ല.

ശകുന്തള:—എന്നെ 'തോന്നിവാസക്കാരി'യാക്കിവെച്ചതു നല്ല ഭംഗിയായി; പൂരുവംശത്തിലുള്ള വിശ്വാസത്താൽ, ഞാൻ വായിൽ തേനും മനസ്സിൽ നഞ്ഞും വെച്ചുകൊണ്ടിരിക്കുന്ന ഇയ്യാളുടെ കയ്യിൽ അകപ്പെട്ടുവല്ലോ!

(പുടവത്തുമ്പുകൊണ്ടു മുഖം മറച്ചു കരയുന്നു.)

ശാർങ്ഗരവൻ:—ഇങ്ങിനെയാണ് സ്വയംകൃതമായ ചാപല്യം തിരിഞ്ഞടിച്ചു ചുട്ടെരിക്കുന്നത്.

തന്മൂലമോർത്തേ ചെയ്യാവൂ
വേഴ്ച്ചമേകാന്തവേഴ്ച്ചയെ:
അജ്ഞാതഹൃദയന്മാരിൽ
സ്നേഹമിമ്മട്ടു വൈരമാം. വന.

രാജാ:— ഹേ, എന്തിനാണ് നിങ്ങൾ ഈ സ്ത്രീയെ മാത്രം വിശ്വസിച്ചു് നമ്മുടെ നേരെ 'കൊള്ളിവാക്ക' പ്രയോഗിക്കുന്നത്?

ശാർങ്ഗരവൻ:—(അക്ഷമയോടെ) കേട്ടില്ലേ, നിങ്ങൾ കീഴ്മേൽ മറിഞ്ഞ സംസാരം?

ജനനംമുതല്ക്കു ചതി ശീലിയാതെഴും
ജനമോതിടുന്ന മൊഴി യപ്രമാണമാം;
പരവഞ്ചനത്തെയൊരു ശാസ്ത്രമായ് പ്പഠി-
പ്പവരാണപോൽ വലിയ സത്യവാദികാം! വര്

രാജാ:—ഹേ, സത്യവാദിൻ, ശരി, ഇതു ഞാൻ സമ്മതിച്ചു; എന്നാൽ ഇവളെച്ചതിച്ചാൽ എനിക്കെന്തുലാഭം?

ശാർങ്ഗരവൻ:—അധോഗതി!

രാജാ:—അധോഗതിയെത്തേടുന്നവരാണ് പൌരവന്മാർ എന്നുള്ളത് വിശ്വാസയോഗ്യംതന്നെ!

ശാരദ്വതൻ:—ശാർങ്ഗരവ, എന്തിനാണ് മേല്ക്കുമേൽ വാഗ്വാദം ചെയ്യുന്നത്? ഗുരുസന്ദേശം അനുഷ്ഠിച്ചുകഴി

ഞ്ഞു നമുക്കു മടങ്ങിപ്പോവുക. രാജാവേ,

എന്നാലിതാ ഭവൽ കാന്ത;
തള്ളാം, കൊള്ളാം, യഥോചിതം;
പത്നിമാരുടെമേൽ സിദ്ധ-
മല്ലോ സർവ്വാധികാരവും. ൨൩

(അവർ പുറപ്പെടുന്നു)

ഗൌതമി, മുമ്പേ നടക്കു.

ശകുന്തള:—അയ്യോ, ഈ ധൂർത്തൻ എന്നെ ചതിച്ചുകളഞ്ഞു. നിങ്ങളും എന്നെ ഉപേക്ഷിക്കുകയാണോ? (പിന്നാലെ പുറപ്പെടുന്നു)

ഗൌതമി:—(നിന്നിട്ട്) ഉണ്ണി ശാർങ്ഗരവ, ഇതാ, ശകുന്തള പെരുമുറെക്കരഞ്ഞുകൊണ്ടു നമ്മുടെ പിന്നാലെ വരുന്നു. ഭർത്താവ് നിർദ്ദയം തള്ളിക്കളഞ്ഞിരിക്കെ, എൻെറ ഓമനമകളെന്തുചെയ്യും?

ശാർങ്ഗരവൻ:—(കോപത്തോടെ തിരിഞ്ഞുനിന്ന്) അസത്തേ, താന്തോന്നിത്തം കാണിക്കുന്നുവോ!

(ശകുന്തള പേടിച്ചു വിറയ്ക്കുന്നു)

ശാർങ്ഗരവൻ:—ശകുന്തളേ,

ക്ഷിതീശ്വരൻ ചൊല്ലിയ മട്ടിലെങ്കിലോ
പിതാവിനെന്തിന്നു കുലം കെടുത്ത നീ?
അതല്ല, നീ സുവ്രതയെന്നിരിക്കിലോ
ഹിതം ത്വലോംഭർത്തൃകുടുംബദാസ്യവും! ൨൪

അതിനാൽ നില്ക്കൂ. ഞങ്ങൾ പോകുന്നു.

രാജാ:—ഹേ, താപസ, എന്തിനാണ് ഈ സ്ത്രീയെ പറഞ്ഞു, വിലക്കുന്നത്?

വളർമതിയാമ്പലിനെത്താൻ
വിരിയിപ്പൂ, സൂര്യനംബുജത്തെത്താൻ;
പരദാര സംഗമത്തിൽ-
പ്പതിഞ്ഞിടാ വശികൾതൻ ഹൃദയം! ൨൩

ശാർങ്ഗരവൻ:—മുമ്പ് നടന്നത് അന്യാസക്തിയാൽ അങ്ങേയ്ക്കു് മറക്കാമെങ്കിൽ അധർമ്മത്തിൽ പേടിയോ?

രാജാ:—ഞാൻ അങ്ങയോടുതന്നെ ഇതിൽ ഗുരുലഘുത്വം ചോദിക്കുന്നു:—

മറന്നതോ ഞാ,നിവൾ കൈതവോക്തിയെ-
പ്പറഞ്ഞതോ എന്നിഹ സംശയിക്കവേ
പരിഗ്രഹത്തെക്കളയുന്നതോ വരം?
പരാംഗനാസ്പർശ കളങ്കമേല്പതോ? ൨൪

പുരോഹിതൻ:—(ആലോചിച്ച്) എന്നാലിങ്ങിനെ ചെയ്യുക.

രാജാ:—എനിക്കു പറഞ്ഞുതരൂ.

പുരോഹിതൻ:—ഈ സ്ത്രീ പ്രസവിക്കുന്നതുവരെ നമ്മുടെ ഗൃഹത്തിൽ താമസിക്കട്ടെ. എന്തുകൊണ്ടാണ് ഇങ്ങിനെ പറയുന്നതെന്നുവെച്ചാൽ: ദൈവജ്ഞന്മാർ അങ്ങയോടു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ, അങ്ങേക്കു ചക്രവർത്തി

യായ പുത്രനാണ് ആദ്യം ജനിയ്ക്കുക എന്നു്. ഈ മുനിപുത്രിയുടെ മകന്നു് ആ ലക്ഷണമുള്ള പക്ഷം ഇവളെ അഭിനന്ദിച്ച് അന്തഃപുരത്തിലേയ്ക്കു് കൂട്ടിക്കൊണ്ടുപോരാം. മറിച്ചാണെങ്കിലോ അച്ഛൻെറ അടുക്കലേയ്ക്കുതന്നെ അയയ്ക്കുക എന്ന കാര്യത്തിൽ സംശയമില്ലല്ലോ.

രാജാ:—ആചാര്യൻെറ ഇഷ്ടംപോലെ.

പുരോഹിതൻ:—കുട്ടീ, എൻെറ കൂടെ പോരു.

ശകുന്തള:—ഭൂമീദേവി, എനിയ്ക്കൊരു പിളൎപ്പു കാട്ടിത്തരണേ!

(കരഞ്ഞുകൊണ്ടു പുരോഹിതനോടും താപസന്മാരോടുംകൂടി പോയി. രാജാവു് ശാപംമൂലം ഓൎമ്മവരാതെ ശകുന്തളയെക്കുറിച്ചുതന്നെ വിചാരിയ്ക്കുന്നു.)

(അണിയറയിൽ)

ആശ്ചൎയ്യം, ആശ്ചൎയ്യം!

രാജാ:—(കേട്ടിട്ട്) എന്തായിരിയ്ക്കാം?

പുരോഹിതൻ:—(പ്രവേശിച്ച് വിസ്മയത്തോടെ) മഹാരാജാവേ, ഒരത്ഭുതമുണ്ടായി!

രാജാ:—എന്താണുണ്ടായത്?

പുരോഹിതൻ:—കണ്വശിഷ്യന്മാർ മടങ്ങിപ്പോയപ്പോൾ,

തന്നുവിധിയെയപ്പെണ്‍പൈതൽ നിന്ദിച്ചുകൊണ്ടേ
വിവശതയൊടു കൈപൊക്കിച്ചു കേഴാൻ തുടങ്ങി;

രാജാ:—വേറെയെന്താണുണ്ടായത്?

പുരോഹിതൻ:—

ഉടനെയവളെത്തന്നിത്തപ്പായ് മറഞ്ഞു വധൂടി-
വടിവുടയൊരുതേജസ്സപ്സരസ്സീർത്ഥംപാൾപാൽ! വൻ

(എല്ലാവരും വിസ്മയം നടിക്കുന്നു.)

രാജാ:—നാം മുമ്പുതന്നെ കയ്യൊഴിച്ചുകളഞ്ഞതാണല്ലോ ആ വിഷയം. എന്തിന്നു വെറുതെ ഓരോന്നൂഹിച്ചു നോക്കുന്നു. ഭവാൻ പോയി വിശ്രമിയ്ക്കുക.

പുരോഹിതൻ:—വിജയിച്ചാലും!

(പോയി)

രാജാ:—വേത്രവതി, എനിയ്ക്കു വല്ലാത്തൊരു ക്ഷീണം കിടപ്പറയിലേയ്ക്കു വഴി കാണിയ്ക്കു.

നടയിൽത്തവണക്കാരി:—തിരുമേനി, ഇതാ, ഇതിലേ.

(ഇരുവരും ചുററിനടക്കുന്നു.)

രാജാ:—(ആത്മഗതം)

തള്ളപ്പെട്ടുള്ളൊരു മുനി-
തനയയെ ഞാൻ വേട്ടതോർപ്പതില്ലേതും;
എന്നാലേററം വ്യഥപെട്ട-
മെങ്കരളം വിശ്വാസമേകിടുന്നുണ്ടോ! ൩൦

(രണ്ടുപേരും പോയി.)

**അഞ്ചാമങ്കം കഴിഞ്ഞു.**

# ആറാമങ്കം

(അനന്തരം നഗരാധികാരിയും ഒരാളെ പിൻ കൈ കെട്ടിപ്പിടിച്ചു കൊണ്ട് രണ്ടു ശിപായിമാരും പ്രവേശിക്കുന്നു.)

ശിപായിമാർ:—(അടിച്ചിട്ട്) എട കള്ളാ, പറ. നിനക്കെവിടുന്നുകിട്ടി, പൊന്നുതമ്പുരാൻെറ തിരുനാമമുദ്രയുള്ള ഈ കല്ലുവെച്ച മോതിരം?

ആയാൾ:—(ഭയം നടിച്ച്) ദയവുണ്ടാവണേ, എജമാനന്മാക്ക്. ഞാനങ്ങനത്ത തൊഴില്ക്കാരനല്ല.

ഒന്നാമൻ:—പിന്നെ ഒരുത്തമ ബ്രാഹ്മണനാണെന്നുവെച്ചു പൊന്നുതമ്പുരാൻ നിനക്കു പ്രതിഗ്രഹം തന്നു. അല്ലേ?

ആയാൾ:—ദകക്കരണേ, ഞാൻ ശക്രാവതാരത്തു പാക്കണ മുക്കോനാണ്.

രണ്ടാമൻ:—മൂരാച്ചിക്കള്ളാ, നിൻെറ ജാതി ചോദിച്ചുവോ ഞങ്ങടാം?

അധികാരി:—സൂചക, എല്ലാം മുറക്കു പറയട്ടെ; ഇവനെ ഇടക്കു തടയേണ്ട.

രണ്ടുപേരും:—ഉത്തരവുപോലെ.

അധികാരി:—പറ, പറ.

മുക്കുവൻ:—ഞാൻ വലയും ചൂണ്ടലും മറവുമിട്ടു മീൻ പിടിച്ചാണ് കുടിക്കാരെപ്പുലത്തണ്.

അധികാരി:—(ചിരിച്ച്) പരിശുദ്ധമായ ഉപജീവനം!

മുക്കുവൻ:—ഏമ്മാന്നേ, ഇങ്ങിനെ പറഞ്ഞൂടാ:

പൊരുത്തു മോശ മായാലും
ജാതിത്തൊഴിലൊയിയ്യോലാ;
ആടിൻകത കയിയ്ക്കില്ലേ
തയവുള്ളൊരു വേതിയൻ? ൧

അധികാരി:—പിന്നെ?

മുക്കുവൻ:—പിന്നെ, ഒരു തിവശം ഞാനൊരു ചെങ്കവരി മീനെ കീറി. അപ്പോ അയിൻെറ വൈററിൽ ഥളങ്ങണ ഇക്കല്ലുവെച്ച മോതരം കണ്ടെത്തി. പിന്നെ ഞാനത് ബിക്കാൻ കൊണ്ടടന്ന കാണിയ്ക്കുമ്പൊ ഏമ്മാന്മാർ എന്നെപ്പിടികൂടി. കൊന്നാലും ചരി, വിട്ടാലും ചരി; ഇങ്ങനാണ് ഇത് കിട്ട്യ വഴി.

അധികാരി:—ജാനുക, പച്ചനാററം കൊണ്ട്, ഇവൻ ഈറച്ചിതിന്നുന്ന മീൻപിടുത്തക്കാരൻതന്നെയാണെന്ന തീച്ച്പ്പെട്ടത്താം. മോതിരം ഇവന്ന കിട്ടിയതിനെപ്പററി ആലോചിയ്ക്കേണ്ടതുണ്ട്. അതിനാൽ നാം കൊട്ടാരത്തിലേയ്ക്കുതന്നെ പോവുക.

ശിപായിമാർ:—അങ്ങിനെതന്നെ. എടാ, പൂട്ടുപൊളിയ, നടക്കെടാ.

(എല്ലാവരും ചുററിനടക്കുന്നു.)

അധികാരി:—സൂചക, ഇവനെ ഗോപുരവാതില്ക്കൽ മനസ്സിരുത്തിക്കാത്തുകൊള്ളണം. ഞാൻ ഈ മോതിരം കിട്ടിയ

വിവരം തിരുമനസ്സറിയിച്ച് ഉത്തരവു വാങ്ങിക്കൊണ്ടു വരാം.

രണ്ടുപേരും:—അങ്ങുന്നു ചെല്ലുക. തിരുവുള്ളം ഉണ്ടാകട്ടെ.

(അധികാരി പോയി)

സൂചകൻ:—ജാനുക, അധികാരിയങ്ങുന്നു വരാൻ വൈകുന്നുവല്ലോ.

ജാനുകൻ:—സമയം നോക്കേണ്ടുദയോ, തിരുമുമ്പാകെച്ചെല്ലാൻ!

സൂചകൻ:—ജാനുക, എന്റെ കൈകൾ വെമ്പുന്നു, ഈ കഴുവേറിയ കൊലമാലയിട്ടുവിപ്പാൻ. (മുക്കുവന്റെ നേരെ ചൂണ്ടുന്നു.)

മുക്കുവൻ:—വെറുതെക്കൊല്ലല്ലേ, ഏമാൻ.

ജാനുകൻ:—(നോക്കിയിട്ട്) ഇതാ, നമ്മുടെ എജമാൻ ഉത്തരവും വാങ്ങിക്കൊണ്ട് ഇങ്ങോട്ടുതന്നെ വരുന്നു. നിനക്കിനി നായയുടെ മോന്ത കാണാം; അല്ലെങ്കിൽ കഴുകന്നിരയാവാം.

അധികാരി:—(പ്രവേശിച്ച്) സൂചക, ഈ മീൻപിടുത്തക്കാരനെ വിടാം. ഇവന്നു മോതിരം കിട്ടിയ വഴി ശരി തന്നെയാണ്.

സൂചകൻ:— ഉത്തരവുപോലെ. ജാനുക, ഇവൻ കാലന്റെ കൊട്ടാരം കണ്ടു തിരിച്ചെത്തി. (മുക്കുവന്റെ കെട്ടഴിക്കുന്നു.)

മുക്കുവൻ:—(അധികാരിയെ വണങ്ങിയിട്ട്) ഏമാന്നേ, ഇമ്പു ടുത്തെയ്ക്കുള്ളതാണ് എൻെറ ജീവൻ.

അധികാരി:—ഇതാ, പൊന്നുതമ്പുരാൻ മോതിരത്തിൻെറ വിലയോളമുള്ള പണം സമ്മാനമായി തന്നയച്ചിരിക്കുന്നു.

(മുക്കുവന്നു പണം കൊടുക്കുന്നു.)

മുക്കുവൻ:—(വണങ്ങിവാങ്ങിയിട്ട്) വല്യമ്പുരാൻെറ തിരുവൊള്ളം!

സൂചകൻ:—തിരുവുള്ളംപോലും, കഴുവിന്മേൽ നിന്നിറക്കി ആനപ്പുറത്തു കേററിയതിൽ!

ജാനുകൻ:—അങ്ങുന്നേ, ഈ സമ്മാനം തന്നെ പറയുന്നു, ആ മോതിരം തിരുമേനിക്കു പ്രിയപ്പെട്ടതാണെന്ന്.

അധികാരി:—അതിന്മേലുള്ള മുന്തിയ രത്നത്തെക്കുറിച്ചല്ല, തമ്പുരാന്നു പ്രതിപത്തി എന്നു ഞാൻ ഊഹിക്കുന്നു. അതു തൃക്കണ്ണാൽ കണ്ട മാത്രയിൽ തിരുമനസ്സിലേയ്ക്കു ഏതോ ഒരു പ്രിയജനത്തിൻെറ ഓർമ്മയുണ്ടായി. സ്വതേ, ഗംഭീരനാണെങ്കിലും കുറച്ചുനേരം തൃക്കണ്ണുകളിൽ കണ്ണീർ നിറഞ്ഞുപോയി.

സൂചകൻ:—തമ്പുരാൻെറ സേവ നേടിയല്ലോ അങ്ങുന്ന്.

അധികാരി:—ഈ മീൻകൊല്ലിയ്ക്കുവേണ്ടി എന്നുതന്നെ പറയു.

(മുക്കുവനെ അസൂയയോടെ നോക്കുന്നു.)

മുക്കുവൻ:—ഏമാന്മാരേ, ഇതീപ്പാതി അങ്ങേക്കിരിയ്ക്കട്ടെ, എൻെറ മേൽ തിരുവൊള്ളം തോന്ന്യ വകയ്ക്ക്.

ജാനകൻ:—അതു വേണ്ടതുതന്നെ.

അധികാരി:—അരയരേ, താങ്കൾ എനിയ്ക്ക് ഏററവും വലിയ ഉററ ദസ്നേഹിതനായിത്തീൎന്നിരിയ്ക്കുന്നു. ഒരു കുടിയോട്ടുകൂടി, നമ്മുടെ ഈ ആത്മ്യത്തെ കൂട്ടുകെട്ട് ഉറപ്പിയ്ക്കണം. അതിനാൽ നമുക്ക് ഈ ചാരായക്കടയിലേയ്ക്കു തന്നെ കേറാം.

മുക്കുവൻ:—അങ്ങനെതന്നെ.

(എല്ലാവരും പോയി.)

## പ്ര വേ ശ കം.

(അനന്തരം ആകാശമാൎഗ്ഗത്തിലൂടെ സാനുമതി എന്ന അപ്സരസ്ത്രീ പ്രവേശിയ്ക്കുന്നു.)

സാനുമതി:—ഞാൻ അപ്സരസ്തീൎത്ഥത്തിൽച്ചെന്നു നില്ക്കേണ്ടുന്ന ഊഴം കഴിഞ്ഞു. സജ്ജനങ്ങൾക്കു സ്നാനം ചെയ്വാനുള്ള സമയമായല്ലൊ. ഇനി ഈ രാജൎഷിയുടെ സ്ഥിതിയെന്തെന്നു നോക്കിയറിയാം. മേനകയുമായുള്ള ചാൎച്ചവഴിയ്ക്ക്, എനിയ്ക്കു സ്വന്തം ശരീരംതന്നെയാണ് ശകുന്തള. അതിനാലാണല്ലോ അവൾ എന്നെ നിയോഗിച്ചിരിയ്ക്കുന്നത്. (ചുററും നോക്കിയിട്ട്) എന്തുകൊണ്ടാണ് വസന്തോത്സവകാലത്തും രാജധാനിയിൽ ഉത്സവാരംഭം കാണാത്തതു്? എല്ലാം ദിവ്യദൃഷ്ടികൊണ്ടറിയാൻ എനിയ്ക്കു കഴിവുണ്ട്; പക്ഷെ, സഖിയുടെ വാക്കിനെ മാനിയ്ക്കണമല്ലൊ. ആകട്ടെ, തിരസ്കരണികൊണ്ടു മറഞ്ഞ് ഈ

ഉദ്യാനപാലികമാരുടെ അടുക്കൽ ചെന്നു നിന്നു സ്ഥിതി മനസ്സിലാക്കാം.

(ഇറങ്ങിനില്ക്കുന്നു)

(അനന്തരം മാമ്പൂമൊട്ടു നോക്കിക്കൊണ്ട് ഒരു ചേടിയും അവളുടെ പിറകെ മററൊരു ചേടിയും പ്രവേശിക്കുന്നു.)

ഒന്നാമത്തവൾ:—

ഋതുമംഗളമേ, വെൺ ചെം-
പച്ചനിറം പൂണ്ട ചൂതമലർ മൊട്ടേ,
ഭാഗ്യം, നീ മമ കാണ്മായ്-
വന്നിതു മധുമാസജീവിതസ്സത്തേ! വ

രണ്ടാമത്തവൾ:—പരഭൃതികേ, നീയെന്താണ് തനിയേ നിന്നു മന്ത്രിക്കുന്നത്?

പരഭൃതിക:—മധുകരികേ, മാമ്പൂമൊട്ടു കണ്ടാൽ പരഭൃതികയ്ക്കു ലഹരി പിടിക്കില്ലയോ?

മധുകരിക:—(ഹർഷത്തോടും വെമ്പലോടും കൂടി അടുത്തു ചെന്ന്) എയ്, വസന്തം വന്നുവല്ലോ!

പരഭൃതിക:—മധുകരികേ, നിനക്കു കളിച്ചു പുളച്ചു മൂളിപ്പാടി നടക്കാനുള്ള കാലമാണല്ലോ ഇത്.

മധുകരിക:—തോഴി, എന്നെ ഒന്നു താങ്ങിക്കൊള്ളണേ. ഞാൻ എത്തിവലിഞ്ഞുനിന്നു മാമ്പൂമൊട്ടറുത്തു കാമദേവനെ അനുരാധിക്കട്ടെ.

പരഭൃതിക:—ആരാധനയുടെ ഫലത്തിൽപ്രകൃതി എനിയ്ക്കാണെങ്കിൽ—

മധുകരിക:—പറഞ്ഞില്ലെങ്കിൽതന്നെ അതു കിട്ടും. ഒന്നുതന്നെയാണല്ലോ, നമ്മുടെ ജീവൻ; ശരീരംമാത്രമേ രണ്ടായിരിയ്ക്കുന്നുള്ളൂ. (സഖിയുടെ താങ്ങലോടുകൂടി നിന്നു മാന്പൂമൊട്ടു് പറിച്ചിട്ടു്) ഹ്വായ്, വിരിഞ്ഞിട്ടില്ലെങ്കിലും ഈ മാന്പൂവിന്നു ഞെട്ടൊടിച്ചതിനാൽ നല്ല വാസനയുണ്ടു്.
(കൈക്കുടന്നയിൽ വെച്ചിട്ടു്.)

മാന്പൂമൊട്ടേ കുലവി-
ല്ലേന്തിയ കാമന്നു നിന്നെ നൽകുന്നേൻ,
വാഴ്ക, വിരഹിണിമാർകളി-
ലെയ്യാനഞ്ചിൽക്കവിഞ്ഞ ശരമായ് നീ! ൩

(ആരാധിയ്ക്കുന്നു.)

(ഒരു ഹരിക്കാരൻ തിരനീക്കി കോപത്തോടെ പ്രവേശിയ്ക്കുന്നു.)

ഹരിക്കാരൻ:—ഛേ, അരുതു്; തന്റേമില്ലാത്തവളേ, തമ്പുരാൻ വസന്തോത്സവം വിരോധിച്ചിരിയ്ക്കെ നീ മാന്പൂമൊട്ടറുപ്പാൻ ഭാവിയ്ക്കുന്നുവോ?

രണ്ടുപേരും (ഭയത്തോടെ) ആര്യൻ പ്രസാദിയ്ക്കണം. ആ കഥ ഞങ്ങളറിഞ്ഞിരുന്നില്ല.

ഹരിക്കാരൻ:—ഇവർ കേട്ടില്ലത്രേ! വാസന്തികങ്ങളായ വൃക്ഷങ്ങളും അവയിലിരിയ്ക്കുന്ന പക്ഷികളുംകൂടി തമ്പുരാന്റെ കല്പനയെ ആദരിച്ചിരിയ്ക്കുന്നു! എന്തെന്നാൽ,

മാമ്പൂമൊട്ടു ചിരാൽപ്പിറന്നുമുളവാ—
ക്കുന്നീല രേണൂൽകരം;
വെമ്പൽക്കൊൾവൊരു ചെങ്കുറിഞ്ഞിമലരും
മൊട്ടായ് നിലക്കൊൾവൂതേ,
കണ്ഠത്തിൽക്കുയിലൊച്ച നിന്നു ശിശിരം
പോയിട്ടുമേ; പിന്മട-
ക്കുന്നോ പേടി പിടിച്ചു പുഷ്പശരനും
തൂണാദ്കൃഷ്ടം ശരം! ൮

സാനുമതി:—സംശയമില്ല, മഹാനുഭാവൻതന്നെ രാജർഷി.

ചേടിമാർ:—ആര്യ, കുറച്ചു ദിവസമേ ആയുള്ളു ഞങ്ങളെ തമ്പുരാൻെറ അളിയൻ മിത്രാവസു തൃപ്പാദസന്നിധിയിലേയ്ക്കയച്ചിട്ട്. ഇവിടെ പ്രമദവനം വെട്ടപ്പാക്കലിനെസ്സംബന്ധിച്ചുള്ള എല്ലാ ജോലികളും ഞങ്ങൾക്ക കല്പിച്ചുതന്നിരിയ്ക്കുന്നതാണും. അതിനാൽ ഈ വൎത്തമാനം ഞങ്ങൾ മുമ്പു കേൾക്കുകയുണ്ടായില്ല.

ഹരിക്കാരൻ:—ആകട്ടെ, ഇനി ഇങ്ങിനെ ചെയ്തുപോകരുത്.

ചേടിമാർ:—ആര്യ, ഞങ്ങൾക്കാഗ്രഹമുണ്ട്; ഇയ്യുള്ളവൎക്ക കേൾക്കാവുന്നതാണെങ്കിൽ, ആര്യൻ, പറഞ്ഞുതരൽ കൊള്ളാം. എന്തു കാരണത്താലാണ്, തമ്പുരാൻ വസന്തോത്സവം വിരോധിച്ചത്?

സാനുമതി:—ഉത്സവപ്രിയരാണല്ലോ മനുഷ്യർ; അതിനാൽ വലിയ കാരണം ഉണ്ടായിരിക്കണം.

ഹരിക്കാരൻ:—(ആത്മഗതം) പരക്കെ അറിഞ്ഞു കഴിഞ്ഞതാണിത്; ഞാനെന്തിന്നു പറയാതിരിക്കുന്നു: നിങ്ങൾ കേൾക്കുകയുണ്ടായില്ലയോ, ശകുന്തളയെത്തള്ളിക്കളഞ്ഞു വെന്നുള്ള അപവാദം?

ചേടിമാർ:—ഉവ്വ്. തമ്പുരാന്റെ അളിയൻ പറഞ്ഞുകേട്ടു, മോതിരം കണ്ടെത്തിയതുവരെയുള്ള വർത്തമാനം.

ഹരിക്കാരൻ:—എന്നാൽ കുറച്ചേ പറയാനുള്ളു. മോതിരം തൃക്കണ്ണൊത്തപ്പോൾ തിരുമനസ്സിലേക്കോർമ്മയുണ്ടായി, വാസ്തവത്തിൽ താൻ ശുദ്ധമായി വേളികഴിച്ച മാന്യയായ ശകുന്തളയെ അന്ധാളിത്തം നിമിത്തം തള്ളിക്കളഞ്ഞുവെന്ന്. അപ്പോൾമുതല്ക്കേ തിരുമേനി പശ്ചാത്താപത്തിൽപ്പെട്ടിരിക്കുന്നു. എന്തെന്നാൽ,

തള്ളുന്നു സുഖവസ്തു; മന്ത്രികളെ മുൻ-
മട്ടന്വഹം കാണുമാ-
റില്ലാ; നിദ്ര വരാതെ മെത്തയിലുരു-
ണ്ടല്ലാകെ നീക്കുന്നു രാത്രേ;
ദാക്ഷിണ്യാൽ മുറപോലെ നന്മവചനം
ദാരങ്ങളോടോതവേ
പേർ മാറിപ്പറയും; ത്രപാവിവശനായ്-
ക്കമ്പിട്ടിരിക്കും ചിരം. (൬)

സാനുമതി:—എനിക്കു വളരെ സന്തോഷമായി.

ഹരിക്കാരൻ.—തിരുമനസ്സിലെ ആ അസ്വാസ്ഥ്യം നിമിത്തമാണ് വസന്തോത്സവം വേണ്ടെന്നു വെച്ചത്.

ചേടിമാർ:—ശരി.

(അണിയറയിൽ)

എഴുന്നള്ളുക, എഴുന്നള്ളാം.

ഹരിക്കാരൻ:—(കേട്ടിട്ട്) ഒ! തിരുമേനി, ഇങ്ങോട്ടുതന്നെ എഴുന്നള്ളുന്നു. നിങ്ങൾ സ്വന്തം ജോലി നോക്കിക്കൊൾവിൻ.

ചേടിമാർ:—അങ്ങിനെതന്നെ.

(പോയി)

(അനന്തരം പശ്ചാത്താപോചിതമായ വേഷത്തിൽ രാജാവും കൂടെ വിദൂഷകനും നടയിൽത്തവണക്കാരിയും പ്രവേശിക്കുന്നു.)

ഹരിക്കാരൻ:—(രാജാവിനെ നോക്കിയിട്ടു) അഹോ, സർവ്വാവസ്ഥയിലും വിശിഷ്ടാകൃതികൾക്കുള്ള രമണീയത! ഇത്രയും ഉൽകണ്ഠയുണ്ടെങ്കിലും പ്രിയദർശനൻതന്നെ തിരുമേനി:

മററും തള്ളി വിശേഷമണ്ഡനമിടം
കൈത്തണ്ടമേലിട്ടതാ—
മൊററപ്പൊൻവള മാത്രമുണ്ടു, ധരമോ
ശ്വാസോപരക്തം തുലോം,
ചിന്താജാഗരതാന്തമായ് മിഴി—യുടൽ-
ക്കേവം ചടപ്പേറ്റുകിലും
ശോഭിപ്പൂ വലുതാം കടഞ്ഞ മണിയോ-
ടൊപ്പം സ്വതേജോഗുണാൽ! ന്ദ

സാനുമതി:—ഒട്ടും അസ്ഥാനത്തല്ല, തള്ളിക്കളഞ്ഞവമാനിയ്ക്കപ്പെട്ടാലും ശകുന്തള ഇദ്ദേഹത്തെച്ചൊല്ലി വല്ലായ്മപ്പെടുന്നത്.

രാജാ:—(മനോരാജ്യംമൂലം പതുക്കെ ചുററിനടന്ന്)

മുന്നം മാന്മിഴിയാം പ്രിയ
വന്നേററയുണർത്തിയെങ്കിലുമുറങ്ങി;
ഇപ്പോഴതീ ഹതഹൃദയം
പശ്ചാത്താപപ്പെടുന്നതിന്നുണർന്നു! ൧

സാനുമതി:—ഇങ്ങിനെയൊക്കെയൊണ് ആ പാവത്തിന്റെ ഭാഗ്യം!

വിദൂഷകൻ:—(സ്വഗതം) ഇദ്ദേഹത്തെ പിന്നേയും വന്നു പിടികൂടിയല്ലോ ആ ശകുന്തളാവ്യാധി. എങ്ങിനെയാണ് ചികിത്സിയ്ക്കേണ്ടതെന്ന് എനിയ്ക്കു രൂപമില്ല.

ഹരിക്കാരൻ:—(അടുത്തുചെന്ന്) തിരുമേനി ജയിച്ചാലും! പ്രമദവനപ്രദേശമെല്ലാം പരിശോധിച്ചുകഴിഞ്ഞു. വിനോദസ്ഥലങ്ങളിൽ ഏതെങ്കിലും തിരുമനസ്സുപോലെ എഴുന്നള്ളിയിരിയ്ക്കാം.

രാജാ:—വേത്രവതി, അമാത്യൻ ആര്യപിശുനനോടു ഞാൻ പറഞ്ഞതായിപ്പറയുക: 'ഉണരുവാൻ നേരം വൈകിയതിനാൽ ഇന്നു നാം ആസ്ഥാനമണ്ഡപത്തിലിരിയ്ക്കുവാൻ ഇഷ്ടപ്പെടുന്നില്ല. താങ്കൾ നോക്കിക്കഴിഞ്ഞ പൌരകാര്യം ഇങ്ങോട്ടെഴുതിയയച്ചുകൊള്ളണം' എന്ന്.

നടയിൽത്തവണക്കാരി:—കല്പനപോലെ.

(പോയി.)

രാജാ:—വാതായന, താനും ജോലി നോക്കിക്കൊള്ളുക.

(ഹരിക്കാരൻ പോയി.)

വിദൂഷകൻ:—ഇവിടുന്നു ഈച്ചകളെയെല്ലാം പറപറപ്പിച്ചു കളഞ്ഞു. ഇനി വസന്താരംഭംകൊണ്ടു രമണീയമായ ഈ പ്രമദവനത്തിൽ സുഖമായി മനസ്സിനെ രസിപ്പിയ്ക്കാം.

രാജാ:—(നെടുവീർപ്പിട്ട്) പഴുതുനോക്കിച്ചാടിവീണുകൊണ്ടിരിയ്ക്കും ആപത്തുകൾ എന്ന ചൊല്ലിൽപതിരില്ല. എന്തെന്നാൽ,

മുനിസുതാപ്രണയസ്മൃതിരോധിയാ-
മിരുളൊഴിഞ്ഞിതു മേ ഹൃദയാന്തരാൽ;
ബലമൊടെയ്യുവിടുന്നതിനായ് സഖേ,
ചിലയിൽ മാങ്കണ ചേർത്തു മനോജനും! വ

വിദൂഷകൻ:—നില്ക്കു! ഈ വടികൊണ്ടു ഞാൻ കാമബാണത്തിന്റെ കഥ കഴിച്ചേയ്ക്കാം.

(വടിയുയർത്തി മാമ്പൂമൊട്ടു തച്ചുകൊഴിക്കാൻ ഭാവിയ്ക്കുന്നു.)

രാജാ:—(പുഞ്ചിരിയിട്ട്) ആകട്ടെ, ബ്രഹ്മതേജസ്സു കണ്ടു. തോഴരേ, ഞാൻ എവിടെയിരുന്നാണ് പ്രിയതമയുടെ ഛായ ഏതാണ്ടുമുള്ള ലതകളെ നോക്കി കൺകുളിപ്പിയ്ക്കേണ്ടത്?

വിദൂഷകൻ:—ഇവിടുന്ന തിരുമുമ്പിൽത്തവണക്കാരി ചതുരി കയോടു കല്പിച്ചിട്ടുണ്ടല്ലോ, 'ഞാൻ ഈ സമയം മാധവീ മണ്ഡപത്തിലാണ് കഴിച്ചുകൂട്ടുക; അങ്ങോട്ട് എൻെറ സ്വന്തം കൈകൊണ്ടെഴുതിയ ശ്രീമതി ശകുന്തളയുടെ ഛായാപടം കൊണ്ടുവരണം' എന്ന്.

രാജാ:—ഇങ്ങിനെയൊന്നോ ഉള്ളു മനോവിനോദനത്തിന്നുള്ള വിഷയം! അങ്ങോട്ടുതന്നെ വഴി കാണിയ്ക്കൂ.

വിദൂഷകൻ:—ഇതാ, ഇതിലെ എഴുന്നള്ളാം.

(രണ്ടുപേരും ചുററി നടക്കുന്നു; സാനുമതി പിന്തുടരുന്നു.)

വിദൂഷകൻ:—ഇതാ, വെണ്ണക്കൽത്തറയുള്ള മാധവീമ ണ്ഡപം ഉപചാര രമ്യതയാൽ സ്വാഗതം പറയാനെന്ന പോലെ നമ്മെക്കാത്തു നില്ക്കുന്നു. ഇവിടുന്ന് അകത്തേ യ്ക്കെഴുന്നള്ളിയിരിയ്ക്കുക.

(രണ്ടുപേരും അകത്തു ചെന്നിരിയ്ക്കുന്നു.)

സാനുമതി:—വള്ളികളുടെ ഇടയിൽനിന്നു തോഴിയുടെ ഛായാപടം നോക്കാം എന്നാൽ, ഭർത്താവിൻെറ നാനാ തരത്തിലുള്ള അനുരാഗം അവളെ അറിയിയ്ക്കാമല്ലൊ.

(അങ്ങിനെ നില്ക്കുന്നു.)

രാജാ:—ഇപ്പോഠം എനിക്ക് എല്ലാം ഓർമ്മവരുന്നു. ശകുന്ത ളയെ ആദ്യം കണ്ടതു ഞാൻ തന്നോടു പറഞ്ഞിട്ടുണ്ട ല്ലോ. ഉപേക്ഷിച്ച സമയത്തുതാൻ എൻെറ അടുക്കലു ണ്ടായിരുന്നില്ല. എന്നാൽ, അതിന്നു മുമ്പും വെടിപറയു ന്നതിന്നിടയിൽ ഒരിയ്ക്കലും, താൻ തത്രഭവതിയുടെ പേർ

പറയുകയുണ്ടായിട്ടില്ല. എന്നെപ്പോലെ താനും മറന്നു പോയോ?

വിദൂഷകൻ:—ഞാൻ മറന്നിട്ടില്ല. പക്ഷേ, ഇവിടുന്നു് എല്ലാം പറഞ്ഞിട്ടു് ഒടുവിൽ, 'ഇതു നേരംപോക്കാണു്, നേരല്ല' എന്നാണല്ലോ അരുളിച്ചെയ്തതു്. എന്റെ മണ്ടകളിമണ്ണു നിറച്ചതാകയാൽ ഞാൻ അതപ്പടിതാൻ വിശ്വസിച്ചു പോയി. അല്ലെങ്കിൽ വരാൻവെച്ചതു വരാതിരിയ്ക്കില്ലല്ലോ.

സാനുമതി:—ശരിയാണിതു്.

രാജാ:—(ചിന്തയോടെ) തോഴരെ, എന്നെ രക്ഷിയ്ക്കണേ!

വിദൂഷകൻ:—ഛേ, എന്താണിതു്? ഇതിവിടേയ്ക്കു ചേർന്നതല്ല. ഒരിയ്ക്കലും സൽപുരുഷന്മാർ ദുഃഖത്തിനു് അടിമപ്പെടുകയില്ല. കൊടുങ്കാററിലും കുലുങ്ങില്ലല്ലോ മലകൾ!

രാജാ:—തോഴരെ, തള്ളിക്കളയപ്പെട്ടതിനാൽ വ്യാകുലയായിത്തീർന്ന പ്രിയയുടെ സ്ഥിതിയോർത്തു ഞാൻ തുലോം അശരണനായിരിയ്ക്കുന്നു. അവൾ,

തള്ളപ്പെട്ടഥ ബാന്ധവാനുഗതിചെ-
 യ്യാനുന്നവേ, 'നില്ക്കൂ'യെ-
ന്നുച്ചത്തിൽഗ്ഗുരുതുല്യനായ ഗുരുശി-
 ഷ്യൻ ചൊൽകെ നിന്നാങ്ങിനെ,
വല്ലാതേന്തിടുമശ്രുവാൽ കലുഷമാം
 തൻദൃഷ്ടിയിക്രൂരനിൽ-
ച്ചേർത്താൾ പേർത്തു, മതുഗ്രമായ വിഷശ-
 ല്യംപോലെരിയ്ക്കുന്നു മാം!

സാനുമതി:—അമ്പോ, ഇങ്ങിനെയാണല്ലോ സ്വാത്ഥപരായണത്വം: ഇദ്ദേഹത്തിൻെറ സങ്കടത്തിൽ ഞാൻ സന്തോഷിയ്ക്കുന്നു.

വിദൂഷകൻ:—എനിയ്ക്കു തോന്നുന്നത്, തത്രഭവതിയെ ആകാശചാരികളിൽ ആരെങ്കിലും കൊണ്ടുപോയിരിയ്ക്കുമെന്നാണ്.

രാജാ:—പതിവ്രതയെ തൊടുവാൻ മററാരാറം ഒരുങ്ങുമോ? മേനകയുടെ മകളാണ് തൻെറ തോഴി എന്നു ഞാൻ കേട്ടിട്ടുണ്ട്. അവളുടെ കൂട്ടുകാരികളായിരിയ്ക്കും തൻെറ തോഴിയെ കൊണ്ടുപോയത് എന്നാണ് എൻെറ ശങ്ക.

സാനുമതി:—മറവിവന്നതാണ് ആശ്ചര്യം; ഓമ്മ വന്നതല്ല.

വിദൂഷകൻ:—ഇങ്ങിനെയാണെങ്കിൽ, തത്രഭവതി ഏറെനാറംകളെളിൽ വന്നുചേരും.

രാജാ:—എങ്ങിനെ?

വിദൂഷകൻ:—ഭത്താവുമായി വേർപിരിഞ്ഞു സങ്കടപ്പെടുന്ന മകളെ ഏറെനാറം കണ്ടുകൊണ്ടിരിപ്പാൻ അച്ഛനമ്മമാക്കു കഴികയില്ലല്ലോ.

രാജാ:—തോഴരേ,

സ്വപ്നമോ, മായയോ, ഭ്രാന്തോ,
ക്ഷീണാല്പഫലപുണ്യമോ—
അതുപോയ്പോയ്ത്തിരിച്ചെത്തി-
ല്ലാ,ശയ്യും പ്രാപ്യമല്ലിനി! ൧൦

വിദൂഷകൻ:—അങ്ങിനെവെയ്ക്കുണ്ട; തീർച്ചയായും വരാനുള്ളതു വിചാരിയ്ക്കാത്തവിധം വന്നുചേരുമെന്നുള്ളതിന്നു തിരുവാഴിതന്നെ ദൃഷ്ടാന്തമാണല്ലോ.

രാജാ:—(മോതിരം നോക്കിയിട്ട്) കഷ്ടം! ഈ മോതിരം ദുർല്ലഭമായ സ്ഥാനത്തുനിന്നു വീണുപോയതിനാൽ ശോചനീയമായിരിയ്ക്കുന്നു.

തവസുകൃതവുംമമെൻറയെന്നപോലെ
തനു, മണിമോതിരമേ ഫലാപ്തിയിങ്കൽ;
അരുണനഖമനോജ്ഞമായ തൽകൈ-
വിരലുകൾ പുക്കൊരു നീ പതിച്ചുവല്ലോ! ൧൧

സാനുമതി:—മറെറാരാളുടെ കയ്യിലാണ് ചെന്നുപെട്ടതെങ്കിൽ തീർച്ചയായും ശോചനീയമായിത്തന്നെ.

വിദൂഷകൻ:—ഈ തിരുനാമമുദ്രയുള്ള മോതിരം എന്തൊരു നിലയ്ക്കാണ് തത്രഭവതിയുടെ കയ്യിൽ കൊടുത്തത്?

സാനുമതി:—എൻെറ ജിജ്ഞാസ ഇയ്യാളെയും പ്രേരിപ്പിച്ചു.

രാജാ:—കേട്ടുകൊൾക: അന്നു ഞാൻ നഗരത്തിലേയ്ക്കു പുറപ്പെട്ടപ്പോൾ പ്രിയതമ കണ്ണീരോടെ ചോദിച്ചു, 'എത്ര നാൾ കഴിയണം ആര്യപുത്രൻ എന്നെ കൊണ്ടുപോകാൻ എന്ന്'.

വിദൂഷകൻ:—എന്നിട്ടോ?

രാജാ:—അപ്പോൾ ഞാൻ ഈ മുദ്രമോതിരം അവളുടെ വിരലിന്മേലിടുവിച്ചുകൊണ്ടു പ്രതിജ്ഞചെയ്തു:—

'ഒന്നൊന്നുവീതമിതിലന്വഹമെണ്ണിടേണ-
മെൻ നാമവർണ്ണ,മതുതീർന്നിടുമപ്പൊഴെക്കും
നിന്നെ പ്രിയേ, മദവരോധഗൃഹം നയിപ്പ-
തിന്നെത്തുമാളുകൾ തവാന്തിക'മെന്നിവണ്ണം ൧൨

അതും ക്രൂരനായ ഞാൻ അന്ധാളിത്തംനിമിത്തം നിറവേററുകയുണ്ടായില്ല.

സാനുമതി:—ഒരു രസകരമായ അവധിയെ വിധി തെററിച്ചുകളഞ്ഞു!

വിദൂഷകൻ:—എങ്ങിനെയാണ്, പിന്നെ മുക്കുവൻ കീറിയ ചെംകവരിമീനിന്റെ വയററിലകപ്പെട്ടത്?

രാജാ:—ശചീതീർത്ഥം വന്ദിയ്ക്കുമ്പോൾ തന്റെ തോഴിയുടെ കയ്യിന്മേൽനിന്നു ഗംഗാപ്രവാഹത്തിൽ ഊരി വീണുപോയത്രെ!

വിദൂഷകൻ:—അതു ശരി.

സാനുമതി:—അതുകൊണ്ടാണ്, സാധു ശകുന്തളയെ വിവാഹം ചെയ്തതിൽ അധർമ്മഭീരുവായ ഈ രാജർഷിയ്ക്കു സംശയംവന്നുപോയത്. അഥവാ, ഇങ്ങിനെയുള്ള അനുരാഗത്തിന്ന് അടയാളം ആവശ്യമില്ലല്ലോ. ഇതെങ്ങിനെ?

രാജാ:—ഞാനീ മോതിരത്തെ ശകാരിയ്ക്കട്ടെ.

വിദൂഷകൻ:—ഇദ്ദേഹം നൊസ്സന്മാരുടെ കൂട്ടത്തിൽ കൂടികഴിഞ്ഞു.

രാജാ:—

മനോജ്ഞമുടൊംഗുലിയായ തല്ക്കരം
വെടിഞ്ഞു നീയെങ്ങിനെ നീററിലാണ്ടുപോയ്?

അഥവാ,

ജഡത്തിനുണ്ടോ ഗുണബോധ;മെന്തിനായ്
കളഞ്ഞു ഞാൻ താൻ മമ ജീവനാഥയെ?

വിദൂഷകൻ:—(ആത്മഗതം) അയ്യോ, എന്നെ വിശപ്പു കടിച്ചുതിന്നുന്നുവല്ലോ!

രാജാ:—വെറുതേ തള്ളിക്കളഞ്ഞതിനാലുള്ള പശ്ചാത്താപംകൊണ്ടു ഹൃദയം ചുട്ടുനീറുന്ന ഇസ്സുള്ളവനിൽ കരുണ തോന്നി വീണ്ടും ദർശനം തരണേ!

ചതുരിക:—(തിര നീക്കി പ്രവേശിച്ച്) ഇതാ, ചിത്രത്തിലുള്ള തമ്പുരാട്ടി!

(ചിത്രപടം കാണിക്കുന്നു)

വിദൂഷകൻ:—(ചിത്രപടം നോക്കിയിട്ട്) അസ്സലായിരിക്കുന്നു തോഴരേ, മധുരമായ നില്പിൽ വെളിപ്പെടുന്ന ഭാവങ്ങൾ കാണേണ്ടതുതന്നെ. താഴ്ന്നും ഉയർന്നുമുള്ള ഭാഗങ്ങളിൽ എന്റെ കണ്ണ് ഇടറുന്നതുപോലെ തോന്നുന്നു.

സാനുമതി:—അഹോ, രാജർഷിയുടെ ചിത്രനിർമ്മാണചാതുര്യം; എന്റെ സഖി മുമ്പിൽ നില്ക്കുന്നുണ്ടെന്നു തോന്നിപ്പോകുന്നു.

രാജാ:—

ചിത്രത്തിൽ നന്നായ്ത്തീരാത്ത-
തെല്ലാം മാററുന്നുവെങ്കിലും,
തദംഗഭംഗി തെല്ലൊന്നേ
വന്നുള്ളൂ വരച്ചതിൽ.

ഫർ

സാനുമതി:—ഇതു പശ്ചാത്താപംകൊണ്ടു കനം കൂടിയ സ്നേഹത്തിന്നും വിനയത്തിന്നും യുക്തംതന്നെ!

വിദൂഷകൻ:—ഇതിൽ മൂന്നു തത്രഭവതിമാരെ കാണുന്നുണ്ടല്ലോ, എല്ലാവരും കണ്ടാൽ നന്ന്. ഏതാണ്ട് തത്രഭവതി ശകുന്തള?

സാനുമതി:—സൌന്ദര്യബോധമില്ലാത്ത ഇയ്യാൾക്ക കണ്ണു നിഷ്ഫലം തന്നെ!

രാജാ:—ഏതാണെന്നാണ് തനിക്കു തോന്നുന്നത്?

വിദൂഷകൻ:—എനിക്കു തോന്നുന്നത് ഇതാ, കെട്ടഴിഞ്ഞു പൂവുതിരാൻ തുടങ്ങുന്ന തലമുടിയോടും, വിയർപ്പുതുള്ളികൾ പൊടിഞ്ഞ മുഖത്തോടും, വിശേഷിച്ചും തോൾകിഴിഞ്ഞ കൈകളോടും കൂടി, നനകൊണ്ടു തെഴുത്ത പുത്തൻ തളിരുകളുള്ള മാവിന്റെ അരികത്തു കുറെത്തൊന്നു തളന്നതുപോലെ എഴുതപ്പെട്ടിരിക്കുന്നതാണ് തത്രഭവതി ശകുന്തള; മററു രണ്ടുപേർ സഖിമാരും എന്നാണ്.

രാജാ:—താൻ കേമൻതന്നെ. ഇതിലുണ്ട് എന്റെ അനുരാഗത്തിന്റെ അടയാളം.

വേർത്തൊരു വിരലുകൾ തട്ടിയ
മുഷിഞ്ഞു പാടുണ്ടു വരകൾ തന്നരികേ;
ചായം പൊളളച്ചതിനാ-
ലറിയാം കണ്ണീർ പൊഴിഞ്ഞതും കവിളിൽ. ൧൫

ചതുരികേ, ഈ വിനോദസ്ഥാനം ഞാൻ പകുതിയേ എഴുതിക്കഴിഞ്ഞിട്ടുള്ളു; നീ ചെന്നു ചായമെടുത്തുകൊണ്ടു വരൂ.

ചതുരിക:—ആര്യമാഢവ്യാ, ചിത്രപടം കയ്യിൽ വെക്കുക, ഞാൻ വരുന്നതുവരെ.

രാജാ:—ഞാൻതന്നെ കയ്യിൽവെച്ചുകൊള്ളാം.

(പറഞ്ഞതിൻവണ്ണം ചെയ്യുന്നു; ചതുരിക പോയി.)

രാജാ:—ഞാൻ,

മുല്പാടുനേർക്കരികിലെത്തിയൊരോമലാളെ-
ക്കൈവിട്ടു ചിത്രമിതിലുറപ്രതിപത്തിമൂലം,
മാർഗ്ഗത്തിൽ വെള്ളമൊഴുകും പുഴയെക്കടന്നു
പോന്നോ,ൻ വയസ്യ, മൃഗതൃഷ്ണയിലാശകൊൾവൂ ഞാനു

വിദൂഷകൻ:—(ആത്മഗതം) വാസ്തവം, ഇദ്ദേഹം പുഴ കടന്നു പോന്നിട്ടു മൃഗതൃഷ്ണയിൽ എത്തിച്ചേർന്നിരിക്കുന്നു. (പ്രകാശം) തോഴരേ, ഇനി വേറെ എന്തൊക്കെയാണ് ഇതിലെഴുതുവാനുള്ളത്.

സാനുമതി:—സംശയമില്ല, തോഴിയ്ക്കു പ്രിയപ്പെട്ട പ്രദേശങ്ങളായിരിക്കും എഴുതാനാഗ്രഹിക്കുന്നത്.

രാജാ:—കേട്ടുകൊള്ളുക:

ചേർക്കേണം മാലിനീസിന്ധുവെ മണലിലെഴും
ഹംസയുഗ്മങ്ങളോടും,
തൽകൂലേ മാനിനം ചേർന്നിയലിന ഹിമവൽ-
പുണ്യപാദങ്ങളേയും,
കൊമ്പിൽ ചീരങ്ങൾ തൂക്കീടിന തരുവിനെഴും
ചോട്ടിലായ് കൃഷ്ണമാനിൻ
കൊമ്പിൽത്തൻ വാമമാം കണ്ണുരസിടുമിണയേയും
വരയ്ക്കേണമെന്നാം.

വിദൂഷകൻ:—(ആത്മഗതം) എന്റെ അഭിപ്രായം, താടിക്കാരായ താപസന്മാരുടെ കൂട്ടംകൊണ്ടു ചിത്രപടം നിറയ്ക്കണമെന്നാണ്.

രാജാ:—ഇതിന്നുപുറമെ, ശകുന്തളയുടെ പ്രിയപ്പെട്ട ആഭരണം ഇതിൽ ചേർക്കാൻ ഞാൻ മറന്നുപോയി.

വിദൂഷകൻ:—അതെന്താണ്?

സാനുമതി:—വനവാസത്തിന്നും സൌകുമാര്യത്തിന്നും യോജിച്ചതായിരിക്കും.

രാജാ:—

* എഴുതീല തോഴ, കവിളോളമല്ലി ഞാ-
ന്നഴകുററ കർണ്ണഗ ശിരീഷഭൂഷണം;
അണിയിച്ചതില്ലുരസിജാന്തരേ ശര-
ച്ചിധുരശ്മികോമള മൃണാളസൂത്രവും. ൧൮

വിദൂഷകൻ:—അയ്യോ, എന്താണ് തത്രഭവതി ചെന്തളിർപോലെ ശോഭിക്കുന്ന കൈപ്പടംകൊണ്ടു മുഖം മറച്ചു വല്ലാതെ പേടിച്ചമാതിരി നില്ക്കുന്നത്? (സൂക്ഷിച്ചുനോക്കീട്ട്) ഓ, ഇതാ, പൂന്തേൻ കവരുന്ന തേവിടിശ്ശിമകൻ ഒരു വണ്ടത്താൻ ഈ ശ്രീമതിയുടെ മുഖത്തേക്കു പറന്നുവരുന്നു.

---

* പാഠാന്തരം:—രചിച്ചതില്ലാ കവിളോളമല്ലി ഞാ-
ന്നൊഴുന്ന തൽകർണ്ണശിരീഷകം സഖേ;
വരച്ചതില്ലാ കുചസീമ്നി വെണ്ണിലാ-
വൊളിക്കു നേരായ മൃണാളസൂത്രവും.

രാജാ:—ഈ ധൃഷ്ടനെ തടുക്കുക.

വിദൂഷകൻ:—തെമ്മാടികളെ ശിക്ഷിക്കുന്ന ഇവിടേക്കു മാത്രമേ ത്രാണിയുള്ളൂ ഇവനെത്തടുക്കാൻ.

രാജാ:— ശരി. എടോ, പൂവല്ലികൾക്കു പ്രിയപ്പെട്ട വിരുന്നുകാര, എന്തിനാണ്, താനിവിടെ ചുററിപ്പററി കഷ്ടപ്പെടുന്നത്?

ഇതാ, മട്ടുമലരിൽപ്പെൺവ-
ണ്ടതിയായ് ദ്ദാഹിക്കിലും ഭവൽപ്രണയാൽ
കാത്തമരുന്നൂ, നിന്നെ-
ക്കൂടാതുണ്ണുന്നതല്ലിവൾ നറുംതേൻ. ൧൯

സാനുമതി:—ഇപ്പോഴും തറവാടിത്തം വിടാതെയാണ് ഇതിനെ തടുത്തത്.

വിദൂഷകൻ:—തടുത്താലും കൂട്ടാക്കാത്ത വകയാണിത്.

രാജാ:—അതുശരി! നീ എൻെറ കല്പന കൂട്ടാക്കില്ലെന്നോ! എന്നാൽ കേട്ടുകൊൾക:—

നൽത്തേന്മരത്തളിർകണക്കതിരമ്യമേതോ,
ഭോഗോത്സവങ്ങളിൽ നുകർന്നു ഞാൻ ദയാർദ്രം,
കാന്തോഷ്ഠബിംബമതു നീ തൊടുമെങ്കിൽ വണ്ടേ,
തണ്ടാർക്കകം തടവിൽ നിന്നെയിരുത്തുമവൻ ഞാൻ! ൨൦

വിദൂഷകൻ:—ഇത്തരം കഠിനശിക്ഷയെ ഭയപ്പെടാതിരിക്കുമോ? (ചിരിച്ച് ആത്മഗതം) ഇദ്ദേഹത്തിനിപ്പോൾ നല്ല നൊസ്സാണ്; ഇദ്ദേഹത്തിൻെറ സംസർഗ്ഗം നിമിത്തം

ഞാനും ആ മാതിരിക്കാരനായിപ്പോയി. (പ്രകാശം) ഹേ, ഇതു ചിത്രമാണ്.

രാജാ:—അങ്ങിനെയോ!

സാനുമതി:—ഞാനും ഇപ്പോഴും പരമാൎത്ഥം ഓൎക്കുകയുണ്ടായില്ല. പിന്നെയാണോ എഴുതിയതുപോലെ അനുഭവിക്കുന്ന ഇദ്ദേഹം?

രാജാ:—തോഴരേ, എന്തിനാണിദ്ദുഷ്ടത കാട്ടിയത്?

പ്രത്യക്ഷസന്ദൎശനസൌഖ്യമീ ഞാൻ
ഭുജിയ്ക്കവേ തന്മയമാം മനസ്സാൽ,
ആരോമലാളെ പ്രതിബോധനത്താൽ
വീണ്ടും ഭവാൻ മുൻപടി ചിത്രമാക്കി! ൨൧

(കണ്ണീർ വാൎക്കുന്നു.)

സാനുമതി:—പൂൎവ്വാപരവിരുദ്ധവും അദൃഷ്ടപൂൎവ്വവുമായ ഒരു പ്രവൃത്തിയാണിത്.

രാജാ:—തോഴരേ, ഇളവില്ലാത്ത ദുഃഖം ഞാനെങ്ങിനെ അനുഭവിയ്ക്കേണ്ടു?

ഉറക്കമില്ലാഞ്ഞവളായ്-
ച്ചേരലില്ല കിനാവിലും;
സമ്മതിപ്പീല ചിത്രത്തിൽ-
പ്പോലും കാണ്മതിനശ്രുവും! ൨൨

സാനുമതി:—ശകുന്തളയ്ക്കുള്ള പരിത്യാഗദുഃഖത്തെ അങ്ങു തീരെ തുടച്ചുകളഞ്ഞു.

ചതുരിക:—(പ്രവേശിച്ച്) തിരുമേനി ജയിച്ചാലും! അടിയൻ ചായപ്പെട്ടിയെടുത്ത് ഇങ്ങോട്ടു പോരികയായിരുന്നു.

രാജാ:—അപ്പോഴോ?

ചതുരിക:—ഇടയ്ക്കുവെച്ച് വസുമതിത്തമ്പുരാട്ടി തരളികയോടുകൂടി വന്ന്, അത് അടിയന്റെ കയ്യിൽനിന്ന് 'ഇതു ഞാൻതന്നെ ആര്യപുത്രന്നു കൊണ്ടുപോയിക്കൊടുത്തുകൊള്ളാം' എന്നു കല്പിച്ചു തട്ടിപ്പറിച്ചുകളഞ്ഞു.

വിദൂഷകൻ:—ഭാഗ്യം, നിന്നെ വിട്ടയച്ചുവല്ലോ!

ചതുരിക:—തമ്പുരാട്ടിയുടെ ഏറാപ്പു മരച്ചില്ലമേൽകൊളുത്തിപ്പിടിച്ചതു തരളിക വിടുവിയ്ക്കുന്ന തക്കത്തിൽ ഞാൻ ഓടിപ്പോന്നു.

രാജാ:—തോഴരേ, ദേവി അടുക്കലെത്തിയിരിക്കുന്നു; ഞാൻ ബഹുമാനിക്കുന്നതിനാൽ ഗർവ്വിഷ്ഠയുമാണ്. ഈ ചിത്രം താൻ സൂക്ഷിയ്ക്കണം.

വിദൂഷകൻ:—'ആത്മാവിനെ' എന്നു കല്പിക്കണം. (ചിത്രപടം വാങ്ങി എഴുന്നേററിട്ട്) ഇവിടുന്ന് അന്തഃപുരകലഹത്തിൽനിന്ന് ഒഴിവായാൽ എന്നെ മേഘപ്രതിച്ഛന്ദമാളികയിലേയ്ക്കു വിളിച്ചുകൊൾക.

(ഓടിപ്പോയി.)

സാനുമതി:—മനസ്സു മറെറാരുവളിലാണെങ്കിലും, ഒന്നാമത്തവളിൽ പ്രതിപത്തിയുണ്ടല്ലോ; ഇദ്ദേഹത്തിന്റെ സ്നേഹത്തിന്നു സ്ഥിരതയുണ്ട്.

തവണക്കാരി:—(ഒരെഴുത്തുംകൊണ്ടു് പ്രവേശിച്ചിട്ടു്) തിരുമേനി ജയിച്ചാലും!

രാജാ:—വേത്രവതി, നീ വരുന്നവഴിയ്ക്കു വസുമതിയെ കണ്ടില്ലേ?

തവണക്കാരി:—ഉവ്വ്; അടിയന്റെ കയ്യിൽ എഴുത്തുകണ്ടതിനാൽ തിരിച്ചെഴുന്നള്ളി.

രാജാ:—കാര്യം അറിയുന്ന അവരം എനിയ്ക്കു കാര്യങ്ങളിൽ തടസ്സം ഉണ്ടാക്കാറില്ല.

തവണക്കാരി:—അമാത്യൻ ഉണർത്തിയ്ക്കുന്നു:—മുതലെടുപ്പു കണക്കു കുറേയേറെ നോക്കാനുണ്ടായിരുന്നതിനാൽ ഇന്നു ഒരു പൌരകാര്യമേ നോക്കാൻ കഴിഞ്ഞുള്ളു. അതിനെപ്പററിയുള്ള കുറിപ്പ് തൃക്കണ്ണോക്കുമാറാകണം' എന്ന്.

രാജാ:—കുറിപ്പു ഇങ്ങോട്ടു കാണിയ്ക്കു.

(തവണക്കാരി കാണിയ്ക്കുന്നു.)

രാജാ:—(വായിച്ചിട്ടു്) എന്തു്! കടല്ക്കച്ചവടക്കാരൻ ധനമിത്രൻ കപ്പൽ മുങ്ങിയതിനാൽ അപായപ്പെട്ടുപോയി; അയാൾക്കു സന്താനവുമില്ലത്രേ! അയാളുടെ മുതലെല്ലാം പണ്ടാരവകയിൽച്ചേരേണ്ടതാണെന്നു അമാത്യൻ എഴുതിയിരിയ്ക്കുന്നു. (വിഷാദത്തോടേ) കഷ്ടംതന്നെയാണ് സന്തതിയില്ലായ്മ! വേത്രവതി, വലിയ മുതലാളിയായിരുന്നതിനാൽ അദ്ദേഹത്തിനു വളരെ ഭാര്യമാരുണ്ടായിരിയ്ക്കും. അവരിൽ ആർക്കെങ്കിലും ഗർഭമുണ്ടോ എന്നന്വേഷിയ്ക്കണം.

തവണക്കാരി:—തിരുമേനി, അദ്ദേഹത്തിൻെറ ഭാൎയ്യയായ സാകേതച്ചെട്ടിയാരുടെ മകൾക്ക് ഈയ്യിടെ പുംസവനം കഴിഞ്ഞുവെന്നു കേൾക്കുകയുണ്ടായി.

രാജാ:—എന്നാൽ ഗൎഭത്തിലെ കിടാവിന്നാണ് അച്ഛൻെറ മുതലിന്നവകാശം. ഇത് അമാത്യനോടു ചെന്നു പറയുക.

തവണക്കാരി:—കല്പനപോലെ.

(പുറപ്പെടുന്നു.)

രാജാ:—ഇങ്ങോട്ടുതന്നെ വരു.

തവണക്കാരി:—ഇതാ, അടിയൻ.

രാജാ:—സന്തതിയുണ്ടെങ്കിലെന്ത്, ഇല്ലെങ്കിലെന്ത്?

സ്നേഹം പെടും ബന്ധുജനത്തിലേതേ-
താളോടു വേർപെട്ടുമരുന്നു നാട്ടാർ,
ദുഷ്ടത്വമില്ലാതെയവൎക്കതൊതാൾ
ദുഷ്യന്തനെന്നായ്പ്പറ കൊട്ടുകെങ്ങും! വസ

തവണക്കാരി:—ഇങ്ങിനെത്തന്നെ പറ കൊട്ടിയ്ക്കാം. (പോയി വീണ്ടും പ്രവേശിച്ചിട്ട്) തിരുമേനിയുടെ വിളംബരം വേണ്ടുന്ന സമയത്തു പെയ്ത മഴയെന്നപോലെ അമാത്യനാൽ അഭിനന്ദിയ്ക്കപ്പെട്ടു.

രാജാ:—(നെടുവീൎപ്പിട്ട്) ഇങ്ങിനെയാണല്ലോ, സന്തതിയററ തറവാടുകളിലെ സമ്പത്തുകൾ കുററിമുടിയുമ്പോൾ അന്യൻെറതായിത്തീൎന്നുപോകുന്നത്. എൻെറ കാലം കഴിഞ്ഞാൽ പുരുവംശലക്ഷ്മിയുടെയും കഥ ഇതുതന്നെ!

തവണക്കാരി:—അമംഗളം നീങ്ങട്ടെ!

രാജാ.—ശരി, ഞാനെത്ര കൊള്ളരുതാത്തവനാണ്. കൈവന്ന ശ്രേയസ്സിനെ അവമാനിച്ചുകളഞ്ഞുവല്ലോ!

സാനുമതി:—സംശയമില്ല, തോഴിയെത്തന്നെ ഉള്ളിൽ കരുതിയാണ് ഇദ്ദേഹം തന്നെത്താൻ നിന്ദിക്കുന്നത്.

രാജാ:—

ആത്മാവെയുൾച്ചേർക്കിലും കളഞ്ഞു ഞാൻ
കുലത്തിന്നൂന്നായൊരു ധർമ്മപത്നിയെ;
കാലത്തുതാൻ വിത്തു വിതയ്ക്കയാൽ മഹാ—
ഫലം തരും ഭൂമിയെയെന്നപോലവേ! ൨൪

സാനുമതി:—അങ്ങയ്ക്കു സന്തതിവിച്ഛേദം വരികയില്ല.

ചതുരിക:—(സ്വകാര്യം) അയ്യോ, ഈ കച്ചവടക്കാരന്റെ കഥ തമ്പുരാന്റെ പശ്ചാത്താപത്തെ ഇരട്ടിപ്പിച്ചിരിക്കുന്നു. ഞാൻ തിരുമനസ്സിലെ ആശ്വസിപ്പിക്കാൻ മേഘപ്രതിച്ഛന്ദത്തിൽനിന്ന് ആര്യമാഢവ്യനെ കൂട്ടിക്കൊണ്ടുവരാം.

തവണക്കാരി:—അതുതന്നെയാണ് നല്ലത്.

(ചതുരികപോയി.)

രാജാ:—ഹാ, ദുഷ്ഷന്തന്റെ പിതൃക്കളുടെ നില സംശയത്തിലായിരിക്കുന്നു.

‘ഇവനുടെ ശേഷമാരു വിധിപോലെ കുലത്തിൽ നമു-
ക്കരിയ നിവാപമേകുവ’തിതോർത്ത പിതൃക്കളഹോ,
ഒഴുകിയ കണ്ണുനീർ കഴുകിയാണു കുടിക്കുവ,തി-
പ്പൊഴുതനപത്യനായ് മരുവുമെന്റെ ജലാഞ്ജലിയെ! ൨൫

(മോഹാലസ്യപ്പെടുന്നു.)

തവണക്കാരി:—(പരിഭ്രമത്തോടെ താങ്ങിയിട്ട്) തിരുമേനി ആശ്വസിയ്ക്കണേ, ആശ്വസിയ്ക്കണേ!

സാനുമതി:—അയ്യോ, കഷ്ടം കഷ്ടം! ഇദ്ദേഹം വിളക്കിരിയ്ക്കു മ്പോഴാംത്തന്നെ മറവുനിമിത്തം ഇരുട്ടനുഭവിയ്ക്കുന്നു. ഞാൻ ഇപ്പോൾത്തന്നെ ഇദ്ദേഹത്തെ സന്തോഷിപ്പിച്ചു കളയാം. അഥവാ, മഹേന്ദ്രമാതാവു ശകുന്തളയെ പറ ഞ്ഞാശ്വസിപ്പിയ്ക്കുന്നതു ഞാൻ കേൾക്കയുണ്ടായി, 'യജ്ഞാംശ തൽപരന്മാരായ ദേവന്മാർ തന്നെ, നിന്നെ താമസിയാതെ ഭർത്താവു ധർമ്മപത്നിയാക്കി അഭിനന്ദി യ്ക്കാൻ വേണ്ടുന്ന ഏർപ്പാട് ചെയ്തുകൊള്ളും' എന്ന്. അതിനാൽ അതുവരെ ക്ഷമിയ്ക്കുന്നതായിരിയ്ക്കും ഉചി തം. ഇപ്പോൾ രാജാവിൻെറ ഈ സ്ഥിതിയെല്ലാമറി യിച്ച് ഉററ തോഴിയെ ആശ്വസിപ്പിയ്ക്കാം.

(മേല്പോട്ടു പോയി)

(അണിയറയിൽ)

അയ്യോ, കൊല്ലരുതേ! കൊല്ലരുതേ!!

രാജാ:—(കേട്ടിട്ട്) മാഢവ്യൻെറ നിലവിളിയാണെന്നു തോന്നുന്നു. ആരവിടെ?

ചതുരിക:—(പരിഭ്രമത്തോടെ പ്രവേശിച്ച്) തിരുമേനി, രക്ഷിയ്ക്കണേ, രക്ഷിയ്ക്കണേ, പ്രാണൻ പോവാറായ തോഴരെ.

രാജാ:—ആരാണ്, സാധു ബ്രാഹ്മണനെ ദ്രോഹിയ്ക്കുന്നത്?

ചതുരിക:—തിരുമേനി, കാണാൻ കഴിയാത്ത ഏതോ ഒരു ഭൂതം പിടിച്ചുകൊണ്ടുപോയി മേഘപ്രതിച്ഛന്ദമാളികയുടെ മോന്തായത്തു കൊണ്ടുവെച്ചിരിക്കുന്നു.

രാജാ:—(എഴുന്നേററ്) അത്രക്കായോ! എൻെറ ഗൃഹത്തിലും ഭൂതബാധയോ! അഥവാ,

തനിക്കുതാൻ തെററുകൾ നിത്യമെല്ലാ-
മറിഞ്ഞുകൊള്ളാനുമസാദ്ധ്യമേററം;
നാട്ടാരിലാരെത്തു വഴിക്കു പോമെ-
ന്നെല്ലാം ഗ്രഹിപ്പാൻ കഴിയുന്നതാണോ? 36

(അണിയറയിൽ)

അയ്യയ്യോ, തോഴരേ!

രാജാ:—(വേഗത്തിൽ ചുററിനടന്ന്) തോഴരേ, പേടിക്കേണ്ടാ, പേടിക്കേണ്ടാ.

(അണിയറയിൽ)

(വീണ്ടും അതുതന്നെ പറഞ്ഞിട്ട്) ഞാൻ എങ്ങിനെ പേടിക്കാതിരിക്കും? ഇതാ, ഏതോ ഒരുത്തൻ എൻെറ കഴുത്തു പിടിച്ചു പിന്നാക്കം വളച്ചു കരിമ്പുപോലെ വല്ലാതെ ഒടിക്കുന്നു.

രാജാ:—(കണ്ണോടിച്ച്) വില്ല്!

യവനി:—(വില്ലുംകൊണ്ട് പ്രവേശിച്ച്) ഇതാ, പള്ളിവില്ലും തൃക്കയ്യുറയും.

(രാജാവ് വില്ലും അമ്പും വാങ്ങുന്നു.)

(അണിയറയിൽ)

ഇതാ, കൊന്നീടുന്നേൻ കടുവ പശുവെപ്പോലെയുഴറി-
പ്പിടഞ്ഞീടും നിന്നെ, പ്പൃഥുഗളനിണത്തിൽക്കൊതിവശാൽ;
വിപത്തിൽപ്പെട്ടുള്ളോർക്കഭയമരുളേണ്ടുന്നതിന്നു വി-
ല്ലെടുക്കും ദുഷ്ഷന്തൻ നൃപതി തുണയാകട്ടെയിഹ തേ! ൨൦

രാജാ:—(കോപത്തോടെ) എന്ത്, എന്റെ നേരിട്ടുതന്നെയായോ! എടാ, ശവംതീനി, നില്ലുനില്ല്. ഇപ്പോൾ കഴിച്ചേയ്ക്കാം നിന്റെ കഥ. (വില്ലുകുലച്ച്) വേത്രവതി, കോണിയ്ക്കലേയ്ക്കു വഴി കാണിയ്ക്കൂ.

തവണക്കാരി:—തിരുമേനി ഇതാ ഇതിലേ.

(എല്ലാവരും വേഗത്തിൽ ചുററി നടക്കുന്നു.)

രാജാ:—(ചുററും നോക്കിയിട്ട്) ഇവിടെ ആരുമില്ലല്ലോ!

(അണിയറയിൽ)

അയ്യോ, ആര്യ! ഞാൻ ഇവിടുത്തെ കാണുന്നുണ്ട്; ഇവിടുന്നു എന്നെ കാണുന്നില്ല! പൂച്ചപിടിച്ച എലിപോലെ ഞാൻ ജീവനിൽ കൊതിയില്ലാത്തവനായിക്കഴിഞ്ഞു!

രാജാ:—എടാ, തിരസ്കരണികൊണ്ടു ഗർവ്വിക്കുന്നവനെ, എന്റെ അസ്ത്രം നിന്നെ കണ്ടുപിടിച്ചുകൊള്ളും. ഇതാ, ഞാൻ ആ ശരം തൊടുക്കുന്നു. ഇത്,

വധ്യനെ നിന്നെ വധിക്കും,
രക്ഷിക്കും രക്ഷണീയനെ ദ്വിജനെ;
ഹംസം പാൽ നുകരുന്നു
തന്മിശ്രം നീരെടുക്കയില്ലല്ലോ. ൨൧

(അസ്ത്രം തൊടുക്കുന്നു)

(അനന്തരം വിദൂഷകനെ വിട്ടു മാതലി പ്രവേശിക്കുന്നു)

മാതലി:—

ഹരി ദൈത്യരെത്തവ ശരവ്യമാക്കി,യാ-
യവരിൽധനുസ്സിതു വലിച്ചുകൊൾക നീ;
പ്രണയാർദ്രമായ മിഴിയാ,ണുദഗ്രമാം
ശരമല്ലയപ്പു സുജനങ്ങൾ മിത്രരിൽ. ൧൯

രാജാ:—(ശരം പിൻവലിച്ച്) അല്ലാ, മാതലിയോ! ദേവേന്ദ്രസാരഥിക്കു സ്വാഗതം!

വിദൂഷകൻ:—(പ്രവേശിച്ച്) എന്നെ യജ്ഞപശുവിനെപ്പോലെ ഞെക്കിക്കൊന്ന ഇയ്യാളെ സ്വാഗതം പറഞ്ഞഭിനന്ദിക്കുകയാണിദ്ദേഹം!

മാതലി:—(പുഞ്ചിരിയിട്ട്) ആയുഷ്മൻ, കേട്ടാലും, ദേവേന്ദ്രൻ എന്നെ അങ്ങയുടെ അടുക്കലേയ്ക്കയച്ചിരിക്കുന്നത എന്തിനുവേണ്ടിയാണെന്ന്.

രാജാ:—ഞാൻ സശ്രദ്ധനായിരിക്കുന്നു.

മാതലി:—കാലനേമിയുടെ സന്താനമായി ദുർജ്ജയന്മാർ എന്നൊരു കൂട്ടം അസുരന്മാരുണ്ട്.

രാജാ:—മുമ്പു നാരദൻ പറഞ്ഞു കേട്ടിട്ടുണ്ട്.

മാതലി:—

അവർ നിൻ സഖാവമരർകോന്നജയ്യർ പോൽ,
യുധി തദ്വധത്തിനു നിയുക്തനങ്ങു താൻ;
രവിയാൽ മടിപ്പതിനസാധ്യമായ രാ-
വിരുൾ സംഹരിക്കുവതു ചന്ദ്രനല്ലയോ? ൨൦

അതിനാൽ ഭവാൻ ഇപ്പോൾത്തന്നെ ആയുധങ്ങളെടുത്ത് ഈ ഇന്ദ്രരഥത്തിൽ കയറി വിജയത്തിനായി പുറപ്പെട്ടാലും.

രാജാ:—മഹേന്ദ്രന്റെ ഈ സംഭാവനയാൽ ഞാൻ അനുഗൃഹീതനായി. ആകട്ടെ, ഭവാൻ എന്തിനാണ് മാഢവ്യന്റെ നേരെ ഇത്തരത്തിലെല്ലാം കാട്ടിക്കൂട്ടിയത്?

മാതലി:—അതും പറയാം;—ആയുഷ്മാൻ എന്തോ മനസ്താപത്താൽ വ്യാകുലനായിരിക്കയാണെന്ന് എനിക്കു കണ്ടപ്പോൾ തോന്നി. തല്ക്കാലം ഒന്നു ശുണ്ഠി പിടിപ്പിക്കാൻ വേണ്ടിയാണ് അങ്ങിനെ ചെയ്തത്. എന്തുകൊണ്ടെന്നാൽ,

കത്തീടുമേ കൊള്ളിയിളക്കുകിൽത്തീ;
സർപ്പം പടംപൊക്കുമുപദ്രവിക്കിൽ;
ക്രോധം വരുമ്പോൾ വെളിവാക്കുമല്ലോ
പ്രായേണ ലോകം നിജവൈഭവത്തെ! ൩൧

രാജാ:—ഉചിതമായി ഭവാൻ ചെയ്തത്. (വിദൂഷകനോടു സ്വകാര്യം) തോഴരേ, ദേവേന്ദ്രന്റെ ആജ്ഞ തള്ളിക്കൂടാ. അതിനാൽ, അമാത്യപിശുനനെ വിവരം ധരിപ്പിച്ചു ഞാൻ പറഞ്ഞതായിപ്പറയണം:

നിൻബുദ്ധിയൊന്നേ കാക്കട്ടെ
നാട്ടുകാരെക്കുറച്ചു നാൾ;
എന്റെയിക്കൈവില്ലേർപ്പെ—
ട്ടിരിപ്പൂ മററു ജോലിയിൽ! ൩൨

വിദൂഷകൻ:—കല്പനപോലെ

(പോയി.)

മാതലി:—ആയുഷ്മാൻ, ഇതിലേ.

(രാജാവു് തേരിൽക്കയറുന്നു. എല്ലാവരും പോയി)

ആറാമങ്കം കഴിഞ്ഞു.

---

## ഏഴാമങ്കം

---

(അനന്തരം ആകാശത്തു തേരിലേറിയ
രാജാവും മാതലിയും പ്രവേശിക്കുന്നു.)

രാജാ:—മാതലി, ഞാൻ മഹേന്ദ്രന്റെ നിയോഗം നിർവ്വഹിച്ചുവെങ്കിലും, അദ്ദേഹത്തിന്റെ വമ്പിച്ച സല്ക്കാരമോർക്കുമ്പോൾ എന്നെക്കൊണ്ടു് ഒരുപയോഗവും ഉണ്ടായിട്ടില്ലെന്നു തോന്നിപ്പോകുന്നു.

മാതലി:—(പുഞ്ചിരിക്കൊണ്ടു്) ആയുഷ്മൻ, രണ്ടുപേർക്കും തൃപ്തിവന്നിട്ടില്ല.

പ്രഥമോപകൃതം ഭവാൻ മഹേന്ദ്ര-
പ്രതിപത്ത്യാ ലഘുവായ് നിനച്ചിടുന്നു;
തവ സൽക്രിയയിൽസ്സുരേശനന്നും
മതിവന്നീല, പരമാന വിസ്മയത്താൽ! ൮

രാജാ:—വേണ്ട, അങ്ങിനെ പറയരുത്. ആ യാത്രയാക്കിയപ്പോഴത്തെ സൽക്കാരം ആശിയ്ക്കുവാൻപോലും വയ്യാത്തതാണ്. എന്നെ ദേവകളുടെ മുമ്പിൽവെച്ച് അർദ്ധാസനത്തിലിരുത്തിയിട്ട്,

അടുക്കലായുൾക്കൊതിപൂണ്ടു നില്ക്കും
ജയന്തനെപ്പാർത്തു ചിരിച്ചു, ശക്രൻ
തന്മാറണി ശ്രീഹരി ചന്ദനാങ്കം
മന്ദാരമാല്യം മയി ചാർത്തിയല്ലോ! ൨

മാതലി:—ആയുഷ്മാൻ ദേവരാജങ്കൽനിന്ന് എന്തൊന്നർഹിയ്ക്കുന്നില്ല? നോക്കുക:—

സ്വർഗ്ഗത്തിലെദ്ദിതിജകണ്ടക ബാധനീക്കി-
സ്സൌഖ്യം മഹേന്ദ്രനു വളർത്തു രണ്ടുകൂട്ടം:
ഇന്നീബ്ഭവാൻെറ നതസന്ധികളാം ശരങ്ങൾ
മുന്നം മൃതിന്ന നരകേസരി തൻ നഖങ്ങൾ! ൩

രാജാ:—ഇതിലും മഹേന്ദ്രൻെറ മഹിമയെത്തന്നെയാണല്ലോ വാഴ്ത്തേണ്ടത്.

കീഴാളർ വൻ ജോലികൾ നിർവ്വഹിപ്പ-
തെല്ലാം പ്രഭുക്കൾക്കിയലും പ്രസാദം:
അനൂരുവെമ്മട്ടിരുൾപോക്കുക, യർക്ക-
നയാളെ മുൻനിർത്തിയതില്ലയെങ്കിൽ? ൪

മാതലി:—ഇതായുഷ്മാന്നു് അനുരൂപം തന്നെ. (കുറച്ചിടം പിന്നിട്ടു്) ആയുഷ്മാൻ, ഇവിടെ നോക്കുക, സ്വർഗ്ഗത്തിൽ നിലയുറപ്പിച്ചുകഴിഞ്ഞ സ്വയശസ്സിന്റെ സൌഭാഗ്യം:

ദേവാങ്ഗനാവൃന്ദമണിഞ്ഞു ബാക്കിയാം
വർണ്ണങ്ങളാൽ കല്പലതാംശുകങ്ങളിൽ
ഇതാ, ഭവൽസ്സച്ചരിതങ്ങൾ ഗാഥയായ്
ക്കൃതിച്ചു നന്നായെഴുതുന്നു വാനവർ. ൫

രാജാ:—മാതലി, ഞാൻ ഇന്നലെ പോരുമ്പോൾ അസുരയുദ്ധത്തിലുള്ള ഔത്സുക്യം നിമിത്തം സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി നോക്കി മനസ്സിലാക്കിയില്ല. ഏതൊരു വായുമാർഗ്ഗത്തിലാണ് നാമിപ്പോൾ എത്തിയിരിക്കുന്നത്?

മാതലി:—

ഏതോ ത്രിമാർഗയെ നഭസ്സിൽ വഹിപ്പൂ, തേജോ-
വ്യൂഹത്തെ രശ്മി വിഭജിച്ചു നയിപ്പതേതോ,
വിഖ്യാതനപ്പരിവഹശ്വസനന്റെയാണീ-
മാർഗ്ഗം ദ്വിതീയഹരിവിക്രമപൂതമല്ലോ! ൬

രാജാ:—ഇതുകൊണ്ടുതന്നെയാണ് എന്റെ ബാഹ്യേന്ദ്രിയങ്ങളും അന്തരാത്മാവും നിർവൃതികൊള്ളുന്നത്. (തേർച്ചക്രത്തിന്മേൽ നോക്കിയിട്ടു്) നാം മേഘമാർഗ്ഗത്തിൽ ഇറങ്ങികഴിഞ്ഞു.

മാതലി:—എങ്ങിനെ മനസ്സിലായി?

രാജാ:—

അരവി വരവഴിയ്ക്കായ് ച്ചാതകം നിഷ്പതിപ്പൂ,
കുതിരകളൊളി പൂശീടുന്ന തൂമിന്നലാലെ,
സലിലകണികയേററിട്ടാർദ്രമീ നേമി,യോർത്താൽ-
ത്തവരഥമിതു നീർക്കൊണ്ടൽക്കുമീതേ പറപ്പൂ. ൧

മാതലി:—ആയുഷ്മാൻ കുറച്ചുനേരം കൊണ്ടു തൻെറ അധികാരഭൂമിയിലെത്തിച്ചേരും.

രാജാ:—(കീഴ്പോട്ടു നോക്കിയിട്ട്) വേഗത്തിലിറങ്ങുന്നതു കൊണ്ടു കാഴ്ചയിൽ ആശ്ചര്യകരമായിരിക്കുന്നു മനുഷ്യലോകം:

പാരിപ്പൊങ്ങി വരുന്ന മാമലകൾതൻ-
ശൃംഗാലിറങ്ങുന്നിതോ;
തീരേ നീക്കിയിലപ്പുതപ്പു തടികാ-
ണിക്കുന്ന ശാഖിവ്രജം;
പാരാതാറുകൾ കാശ്യമററു വെളിവായ്
നീരോട്ടമേൽപൂ; ശരി-
യ്ക്കാരോ പൊക്കിയെടുത്തു ഭൂതലമിതെൻ-
ചാരത്തണയ്ക്കുന്നിതോ! ൨

മാതലി:—നല്ല കാഴ്ച! (ബഹുമാനത്തോടെ നോക്കിയിട്ട്) അഹോ, ഉൽകൃഷ്ടവും രമണീയവുമായ ഭൂലോകം!

രാജാ:—മാതലി, ഏതാണ് കിഴക്കും പടിഞ്ഞാറുമുള്ള സമുദ്രത്തിലേയ്ക്കിറങ്ങി, തഴതിൻ വടിവിലുള്ള അന്തിക്കാറു

പോലെ കനകച്ചാറൊഴുക്കുന്നതായി കാണപ്പെടുന്ന ഈ പൎവ്വതം?

മാതലി:—ആയുഷ്മൻ, ഇതാണ് ഹേമകൂടമെന്ന കിംപുരുഷപൎവ്വതം; തപസ്വികൾക്ക് ഉററ സിദ്ധിക്ഷേത്രം!

സ്വായംഭുവമരീചിയ്ക്കു
ജനിച്ചുള്ളോ പ്രജാപതി
സുരാസുരൎക്കച്ഛനിങ്ങു
തപം ചെയ്‌വൂ സഭാൎയ്യനായ് ൯

രാജാ:—എന്നാൽ, ശ്രേയസ്സുകളെ തള്ളിക്കളയരുതല്ലോ. എനിക്കു ഭഗവാനെ പ്രദക്ഷിണം വെച്ചിട്ടു വേണം പോകാനെന്നുണ്ട്.

മാതലി:—വളരെ നല്ലത്.

(രണ്ടുപേരും ഇറങ്ങുന്നതായി നടിക്കുന്നു.)

രാജാ:—(ആശ്ചൎയ്യത്തോടെ) മാതലി,

ചക്രങ്ങൾ തൻ ചുററിന ചെററൊരൊച്ചയി,-
ല്ലുയൎന്നു കാണ്മീല പരാഗപാളിയും;
നി നിൎത്തുമിത്തേരു നിലം തൊടായ്കയാ-
ലറിഞ്ഞതില്ലേതുമിറങ്ങിയെങ്കിലും. ൧൦

മാതലി:—ഇത്രമാത്രമേ മഹേന്ദ്രനും ആയുഷ്മാനും തമ്മിൽ വ്യത്യാസമുള്ളൂ.

രാജാ:—മാതലി, ഏതുപ്രദേശത്താണ് കാശ്യപാശ്രമം?

മാതലി:—(ചൂണ്ടിക്കാണിച്ച്)

* പുററിങ്കൽപ്പാതി പൂഴ്ന്നോരുടല്വ,മൊരരവ-
ത്തോലുരചേൻറുള്ള മാറും,
ചുററിക്കെട്ടിപ്പിണഞ്ഞീടിന ജരഠലതാ-
പംക്തി ഞെക്കം കഴുത്തും
മുററിത്തിങ്ങിക്കിളിക്കൂട്ടടയ ചുമലണി-
ച്ചെഞ്ചിടക്കെട്ടുമേന്തി-
ക്കുററിയ്ക്കൊപ്പം ചലിയ്ക്കാതൊരു മുനിയിത, മേ
വുന്നിതഭ്യർക്കബിംബം. ൧൧

രാജാ:—ഈ തീവ്രതപസ്സിന്നു നമസ്കാരം;

മാതലി:—(കടിഞ്ഞാൺ അടക്കിപ്പിടിച്ച്) ഇതാ മന്ദാരവൃക്ഷങ്ങൾ നട്ടുവളൎത്തിയിരിയ്ക്കുന്ന പ്രജാപതിയുടെ ആശ്രമത്തിൽ നാം എത്തിക്കഴിഞ്ഞു.

രാജാ:—സ്വർഗ്ഗത്തേക്കാൾ തുലോം മികച്ച നിർവൃതിസ്ഥാനം, ഒരമൃതകയത്തിൽ ഇറങ്ങി മുങ്ങിയതുപോലെ തോന്നുന്നു എനിയ്ക്ക്.

---

* പാഠാന്തരം:—പുററിൽപ്പാതിയമർന്നമെയ്യു,മുരഗ-
ത്തോൽചേർന്നമാറും, ദൃഢം
പററിച്ചുററിയ ജീർണ്ണവല്ലികളാൽ തുലോം
മട്ടിച്ചതാം കണ്ഠവും
മുററിപ്പക്ഷികൾ കൂടുതീർത്ത ചുമലിൽ-
ത്തിങ്ങും ചിടക്കെട്ടുമായ്
കുററിയ്ക്കൊത്ത, ദിനേശനാ മുനിയിതാ,
നില്ക്കുന്നു നിശ്ചഞ്ചലം.

മാതലി:—(തേർ നിർത്തിയിട്ട്) ഇറങ്ങാം.

രാജാ:—(ഇറങ്ങിയിട്ട്) അങ്ങോ?

മാതലി:—തേരനങ്ങാതെ നിർത്തിയിരിക്കുന്നു. ഞാനും ഇറങ്ങുകയാണ്. (ഇറങ്ങിയിട്ട്) ആയുഷ്മാൻ ഇതിലേ.

(രണ്ടുപേരും ചുററി നടക്കുന്നു.)

മാതലി:—ആയുഷ്മൻ, മഹർഷിമാരുടെ തപോവനപ്രദേശങ്ങൾ കണ്ടാലും.

രാജാ:—ഞാൻ ആശ്ചര്യത്തോടുകൂടി നോക്കിക്കാണുന്നുണ്ട്.

നൂനം പ്രാണനമാസ്സകല്പകവന-
　　　ത്തിൽക്കാററിനാൽ; പുണ്യമാം
സ്നാനം പൊൻനളിനങ്ങൾതൻ പൊടികളാൽ
　　　മഞ്ഞച്ചവെള്ളത്തിലാം;
ധ്യാനം രത്നശിലാതലത്തിൽ; വിബുധ—
　　　സ്ത്രീസന്നിധൌ സംയമം;
സ്ഥാനം തേടുവതേതിലന്യർ തപസാ,
　　　ചെയ്‌വൂ തപസ്സങ്ങിവർ! 　　　　ഫ

മാതലി:—മഹാന്മാരുടെ ആഗ്രഹത്തിൻെറ ഗതി മേല്പോട്ടാണല്ലോ. (ചുററി നടന്നു ആകാശത്തിനു നേരെ) ഹേ, വൃദ്ധശാകല്യ, ഭഗവാൻ കാശ്യപൻ എന്തുചെയ്യുന്നു? 'ദാക്ഷായണി ചോദിച്ചതിനാൽ അവൾക്കും മററു മഹർഷിപത്നിമാർക്കും പതിവ്രതാധർമ്മം ഉപദേശിക്കുകയാണു' എന്നോ!

രാജാ:—എന്നാൽ അവസരം കാത്തുനില്ക്കണമല്ലോ.

മാതലി:—(രാജാവിനെ നോക്കിയിട്ട്) ആയുഷ്മാൻ, ഈ അശോകവൃക്ഷത്തിന്റെ ചുവട്ടിൽ ഇരിക്കുക; ഞാൻ അങ്ങ് വന്നിട്ടുള്ള വിവരം ഇന്ദ്രപിതാവിനെ അറിയിപ്പാൻ അവസരം നോക്കട്ടെ.

രാജാ:—അങ്ങയുടെ അഭിപ്രായംപോലെ.

(മാതലി പോയി.)

രാജാ:—(നിമിത്തം സൂചിപ്പിച്ച്)

കൊതിയററിത്തെനിക്കു വാഞ്ഛിതത്തിൽ;-
പ്പുഴതേ നീ വിറകൊൾവതെന്തുകയ്യേ?
നിരസിച്ചുകളഞ്ഞ നന്മ പിന്നെ-
ത്തിരിയേ വന്നണയാൻ തുലോം പ്രയാസം. ൧൩.

അരുത്, വികൃതികാട്ടരുത്! സ്വന്തം പ്രകൃതിയിലേക്കുതന്നെ പകർന്നു കഴിഞ്ഞുവോ?

രാജാ:—(കേട്ടിട്ട്) ഇവിടെ അവിനയം വരാനിടയില്ലല്ലോ. പിന്നെ ആരെയാണ് ഇങ്ങിനെ തടയുന്നത്? (ശബ്ദം കേട്ടേടത്തേക്കു നോക്കിയിട്ട്) ഏയ്! ഏതാണ്, രണ്ടു താപസിമാർ പിന്തുടരുന്ന ഈ ഉശിരേറിയ ബാലൻ?

പെററമ്മതൻ മുലകുടി-
ച്ചുള്ള സിംഹക്കിടാവിനെ,
സടാച്ഛടയുലച്ചാഞ്ഞു
വലിപ്പൂ കളിയാടുവാൻ! ൧൪

(അനന്തരം പറഞ്ഞതിൻവണ്ണം ഒരു ബാലനും
രണ്ടു താപസിമാരും പ്രവേശിക്കുന്നു.)

ബാലൻ:—വാപിളക്ക് സിംഹക്കുട്ടി, വാപിളക്ക്; നിൻെറ പല്ലു ഞാൻ എണ്ണിനോക്കട്ടെ.

ഒന്നാമത്തവൾ:—വികൃതി, നീയെന്തിനാണ്, ഞങ്ങളുടെ മക്കളെപ്പോലെയുള്ള ജന്തുക്കളെ ദ്രോഹിക്കുന്നത്? കുറേ യേറുന്നു നിൻെറ കുറുമ്പ്! നിനക്കു മഹർഷിമാർ 'സർവ്വദമൻ' എന്നു പേരിട്ടതുകൊള്ളാം.

രാജാ:—എന്തുകൊണ്ടാണ്, എനിക്കീ ബാലങ്കൽ സ്വന്തം പുത്രങ്കൽ എന്നപോലെ സ്നേഹം തോന്നുന്നത്? സന്താനമില്ലാത്തതുകൊണ്ടായിരിക്കാം ഈ വാത്സല്യം.

രണ്ടാമത്തവൾ:—സർവ്വദമന, ഈ പെൺസിംഹം നിൻെറ നേരിട്ടു ചാടുമേ, അതിൻെറ കുട്ടിയെ നീ വിട്ടില്ലെങ്കിൽ!

ബാലൻ:—(പുഞ്ചിരിക്കൊണ്ട്) അയ്യോ, എനിക്കു വലിയ പേടിയാ!

(കീഴ്ചുണ്ടു നീട്ടിക്കാണിക്കുന്നു.)

നന്നെന്നു ഞാൻ മഹാതേജോ-
ബീജമാണിക്കുമാരകൻ:
വിറകും കാത്തുപൊരിയാ-
യമരും വഹ്നിപോലവെ. ൧൮

ഒന്നാമവൾ:—ഉണ്ണി, ഈ സിംഹക്കുട്ടിയെ വിട്ടേയ്ക്കു. നീനക്കു ഞാൻ വേറൊരു കളിക്കോപ്പു തരാം.

ബാലൻ:—എവിടെ? തരൂ. (കൈ നീട്ടിക്കാട്ടുന്നു.)

രാജാ:—(കണ്ടിട്ട് വിസ്മയത്തോടെ) ചക്രവർത്തിലക്ഷണവും ഇവങ്കൽ കാണുന്നുണ്ടല്ലോ. എന്തെന്നാൽ ഇവന്റെ,

വിരലുകളിടതിങ്ങിച്ചേർന്നു, പേർത്തും കളിക്കോ-
പ്പിനു കുതുകമൊടാരാൽ നീട്ടിയോരോമനക്കൈ,
ഇതളുകൾ വഴുതെന്ന്യേതുന്നു, ചെമ്പൊന്നുഷസ്സിൻ-
പിറവിയിൽ വികസിച്ചോരംബുജംപോലിരിപ്പൂ. ൧൬

രണ്ടാമത്തവൾ:—സുവ്രതേ, വാക്കുകൊണ്ടുമാത്രം ഒഴിയുന്നവനല്ല ഇവൻ. ചെല്ലു, എന്റെ പർണ്ണശാലയിൽ മാർക്കണ്ഡേയൻകുട്ടിയുടെ ചായം തേച്ച മണ്മയിലിരിപ്പുണ്ട്. അതുകൊണ്ടുവന്ന് ഇവനു കൊടുക്കുക.

ഒന്നാമത്തവൾ:—അങ്ങിനെതന്നെ.

(പോയി.)

ബാലൻ:—അതുവരെ ഞാൻ ഇവനെക്കൊണ്ടുതന്നെ കളിക്കും!

(താപസിയെനോക്കി ചിരിക്കുന്നു.)

രാജാ:—ഈ കുട്ടിക്കുറുമ്പനിൽ എനിക്കു കൊതി തോന്നുന്നു. (നെടുവീർപ്പിട്ടിട്ട്)

ദന്താങ്കുരങ്ങൾ വെളിവാക്കി വൃഥാ ചിരിച്ചു,-
മവ്യക്തവർണ്ണമധുരോക്തികളെപ്പൊഴിച്ചും,
അങ്കത്തിലേയ്ക്കണയുമുണ്ണികളെപ്പുണർന്നു
തന്മെയ്യണിപ്പൊടികളേററിരുളുന്നു ധന്യർ! ൧൭

രണ്ടാമത്തവൾ:—ഇവനെന്നെ കൂട്ടാക്കുന്നില്ലല്ലോ! (തിരിഞ്ഞുനോക്കിയിട്ട്) ഇവിടെ ഋഷികുമാരന്മാരിൽ ആരുള്ളൂ?

(രാജാവിനെക്കണ്ടിട്ട്) ഭദ്രമുഖ, വരൂ; ഇവൻ കുട്ടിക്കളിയിൽ എളുപ്പത്തിൽ വിട്ടുവിക്കാൻ കഴിയാത്ത വിധം പിടികൂടി ഉപദ്രവിക്കുന്ന ഈ സിംഹക്കുട്ടിയെ ഒന്നു വിടുവിച്ചുതരണേ!

രാജാ:—(പുഞ്ചിരിയോടെ അടുത്തുചെന്നു്) ഹേ, മഹർഷികുമാര,

ഇത്ഥം തപോവനവിരുദ്ധ വിചേഷ്ടിതത്താൽ
സത്വൈകനിർവൃതിദമാം കുലസംയമത്തെ,
കാളാഹിശാബമൊരു ചന്ദന ഭൂരുഹത്തെ-
പ്പോലല്ലേ, കെടുത്തിടുവതെന്തിനു നീയിദാനീം? ഫവ്യ

രണ്ടാമത്തവൾ:—ഭദ്രമുഖ, ഇവൻ ഋഷികുമാരനല്ല.

രാജാ:—ആകൃതിക്കൊത്ത പ്രവൃത്തികൊണ്ടുതന്നെ ഇതറിയാം; സ്ഥലവൈശിഷ്ട്യം നിമിത്തം അങ്ങിനെ സംശയിച്ചുപോയി എന്നേ ഉള്ളൂ. (സിംഹക്കുട്ടിയെ വിടുവിക്കുമ്പോൾ ബാലസ്പർശസുഖം അനുഭവിച്ചിട്ട്, ആത്മഗതം)

മമ മെയ്യിനെവൻെറയോ കുലക്കു-
ന്നിതു തൊട്ടപ്പൊഴതിത്രയുണ്ടു സൌഖ്യം;
ഇതുദിച്ചതവൻെറ മെയ്യിൽ നിന്നാ-
സ്സുകൃതിക്കെത്ര സുഖത്തെ നല്കുയില്ലാ! ഫൻ

രണ്ടാമത്തവൾ:—(രണ്ടുപേരെയും നോക്കിയിട്ട്) ആശ്ചര്യം, ആശ്ചര്യം!

രാജാ:—എന്താണ്?

രണ്ടാമത്തവൾ:—ഇവൻെറയും ഭവാൻെറയും ആകൃതിയ്ക്കു സാദൃശ്യമുള്ളതിനാൽ ഞാനത്ഭുതപ്പെടുന്നു. ഭവാനെപ്പരിചയമില്ലെങ്കിലും ഇവൻ പരിചയക്കേടു നടിയ്ക്കുന്നില്ലതാനും.

രാജാ:—(ബാലനെ ലാളിച്ചുകൊണ്ടു) ആര്യേ, ഇവൻ ഋഷികുമാരനല്ലെങ്കിൽ പിന്നെ ഏതാണ് ഇവൻെറ വംശം.

രണ്ടാമത്തവൾ:—പൂരുവംശം.

രാജാ:—(ആത്മഗതം) എൻെറ വംശംതന്നെയോ! അതുകൊണ്ടാണ്, എൻെറ ഛായയുണ്ടെന്ന് ഈ മാന്യസ്ത്രീയ്ക്കു തോന്നുന്നത്. ഇങ്ങിനെയാണല്ലോ, പൌരവന്മാരുടെ ഒടുവിലത്തെ കുലവ്രതം:

പുതുവെൺകളിയിട്ട മേടയിങ്കൽ
ക്ഷിതിരക്ഷയ്ക്കവർ വാഴ്ചകൊള്ളുമാദ്യം;
അഥ സാധുപിയൊരുത്തിമാത്രമുണ്ടാ—
മൊരു വൃക്ഷച്ചുവടാമവർക്കു ഗേഹം. ൨൦

(പ്രകാശം) മനുഷ്യർക്കു തനിയെ കടന്നുവരാവുന്നതല്ലല്ലോ ഈ സ്ഥലം.

രണ്ടാമത്തവൾ:—ഭദ്രമുഖൻ പറഞ്ഞതു ശരിതന്നെ. അപ്സരസ്സംബന്ധത്താൽ ഈ ഉണ്ണിയുടെ അമ്മ ദേവപിതാവിൻെറ ഈ തപോവനത്തിലാണ് ഇവനെ പ്രസവിച്ചത്.

രാജാ:—(ആത്മഗതം) ഹാ, ഇതു രണ്ടാമതും ആശ പിടിപ്പിയ്ക്കുന്നുവല്ലോ. (പ്രകാശം) ആ ശ്രീമതി ഏതു രാജർഷിയുടെ പത്നിയാണ്?

രണ്ടാമത്തവൾ:—ആ ധർമ്മപത്നീപരിത്യാഗിയുടെ പേര് ആരുച്ചരിയ്ക്കും?

രാജാ:—(ആത്മഗതം) ഈ വാക്ക് എന്നെത്തന്നെ കൊള്ളിച്ചുകൊണ്ടാണല്ലോ! ഈ ബാലന്റെ അമ്മയുടെ പേര് ചോദിച്ചാലോ? അഥവാ, പരകളത്രത്തെപ്പററി സംസാരിക്കുന്നതു മര്യാദയല്ലല്ലോ.

ഒന്നാമത്തവൾ:—(മണ്മയിലിനെയും കൊണ്ടു പ്രവേശിച്ച്) സർവ്വദമന, നോക്കു, ശകുന്തലാവണ്യം!

ബാലൻ:—(കണ്ണെറിഞ്ഞു്) എവിടെ എന്റെ അമ്മ?

രണ്ടാമത്തവൾ:—(ചിരിച്ച്) ഈ അമ്മക്കൊതിയൻ പേരിന്റെ സാദൃശ്യത്താൽ ഭ്രമിച്ചുപോയി!

ഒന്നാമത്തവൾ:—ഉണ്ണി, 'ഈ മണ്മയിലിന്റെ ഭംഗി നോക്കു' എന്നാണ് ഞാൻ പറഞ്ഞത്.

രാജാ:—(ആത്മഗതം) ശകുന്തള എന്നായിരിയ്ക്കുമോ ഇവന്റെ അമ്മയുടെ പേര്? ഒരേ പേർ പലക്കും വരാമല്ലോ. ഈ പേർ പറയൽ മൃഗതൃഷ്ണപോലെ എന്നെ വിഷാദിപ്പിച്ചേയ്ക്കുമോ, ആവോ!

ബാലൻ:—അമ്മേ, എനിയ്ക്കു പിടിച്ചു ഈ മണ്മയിൽ!

(കളിക്കോപ്പു വാങ്ങുന്നു.)

ഒന്നാമത്തവൾ:—(നോക്കി, പരിഭ്രമത്തോടെ) അയ്യോ, ഇവന്റെ കയ്യിന്മേൽക്കെട്ടിയ രക്ഷ കാണുന്നില്ലല്ലോ!

രാജാ:—പരിഭ്രമിയ്ക്കേണ്ട. ഇതാ, സിംഹക്കുട്ടിയെ പിടിച്ചു വലിച്ചപ്പോൾ ഊരിവീണിരിയ്ക്കുന്നു. (എടുപ്പാൻ തുടങ്ങുന്നു.)

രണ്ടുപേരും:—അരുതേ, അതെടുക്കരുതേ! അല്ലാ, ഇദ്ദേഹം എടുത്തുവോ! (അത്ഭുതത്തോടെ മാറത്തു കൈവെച്ചു പരസ്പരം നോക്കുന്നു.)

രാജാ:—എന്തിനാണ് എന്നെ വിലക്കിയത്?

ഒന്നാമത്തവൾ:—മഹാരാജാവ് കേട്ടാലും: ഇത് അപരാജിത എന്ന ഔഷധിയാണ്. ഇവൻെറ ജാതകർമ്മസമയത്ത് ഭഗവാൻ കശ്യപൻ കെട്ടിച്ചതുമാണ്. ഇതു നിലത്തു വീണാൽ, അച്ഛനമ്മമാരും താനുമല്ലാതെ മററാരാളും എടുത്തുകൂടാ.

രാജാ:—എടുത്താലോ?

ഒന്നാമത്തവൾ:—ഉടനെ പാമ്പായിത്തീൎന്ന് കൊത്തും!

രാജ:—നിങ്ങൾ എപ്പോഴെങ്കിലും നേരിട്ടുകാണുകയുണ്ടായിട്ടുണ്ടോ ഈ മാററം?

രണ്ടുപേരും:—പലപ്പോഴും!

രാജാ:—(സഹൎഷം) എന്താണ്, ഞാൻ സമ്പൂൎണ്ണമായിത്തീൎന്ന മനോരഥത്തെയും അഭിനന്ദിക്കാത്തത്?

(കുട്ടിയെ കെട്ടിപ്പുണരുന്നു.)

രണ്ടാമത്തവൾ:—സുവ്രതേ, വരൂ. ഈ വൎത്തമാനം വ്രതാനുഷ്ഠാനത്തിലേൎപ്പെട്ടിരിക്കുന്ന ശകുന്തളയെ അറിയിക്കുക.

(രണ്ടുപേരും പോയി.)

ബാലൻ:—എന്നെ വിടൂ. ഞാനമ്മയുടെ അടുക്കലേക്കു പോകട്ടെ.

രാജാ:—മകനേ, നിനക്ക് എന്നോടൊരുമിച്ചുതന്നെ പോയി അമ്മയെ സന്തോഷിപ്പിയ്ക്കാം.

ബാലൻ:—എന്റെ അച്ഛൻ ദുഷ്ഷന്തനാണ്; നിങ്ങളല്ല.

രാജാ:—(പുഞ്ചിരിയോടെ ആത്മഗതം) ഈ എതിർവാക്കു തന്നെ വിശ്വാസം വരുത്തുന്നു.

(അനന്തരം തലമുടി ഒന്നായി കൂട്ടിക്കെട്ടിയിരിയ്ക്കുന്ന ശകുന്തള പ്രവേശിയ്ക്കുന്നു)

ശകുന്തള:—മാററം വരേണ്ടുന്ന സമയത്തുപോലും സർവ്വദമനന്റെ ഓഷധിയ്ക്കു മാററം വന്നില്ലെന്നു കേട്ടിട്ടും എനിയ്ക്കു എന്റെ ഭാഗ്യങ്ങളിൽ ആശ തോന്നുന്നില്ല. അഥവാ, സാനുമതി പറഞ്ഞതുപോലെ സംഭവിയ്ക്കാമല്ലോ!

രാജാ:—(ശകുന്തളയെ കണ്ടിട്ട്) ഹാ, ഇതാ, അത്രഭവതി ശകുന്തള,

നിയമാൽ മുഖമൊട്ടിയും, മുഷിഞ്ഞു-
ള്ളിരുവസ്ത്രത്തൊട്ടു,മേകവേണിപൂണ്ടും,
അതി നിർദ്ദയനെൻ നെടുംവിയോഗ-
വ്രതമേൽക്കുന്നു ഇലോം വിശുദ്ധശീല! വ. ഥ

ശകുന്തള:—(പശ്ചാത്താപംകൊണ്ടു വിവർണ്ണനായ രാജാവിനെക്കണ്ടിട്ട്) ആര്യപുത്രനല്ലെന്നു തോന്നുന്നുവല്ലോ. പിന്നെ ഇതാരാണ്, രക്ഷാമംഗളം കെട്ടിയ്ക്കപ്പെട്ടിരുന്ന എന്റെ കുട്ടിയെ തൊട്ടു ദുഷിപ്പിയ്ക്കുന്നത്?

ബാലൻ:—(അമ്മയുടെ അടുക്കൽ ചെന്നിട്ട്) അമ്മേ, ഇതാ, ഏതോ ഒരാൾ എന്നെ മകനേ, എന്നു വിളിച്ചു കെട്ടിപ്പിടിയ്ക്കുന്നു.

രാജാ:—പ്രിയേ, ഞാൻ നിങ്കൽ പ്രവർത്തിച്ച ക്രൂരതയും അനുകൂലമായിപ്പരിണമിച്ചിരിക്കുന്നു. ഇപ്പോൾ നീ എന്നെ കണ്ടിട്ടറിഞ്ഞില്ലല്ലോ.

ശകുന്തള:—(ആത്മഗതം) ഹൃദയമേ, ആശ്വസിക്കൂ; ദൈവം മത്സരം വെടിഞ്ഞ് എന്റെ നേരെ ദയ കാണിച്ചിരിക്കുന്നു. ഇത് ആര്യപുത്രൻ തന്നെ!

രാജാ:—പ്രിയേ,

> ഭാഗ്യം! മമ മോഹതമ-
> സ്സൊഴിഞ്ഞുപോയ്; സുമുഖി, മുന്നിലെത്തി നീ;
> ഗ്രഹണം കഴിഞ്ഞവാറേ
> ശശിക്കു കൈവന്നു രോഹിണീയോഗം! ൨൨

ശകുന്തള:—ആര്യപുത്രൻ ജയിച്ചാലും! (എന്നു പകുതി പറഞ്ഞു തൊണ്ടയിടറി നില്ക്കുന്നു.)

രാജാ:—സുന്ദരി,

> കണ്ണുനീർജ്ജയശബ്ദത്തെ-
> ത്തടഞ്ഞാലും ജയിച്ചു ഞാൻ;
> കണ്ടല്ലോ മോടി കൂട്ടാത്ത
> ചെഞ്ചുണ്ടാത്തൊരു നിന്മുഖം. ൨൩

ബാലൻ:—അമ്മേ, ഇതാരാണ ?

ശകുന്തള:—ഉണ്ണീ, നിന്റെ ഭാഗ്യങ്ങളോടു ചോദിക്കൂ.

രാജാ:—(ശകുന്തളയുടെ കാല്ക്കൽ വീണിട്ട്)

ഉൾക്കൊള്ളൊല്ലേ പരിഭവ,മുപേ-
ക്ഷിച്ചുവെന്നോമലേ; ഞാ-
നക്കാലത്തിൽപ്പെരിയൊരു വിമോ-
ഹത്തിലാപ്പെട്ടുപോയേൻ;
മാണ്ടെത്തുമ്പോൾ നടപടി തമോ-
ബാധിതർക്കേവമല്ലോ:
പാമ്പെന്നന്ധൻ കുടയുമൊരു പൂ-
മാല ചൂടിയ്ക്കിലും താൻ! ൨൪

ശകുന്തള:—എഴുന്നേല്ക്കണേ, ആര്യപുത്രൻ! എന്റെ സുകൃതത്തെത്തടഞ്ഞുനിർത്തുന്ന മുജ്ജന്മകർമ്മത്തിന്ന് അക്കാലത്ത് മൂപ്പെത്തിത്തുടങ്ങിയിരിയ്ക്കണം. സ്വതേ ദയാലുവാണെങ്കിലും ആര്യപുത്രൻ എന്നോട് ആ നിലയിൽപ്പെരുമാറിയല്ലോ!

(രാജാവ് എഴുന്നേല്ക്കുന്നു)

ശകുന്തള:—പിന്നെ എങ്ങിനെയാണ്, ആര്യപുത്രന്ന്, ദുഃഖിതയായ ഇയ്യുള്ളവളെ ഓർമ്മ വന്നത്?

രാജാ:—എന്റെ വിഷാദശല്യം പറിച്ചുകളഞ്ഞിട്ടു പറയാം.

നല്ലൊന്നു ചുണ്ടിനഴൽ ചേർക്കുമെതിൻ കണങ്ങൾ
മുല്പാട്ടു ഞാൻ മറവിമൂലമലക്ഷ്യമാക്കി,
ഇപ്പോളരാളതര പക്ഷ്മ വിലഗ്നമാമ-
ബ്ബാഷ്പം തുടച്ചനുശയം കളയട്ടെ കാന്തേ! ൨൫

(അപ്രകാരം ചെയ്യുന്നു)

ശകുന്തള:—(മുദ്രമോതിരം കണ്ടിട്ട്) ആര്യപുത്ര, ഇത് ആ മോതിരമാണല്ലോ!

രാജാ:—അതേ, ഈ മോതിരം കിട്ടിയപ്പോളാണല്ലോ എനിയ്ക്കോർമ്മ വന്നത്.

ശകുന്തള:—ഇതു വലിയ വൈഷമ്യമാണ് ഉണ്ടാക്കിത്തീത്തതു്. അന്ന് ആര്യപുത്രനെ വിശ്വസിപ്പിയ്ക്കേണ്ടുന്ന സമയത്തു കിട്ടിയില്ലല്ലോ!

രാജാ:—എന്നാലിനി, വസന്തത്തോടു ചേന്നതിൻെറ അടയാളമായ പുഷ്പത്തെ ലത ധരിയ്ക്കട്ടെ!

(മോതിരം കയ്യിന്മേലിട്ടുവിയ്ക്കാൻ തുടങ്ങുന്നു)

ശകുന്തള:—എനിയ്ക്കിതിനെ വിശ്വാസമില്ല. ആര്യപുത്രൻ തന്നെ ധരിച്ചുകൊള്ളുക.

(അനന്തരം മാതലി പ്രവേശിയ്ക്കുന്നു.)

മാതലി:—ഭാഗ്യം, ധർമ്മപത്നീസമാഗമത്താലും പുത്രമുഖദശനത്താലും ആയുഷ്മാന്ന് അഭ്യുദയം സിദ്ധിച്ചുവല്ലോ!

രാജാ:—സുഹൃത്തുക്കൾ മൂലം സമ്പാദിച്ചതാകയാൽ തുലോം സ്വാദുള്ളതാണ് എൻെറ മനോരഥത്തിൻെറ ഫലം.

മാതലി:—(പുഞ്ചിരിക്കൊണ്ട്) ഈശ്വരന്മാൎക്ക് അപ്രത്യക്ഷമായിട്ട് എന്തൊന്നുള്ളു? ആയുഷ്മൻ, വരിക. ഭഗവാൻ കശ്യപൻ അങ്ങെയ്ക്കു ദശനമനുവദിച്ചിരിയ്ക്കുന്നു.

രാജാ:—ശകുന്തളേ, ഉണ്ണിയുടെ കൈ പിടിച്ചു കൊള്ളുക. നിന്നെ മുന്നിലാക്കി ഭഗവാനെ ദശിയ്ക്കണമെന്നു ഞാൻ ആഗ്രഹിയ്ക്കുന്നു.

ശകുന്തള:—എനിയ്ക്കു ലജ്ജ തോന്നുന്നു, ആര്യപുത്രനോടൊന്നിച്ചു ഗുരുവിൻെറ മുമ്പാകെച്ചെല്ലാൻ.

രാജാ.—അങ്ങിനെ വേണം അഭ്യുദയകാലങ്ങളിൽ ആചരിയ്ക്കുക. വരു, വരു.

(എല്ലാവരും ചുററി നടക്കുന്നു.)

(അനന്തരം അദിതിയോടുന്നിച്ച് ആസനസ്ഥനായ
കശ്യപൻ പ്രവേശിക്കുന്നു.)

കശ്യപൻ:—(രാജാവിനെക്കണ്ടിട്ട്) ദാക്ഷായണി,

നിന്നാത്മജന്നടരിൽ മുന്നിൽ നടന്നിടുന്ന
ദുഷ്ഷന്തനെന്ന ഭുവനാധിപനിപ്പുമാൻ താൻ;
കൃത്യങ്ങളൊക്കെ നിറവേററുമിവൻെറ ചാപം,
ശക്രന്റെ തൻെറ ശതകോടിയലങ്കൃതിയ്ക്കാം. ൧൩

അദിതി:—ആകൃതികൊണ്ടൂഹിയ്ക്കാം ഇവൻെറ പ്രഭാവം!
മാതലി:—ഇതാ, ദേവകളുടെ മാതാപിതാക്കന്മാർ പുത്രസ്നേഹം അങ്കുരിയ്ക്കുന്ന ദൃക്കെന്നുകൊണ്ട് ആയുഷ്മാനെ നോക്കുന്നു. അടുത്തുചെല്ലാം.
രാജാ:—മാതലി, ഇവർ,

പന്ത്രണ്ടായതുളുന്നതാമരിയ തേ-
ജസ്സിൻെറ വിത്തെന്നു ചൊ-
ല്ലൊണ്ടോർ, യജ്ഞഫലശനാം ത്രിജഗതീ-
നാഥൻെറയുൽപാദകർ,
ബ്രഹ്മന്നും പരനാം പുമാനവതരി-
പ്പാൻ പൂർവ്വജാതാമണ്ണാ—
ളന്മാർ ദക്ഷമരീചിജാതർ, ഭുവന-
സ്രഷ്ടാവിനേകാന്തരർ! ൨൧

മാതലി:—അതേ,
രാജാ:—(അടുത്തുചെന്നിട്ട്) രണ്ടുപേരേയും മഹേന്ദ്രൻെറ കിങ്കരനായ ദുഷ്ഷന്തൻ നമസ്കരിയ്ക്കുന്നു.
കശ്യപൻ:—ഉണ്ണി, നീണാൾ ഭൂമി രക്ഷിച്ചു വാണാലും!
അദിതി:—ഉണ്ണി, അപ്രതിരഥനായിത്തീർന്നാലും!

ശകുന്തള:—പുത്രനും ഞാനും തൃക്കാൽ വന്ദിയ്ക്കുന്നു.

കശ്യപൻ:—കുഞ്ഞേ,

മഹേന്ദ്രനൊത്ത കണവൻ;
ജയന്ത പ്രതിമൻ സുതൻ;
തവ ചേരാ മററാരാശി-
സ്സി;ന്ദ്രാണിയ്ക്കൊത്തു വാഴ്ക നീ! ൨൮

അദിതി:—മകളേ, ഭർത്താവിന്നു ബഹുമതിയായിബ്ഭവിച്ചാലും! നിന്റെ ഉണ്ണി ദീൎഘായുസ്സോടുകൂടി രണ്ടു വംശത്തിന്നും സന്തോഷകരനായിബ്ഭവിക്കട്ടെ! ഇരിയ്ക്കുവിൻ.

(എല്ലാവരും കശ്യപന്റെ ഇരുവശത്തുമായി ഇരിക്കുന്നു)

കശ്യപൻ:—(ഓരോ ആളേയും ചൂണ്ടിക്കാണിച്ച്)

ഭാഗ്യം! ശകുന്തള സതി,
സൽപുത്രനിവ,നങ്ങയും—
ശ്രദ്ധാ, വിത്തം, വിധിയിവ
മൂന്നും ചേൎന്നൊത്തു നിങ്ങളാൽ! ൨൯

രാജാ:—മുമ്പേ അഭീഷ്ടസിദ്ധി, പിന്നെ ദർശനം; അസാധാരണംതന്നെ ഭവാന്മാരുടെ അനുഗ്രഹം! നോക്കുക:

പൂവാദ്യമുണ്ടാം, പിറകേ ഫലോൽഗമം;
മുല്പാടു കാറിൻ നിര, പിന്നെയാം ജലം;
നിമിത്തനൈമിത്തിക രീതിയേവമാം;
ഭവൽ പ്രസാദത്തിനു മുമ്പിലാം ശുഭം! ൩൦

മാതലി:—ഇങ്ങിനെയാണ് വിധാതാക്കളുടെ അനുഗ്രഹം!

രാജാ:—ഭഗവാനേ, ഞാൻ ഭവാന്മാരുടെ ദാസിയായ ഇവളെ ഗന്ധർവ്വ വിധിപ്രകാരം വേളി കഴിച്ചിട്ടു കുറച്ചുകാലം കഴിഞ്ഞതിന്നുശേഷം ബന്ധുക്കൾ കൂട്ടിക്കൊണ്ടുവന്ന

പ്പോൾ ഓൎമ്മക്കേടു നിമിത്തം തള്ളിക്കളഞ്ഞതിനാൽ ഭവാന്റെ സഗോത്രനായ തത്രഭവാൻ കണ്വന്നു തെററുകാരനായിത്തീൎന്നുപോയി. പിന്നീടു മോതിരം കണ്ടപ്പോളാണ്, ഞാൻ ഇവളെ വിവാഹം ചെയ്തിട്ടുണ്ടെന്നു് ഓൎത്തതു്. ഇതെനിയ്ക്കു് അത്ഭുതമായിത്തോന്നുന്നു.

അടുത്തുനില്ക്കും പൊഴുതാനയല്ലെ;—
നകന്നു പോകും പൊഴുതൊട്ടൊരീഷൽ;—
പിന്നീടു കാല്പ്പാടുകൾ കണ്ടുറയ്ക്കു;—
ലിമ്മട്ടിലായെന്റെ മനോവികാരം! ൩൧

കശ്യപൻ:—ഉണ്ണി, നിങ്കൽ തെററുള്ളതായിശ്ശങ്കിയ്ക്കേണ്ട. ഓൎമ്മക്കേടും നിനക്കു വരികയില്ല, കേട്ടുകൊള്ളുക.

രാജാ:—ഞാൻ സശ്രദ്ധനായിരിയ്ക്കുന്നു.

കശ്യപൻ:—അന്നു് അപ്സരസ്തീൎത്ഥക്കടവിൽനിന്നു് പരിത്യാഗവിഹ്വലയായ ശകുന്തളയേയും കൊണ്ടു് മേനക ദാക്ഷായണിയുടെ അടുക്കൽ വന്നപ്പോൾത്തന്നെ ഞാൻ ധ്യാനംകൊണ്ടറിഞ്ഞിരിയ്ക്കുന്നു, ദുർവാസസ്സിന്റെ ശാപത്താലാണ് മറെറാരു കാരണത്താലുമല്ല, ഈ സാധുവായ സഹധൎമ്മചാരിണിയെ നീ പരിത്യജിച്ചതെന്നും, ആ ശാപം മോതിരം കാണുമ്പോൾ കഴിഞ്ഞുകൊള്ളുമെന്നും.

രാജാ:—(നെടുവീൎപ്പിട്ടു്) ഇതാ, ഞാൻ അപവാദത്തിൽനിന്നു മുക്തനായി!

ശകുന്തള:—(ആത്മഗതം) ഭാഗ്യം, കാരണം കൂടാതെയല്ല ആൎയ്യപുത്രൻ ഉപേക്ഷിച്ചതു്. എന്നെ ശപിച്ചതു ഞാനോൎക്കുന്നില്ലല്ലോ. അഥവാ, വിരഹം നിമിത്തം മനസ്സു കെട്ടിരിയ്ക്കുമ്പോളാവാം, എനിയ്ക്കു ശാപം പററിയതു്. ഇതുകൊണ്ടുതന്നെയായിരിക്കണം 'ഭൎത്താവിനെ മോതിരം കാണിച്ചുകൊള്ളണം' എന്നു സഖിമാർ സാദരം എന്നോടു് എടുത്തു പറഞ്ഞതു്.

കശ്യപൻ:—കുഞ്ഞേ, നിനക്കു പരമാൎത്ഥം മനസ്സിലായല്ലോ. സഹധൎമ്മചാരിയെക്കുറിച്ചു പരിഭവം തോന്നരുത്. നോക്കുക:

ശാപാൽ മറന്ന പരുഷാശയനായ് ഗ്രഹിച്ചു-
തില്ലാ,ന്നവന്ന വരനിൽ സ്ഥിതിയാൻപോയ് നീ;
ബിംബിച്ചിടാ ചളിപിടിച്ചൊരു ദർപ്പണത്തി-
ലൊന്നും; സുഖേന പതിയും തെളിദർപ്പണത്തിൽ. ൯൨.

രാജാ:—തിരുവടി അരുളിച്ചെയ്തതു ശരിതന്നെ.

കശ്യപൻ:— ഉണ്ണീ, ഞങ്ങൾ വിധിപ്രകാരം ജാതകൎമ്മം കഴിച്ച ഈ ശകുന്തളാജാതനായ പുത്രനെ നീ അഭിനന്ദിച്ചില്ലയോ?

രാജാ:—ഭഗവാനേ, ഇവനുകലാണല്ലോ എന്റെ വംശത്തിന്റെ നിലനില്പ്!

കശ്യപൻ:— അപ്രകാരം തന്നെയായിത്തീരാൻ പോകുന്ന ഈ പുത്രൻ ചക്രവൎത്തിയായി വാഴും എന്നു ധരിച്ചാലും. നോക്കുക:

തട്ടാതെ നിഭൃതം ഗമിയ്ക്കുമൊരു തേ-
രേറിസ്സമുദ്രങ്ങൾ പി—
ന്നിട്ടാ ദ്വീപുകളേഴുമപ്രതിരഥൻ
വെല്ലും ധരാമണ്ഡലേ;
സത്വോപദ്രവലാളനേന സൎവ്വദമനാ—
ഖ്യാനം ലഭിച്ചോരിവൻ
വിശ്വത്തിൻ ഭരണത്തിനാൽബ്ഭരതനെ-
ന്നായ് മേലിൽ വിഖ്യാതനാം! ൯൩.

രാജാ:—തിരുവടിയാൽ ജാതകൎമ്മം ചെയ്യപ്പെട്ട ഇവനാൽ എല്ലാം ഞങ്ങൾ ആശംസിയ്ക്കുന്നു.

അദിതി:—ഭഗവാനേ, മകളുടെ ഈ അഭീഷ്ടസിദ്ധിയെ അങ്ങയുടെ പരിചാരകരായ താപസരെ അയച്ചു കണ്വനേയും വിസ്തരിച്ചറിയിക്കണം. മകളിൽ വാത്സല്യമുള്ള മേനക എന്നെ ശുശ്രൂഷിച്ചുകൊണ്ടു ഇവിടെത്തന്നെ താമസിക്കുന്നുണ്ട്.

ശകുന്തള:—(ആത്മഗതം) എന്റെ ആഗ്രഹംതന്നെയാണ് ഭഗവതി അരുളിച്ചെയ്തത്.

കശ്യപൻ:—തപഃപ്രഭാവത്താൽ ഇതൊക്കെയും പ്രത്യക്ഷമാണ് അദ്ദേഹത്തിന്ന്.

രാജാ:—ഇതുകൊണ്ടുതന്നെയായിരിക്കും എന്റെ നേരെ ഗുരു കോപിക്കാഞ്ഞത്.

കശ്യപൻ:—എന്നാലും നാം ഈ സന്തോഷവർത്തമാനം അദ്ദേഹത്തെ അറിയിക്കണം. ആരവിടെ?

ശിഷ്യൻ:—(പ്രവേശിച്ച്) ഭഗവൻ, ഇതാ, ഞാൻ.

കശ്യപൻ:—ഗാലവ, നീ ഇപ്പോൾത്തന്നെ ആകാശമാർഗ്ഗത്തിലൂടെ പോയി, തത്രഭവാൻ കണ്വനെ ഞാൻ പറഞ്ഞതായി സന്തോഷവർത്തമാനം അറിയിക്കുക: 'പുത്രനോടുകൂടിയ ശകുന്തളയെ ആ ശാപത്തിന്നു മോചനം കിട്ടിയപ്പോൾ ഓർമ്മവന്ന ദുഷ്ഷന്തൻ സ്വീകരിച്ചിരിക്കുന്നു' എന്ന്.

ശിഷ്യൻ:—ഭഗവാൻ അരുളിച്ചെയ്യുംപോലെ.

(പോയി)

കശ്യപൻ:—ഉണ്ണീ, നീയും സ്വന്തം പുത്രനോടും ഭാര്യയോടുംകൂടി സ്വഹിതത്തായ ഇന്ദ്രന്റെ രഥത്തിൽക്കയറി രാജധാനിയിലേയ്ക്കു പുറപ്പെട്ടുകൊൾക.

രാജാ:—അരുളിച്ചെയ്യുംപോലെ.

കശ്യപൻ:—

സുരപതി മഴതൂകീടട്ടെ നിൻ നാട്ടുകാൎക്കായ്;—
പ്രഭൂതസുഖമമരന്മാൎക്കേകുകങ്ങും മഖത്താൽ;
യുഗശതമിങ്ങുമട്ടിൽത്തങ്ങളിൽത്താൻ സഹായി-
ച്ചുഭയഭുവന ഭൃതിക്കായ്സ്സുഖം വാഴ്ക നിങ്ങൾ! ൩൪

രാജാ:—ഭഗവാനേ, ഞാൻ ശ്രേയസ്സിനു വേണ്ടി യഥാശക്തി യത്നിച്ചുകൊള്ളാം.

കശ്യപൻ:—എന്തൊരു പ്രിയമാണ് വീണ്ടും നിനക്കു ഞാൻ ചെയ്യേണ്ടത്?

രാജാ:—ഇനിയും നിന്തിരുവടി പ്രസാദിച്ച് എനിക്കു പ്രിയം ചെയ്വാനാഗ്രഹിക്കുന്നുണ്ടെങ്കിൽ, ഇപ്രകാരം ഭവിക്കട്ടെ:

(ഭരതവാക്യം)

* നല്കട്ടേ പ്രകൃതിഹിതം പ്രജാധിനാഥൻ;
തൂകട്ടേ ശ്രുതിസുഖവാണി സൽകവീന്ദ്രർ;
നീക്കട്ടേ ജനിമൃതിദുഃഖ,മാത്മഭൂവാ—
ശ്ശക്ത്യാ ചേൎന്നരുളിന നീലലോഹിതൻ മേ! ൩൫

(എല്ലാവരും പോയി.)

ഏഴാമങ്കം കഴിഞ്ഞു.

---

* പാഠാന്തരം:
നടത്തണം പ്രകൃതിഹിതം പ്രജാധിപൻ;
...സൂരി ഭാരതി;
...ത്മസംഭവൻ
...ല ലോഹിതൻ!

MUL
161642
161642
O5:2D40:1
3232
UNIVERSITY LIBRARY
27 MAR 1954

# ശുദ്ധിപത്രം.

| ഭാഗം | വരി | അശുദ്ധം | ശുദ്ധം |
|---|---|---|---|
| ii | 22 | വിലയടിച്ചൽ | വിലയീടിച്ചൽ |
| vii | 15 | സാനുബന്ധമായ | സാനുബന്ധമായി |
| 1 | 11 | ഇവുട്ടത്തോളം | ഇവിട്ടത്തോളം |
| 8 | 5 | പതച്ചു | ചതച്ചു |
| 10 | 7 | ഉപയോഗിച്ചുവല്ലോ. | നിയോഗിച്ചുവല്ലോ |
| 32 | 10 | പിച്ചകച്ചെടി | പിച്ചകക്കൊടി |
| 36 | 18 | ഇല്ലാശ്രൂയ്യം | ഇല്ലാശ്ചര്യം |
| 46 | 9 | ഉദയക്രിയ | ഉദകക്രിയ |
| 50 | 23 | നിലനിൽത്തുമാറാക്കണം | നിലനിൽത്തുമാറാകണം |
| 59 | 15 | മാതിരിയിരിക്കുന്നു | മാതിരിയിലിരിക്കുന്നു |
| 60 | 17 | ക്കമുദപിതി | കുമുദപതി |
| 62 | 20 | ഭ്രുവിൽ | ഭ്രൂവിൽ |
| 65 | 4 | വിയംവദ | പ്രിയംവദ |
| 69 | 2 | ദ്രമശ്രേണികാം | ദ്രുമശ്രേണികാം |
| 70 | 8 | മന്നേ | മുന്നേ |
| 78 | 22 | കൊണ്ടിക്കുന്നു | കൊണ്ടിരിക്കുന്നു |
| 92 | 2 | പൊരുത്തു | പെരുത്തു |
| 115 | 7 | നിഷ്പലം | നിഷ്ഫലം |
| 121 | 18 | അമാന്യൻ | അമാത്യൻ |
| 141 | 4 | ബലൻ | ബാലൻ |
| 148 | 15 | ചെന്നൊത്തു | ചേർന്നൊത്തു |

UNIVERSITY LIBRARY
27 MAR 1954
MADRAS

17 JUL 1954